# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 29, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--361]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| കൃഷി വകുപ്പ് മന്ത്രി | : 1694 മുതൽ 1783 വരെ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി | : 1784 മുതൽ 1887 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 1888 മുതൽ 1951 വരെ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി | : 1952 മുതൽ 2030 വരെ |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി | : 2031 മുതൽ 2054 വരെ |

**<u>കുണ്ടറ മണ്ഡലത്തിലെ കൃഷിവകുപ്പ് പദ്ധതികൾ</u>**

1694 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തികവർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിൽ കൃഷിവകുപ്പ് അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണ്; എതൊക്കെ പഞ്ചായത്തുകളിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; എത്ര കർഷകരാണ് ഗുണഭോക്താക്കളായിട്ടുള്ളത്; വിശദമാക്കാമോ;

(ബി) നിർമ്മാണത്തിലിരിക്കുന്ന നെടുമ്പന സ്മാർട്ട് കൃഷിഭവന്റെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**<u>സംസ്ഥാനകർഷകരോടുള്ള കേന്ദ്രസർക്കാർ അവഗണനയ്ക്കെതിരേ നടപടി</u>**

1695 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരോടുള്ള കേന്ദ്രസർക്കാരിന്റെ അവഗണന അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ കർഷകർക്കുള്ള ക്ഷേമപദ്ധതികളും സബ്സിഡികളും കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് എന്തു പുതിയ നടപടികളാണ്

സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഓണവിപണിയിലെ പച്ചക്കറിവില നിയന്ത്രണം

1696 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിന് പൊതുവിപണിയിലെ പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിനായി സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കൃഷിവ്യാപനത്തിന് സ്വീകരിച്ച നടപടി

1697 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിവ്യാപനത്തിന് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ;

(ബി) കർഷക ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) കർഷക തൊഴിലാളി ക്ഷേമനിധിക്കുള്ള അപേക്ഷകളിൽ എന്നുവരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കാനായെന്നും മറ്റുള്ളവ എപ്പോൾ പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ;

(ഡി) കേരള ബ്രാൻഡ് മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനത്തിനുള്ള കർമ്മപദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

## സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറിയുല്പാദനം

1698 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറിയുല്പാദനം എത്ര മെട്രിക് ടൺ ആയിരുന്നുവെന്ന് അറിയിക്കാമോ; നിലവിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതെന്ന് അറിയിക്കാമോ;

(സി) എത്ര ശതമാനം പച്ചക്കറി ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ; ഈ പച്ചക്കറിയുടെ ഗുണനിലവാരം സംബന്ധിച്ച പരിശോധനകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനം പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ നടപ്പാക്കിവരുന്ന നൂതനപദ്ധതികൾ എന്തെല്ലാമാണെന്നും അത് എപ്പോൾ മുതൽ നടപ്പിൽ വരുത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## അമേരിക്ക തീരുവ വർദ്ധിപ്പിച്ചതു മൂലം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

1699 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യ - അമേരിക്ക വ്യാപാരക്കരാർ നിലവിൽ വരികയാണെങ്കിൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ സർക്കാർ എന്തെങ്കിലും മുൻകരുതലുകൾ എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ഇന്ത്യയിൽനിന്നുള്ള കയറ്റുമതിക്ക് അമേരിക്ക തീരുവ ചുമത്തിയത് കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിക്ക് അമേരിക്ക തീരുവ ചുമത്തിയത് കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്നത് ലഘൂകരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

## കേരഗ്രാമം പദ്ധതി

1700 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ എത്ര ബ്ലോക്കുകളിൽ ആണ് കേരഗ്രാമം പദ്ധതി നടപ്പാക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഓരോ ജില്ലയിലും ഏതൊക്കെ ബ്ലോക്കുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഓരോ ബ്ലോക്കിലും എത്ര തുക വീതമാണ് ഈ പദ്ധതി പ്രകാരം അനുവദിക്കുന്നത് എന്ന് വിശദമാക്കാമോ?

## കേരഗ്രാമം പദ്ധതി

1701 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരുവിക്കര മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള കേരഗ്രാമം പദ്ധതികളുടെയും കൃഷിസമൃദ്ധി പദ്ധതികളുടെയും വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ നൽകാമോ?

## റംബുട്ടാൻ, ഡ്രാഗൺ ഫ്രൂട്ട് എന്നിവ വിള ഇൻഷുറൻസ് പദ്ധതിയിൽ

1702 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി കൃഷി ചെയ്തുവരുന്ന റംബുട്ടാൻ, ഡ്രാഗൺ ഫ്രൂട്ട് മുതലായവയെ വിള ഇൻഷുറൻസ് പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കേര പദ്ധതി

1703 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**

**ശ്രീ. ടി. ജെ. വിനോദ്**

**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ നവീകരണത്തിനായി കേര (കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി-വാല്യൂ ചെയിൻ മോഡേണൈസേഷൻ ) പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ലോകബാങ്ക് നൽകിയ പണം പൂർണമായും വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ് പദ്ധതി</u>**

1704 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം-പച്ചക്കറി കർഷകരെ സഹായിക്കുന്നതിനായി കാർഷിക വിളകൾക്ക് കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ് എന്ന പേരിൽ അടിസ്ഥാന വില നിശ്ചയിച്ചുകൊണ്ട് നടപ്പാക്കിയിട്ടുള്ള പദ്ധതിയിൽ കൂടുതൽ നാടൻ കാർഷിക വിളകൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>പട്ടാമ്പി മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ പദ്ധതികൾ</u>**

1705 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ 2025 സെപ്റ്റംബർ മാസം വരെയുള്ള കാലയളവിൽ കൃഷിവകുപ്പ് മുഖേന പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദ വിവരങ്ങൾ, അനുവദിച്ച വർഷം, ഫണ്ടിന്റെ സ്വഭാവം, അനുവദിച്ചിട്ടുള്ള തുക, പദ്ധതിയുടെ സ്റ്റാറ്റസ് എന്നിവ വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളിൽ ഏതെങ്കിലും പദ്ധതി റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

**<u>ഹരിതം ഹരിപ്പാട് പദ്ധതി</u>**

1706 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതം ഹരിപ്പാട് പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ പ്രവൃത്തികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) ഒന്നാം ഘട്ട പ്രവർത്തനങ്ങളിൽ ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഇത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) ഹരിതം ഹരിപ്പാട് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഇതിനായി അനുവദിച്ചിട്ടുള്ള തുക

എത്രയാണെന്നും രണ്ടാംഘട്ട പ്രവർത്തനത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

**<u>ഒറ്റപ്പാലം മണ്ഡലത്തിൽ കൃഷിവകുപ്പിന്റെ പ്രവർത്തനങ്ങൾ</u>**

1707 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2022 സാമ്പത്തികവർഷം മുതൽ നാളിതുവരെ ഒറ്റപ്പാലം മണ്ഡലത്തിൽ കൃഷിവകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് ഓരോന്നിനും അനുവദിച്ചിട്ടുള്ള തുക സഹിതം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷത്തിൽ നടത്തിവരുന്നതും ഇനി നടത്താനുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് അനുവദിച്ച തുക സഹിതം വ്യക്തമാക്കാമോ?

**<u>പദ്ധതി ചെലവ്</u>**

1708 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 -17 മുതൽ 2025- 26 വർഷം വരെയുള്ള കൃഷി വകുപ്പിന്റെ പദ്ധതി വിഹിതം എത്ര; ഓരോ സാമ്പത്തിക വർഷത്തേയും പദ്ധതി ചെലവ് എത്ര; പദ്ധതി ചെലവ് കുറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്നിവ വിശദമാക്കാമോ?

**<u>കർഷകർക്ക് ലഭിക്കുന്ന ഡിജിറ്റൽ സേവനങ്ങൾ</u>**

1709 **ശ്രീമതി യു പ്രതിഭ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് കൃഷി വകുപ്പിന്റെ ഡിജിറ്റൽ സേവനങ്ങളും മറ്റ് സേവനങ്ങളും വേഗത്തിൽ ലഭ്യമാക്കുന്നതിനായി പ്രത്യേക സേവന കേന്ദ്രങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ കേന്ദ്രങ്ങളിലൂടെ ലക്ഷ്യമിടുന്ന മറ്റ് കാര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ;

(ബി) കൃഷി വകുപ്പിന്റെ സേവനങ്ങൾ മൊബൈൽ ആപ്ലിക്കേഷനായ കതിർ (കേരള അഗ്രികൾച്ചർ ടെക്നോളജി ഹബ് ആന്റ് ഇൻഫർമേഷൻ റെപ്പോസിറ്ററി) പോർട്ടലിലൂടെയും അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം പോർട്ടലിലൂടെയും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ സേവനം ഡിജിറ്റൽ കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

**<u>കൂൺഗ്രാമം പദ്ധതി</u>**

1710 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലൺഗ്രാമം പദ്ധതിയെപ്പറ്റി വിശദീകരിക്കാമോ; ഏതൊക്കെ നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

**<u>തിരുവമ്പാടി മണ്ഡലത്തി ക്ലൺഗ്രാമം പദ്ധതി</u>**

1711 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ ക്ലൺഗ്രാമം പദ്ധതി എപ്പോൾ തുടങ്ങാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പദ്ധതി പ്രകാരം നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിപാടികൾ വിശദമാക്കുമോ?

**<u>അനുഭവം പദ്ധതി</u>**

1712 **ശ്രീ. എം. എം. മണി**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിഭവനുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി അനുഭവം (അസ്സസ്സെന്റ് ഫോർ നർച്ചറിങ് ആൻഡ് അപ്‌ലിഫ്റ്റിംഗ് ബെനിഫിഷ്യറി ഹാപ്പിനെസ് ആൻഡ് അഗ്രിക്കൾച്ചറൽ വിസിറ്റർ അസ്സെസ്‌മെന്റ് മെക്കാനിസം) എന്ന പേരിൽ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകാമോ;

(ബി) വകുപ്പ് നൽകുന്ന വിവിധ സേവനങ്ങളുടെ നിലവാരം ഉറപ്പാക്കുന്നതിനും ഇതിനായി ഉദ്യോഗസ്ഥരുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രസ്തുത സംരംഭം എത്രത്തോളം സഹായകരമാണെന്ന് വിശദമാക്കാമോ;

(സി) വകുപ്പിൽനിന്നുള്ള സേവനാനുഭവങ്ങൾ വിലയിരുത്തുന്നതിന് ഉതകുംവിധം കാൾ സെന്റർ ഇതിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കേര പദ്ധതി</u>**

1713 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര പദ്ധതിയുമായി ബന്ധപ്പെട്ട് ലോകബാങ്കുമായി നാളിതുവരെ നടത്തിയ ആശയവിനിമയങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വാർത്ത ചോർന്നതിൽ കൃഷിവകുപ്പ് നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>ആനാട് ഗ്രാമപഞ്ചായത്തിലെ കേരഗ്രാമം പദ്ധതി</u>**

1714 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതി നടപ്പാക്കിയതിലൂടെ വാമനപുരം മണ്ഡലത്തിലെ ആനാട് ഗ്രാമപഞ്ചായത്തിന് എന്തു പുരോഗതിയാണ് ഇതുവരെ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) എത്ര തുകയാണ് പ്രസ്തുത പദ്ധതിക്കുവേണ്ടി നാളിതുവരെ ചെലവാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കേരകർഷകർക്കും ഗ്രാമപഞ്ചായത്തുകൾക്കും പ്രയോജനകരമായ പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**കാംകോ ടില്ലർ യൂണിറ്റ്**

1715 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ വലിയവെളിച്ചം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന കാംകോ യൂണിറ്റിൽ ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കൂൺ ഗ്രാമം പദ്ധതി**

1716 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന 'കൂൺ ഗ്രാമം' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**അരൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

1717 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ഫണ്ട് അനുവദിച്ചുവെന്ന് വിശദമാക്കാമോ?

**കേരഗ്രാമം പദ്ധതി**

1718 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മട്ടന്നൂർ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് കേര ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

**നെൽക്കൃഷി പ്രോത്സാഹനത്തിനുമാത്രമുള്ള കാർഷികാഭിവൃദ്ധി ഫണ്ട്**

1719 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷിയെ പ്രോത്സാഹിപ്പിക്കാനായി മാത്രം ഉപയോഗിക്കേണ്ട കാർഷികാഭിവൃദ്ധി ഫണ്ടിൽ എത്ര തുകയാണ് ഇപ്പോൾ ശേഖരിച്ചിട്ടുള്ളത്;

(ബി) കർഷകർക്ക് ബാങ്ക് നടപടിക്രമങ്ങളാൽ തുക കൈവശമാകാൻ സാധാരണ എത്ര ദിവസം വരെ വൈകാറുണ്ട്; വ്യക്തമാക്കാമോ;

(സി) 2025 ജനുവരി 22 മുതൽ ഓഗസ്റ്റ് 22 വരെയുള്ള കാലയളവിൽ കർഷകർക്ക് നൽകേണ്ട നെൽ വില എത്രയാണ്; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സർക്കാർ നെൽക്കർഷകർക്കുള്ള ഉല്പാദന ബോണസായി മുൻകൂർ അനുവദിച്ച തുക എത്രയാണ്; വിശദാംശം നൽകാമോ;

(ഇ) 2017-18 മുതൽ 2024 വരെ നെല്ല് സംഭരിച്ചതിലെ കുടിശികയായി കേന്ദ്രസർക്കാർ കേരളത്തിന് നൽകാനുള്ള തുക ഏകദേശം എത്രയാണ്; വ്യക്തമാക്കാമോ?

## കേര പദ്ധതി

1720 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര പദ്ധതിക്കായി ലോകബാങ്കിൽ നിന്നും ലഭിച്ച ധനസഹായം എത്രയാണ്; പ്രസ്തുത തുക ലഭിച്ചത് എന്നാണ്; ഈ തുക ഏതൊക്കെ ഇനത്തിലാണ് വിനിയോഗിച്ചത്; തുക ചെലവഴിച്ചത് സംബന്ധിച്ച മുഴുവൻ വിശദാംശങ്ങളും രേഖകളും ലഭ്യമാക്കാമോ?

## നെല്ല് സംഭരണത്തിനുള്ള ഓൺലൈൻ കർഷക രജിസ്ട്രേഷൻ

1721 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ ഗുണനിലവാരം പരിശോധിച്ച ശേഷം സംഭരിക്കണമോ വേണ്ടയോ എന്ന് സപ്ലൈകോ തീരുമാനിക്കും എന്ന രീതിയിൽ നെല്ല് സംഭരണത്തിനുള്ള ഓൺലൈൻ കർഷക രജിസ്ട്രേഷൻ അപേക്ഷയിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ കർഷകർക്ക് കൃഷിവകുപ്പ് മുഖേന വിതരണം ചെയ്യുന്ന വിത്തിനങ്ങൾ ഗുണനിലവാരം കുറഞ്ഞതായതിനാൽ ആണ് നെല്ലിന്റെ ഗുണനിലവാരം കുറയുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ കൃഷിവകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയ്ക്ക് നെല്ല് സംഭരിക്കാതെ കർഷകരെ ദ്രോഹിക്കുന്ന നടപടി റദ്ദാക്കുമോ; കർഷകർക്ക് മികച്ച വിത്തിനങ്ങൾ വിതരണം ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ?

## പാലക്കാട് ജില്ലയിലെ ജൈവ നെൽകൃഷി

1722 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ജൈവവള വിതരണത്തിനായി സർക്കാർ ഏത് ഏജൻസികളെയാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ ജൈവ നെൽക്കൃഷി നടത്തുന്ന കർഷകരുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ; ഇവരുടെ ഉല്പന്നം മാർക്കറ്റ് ചെയ്യുന്നതിന് വകുപ്പ് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

## പോഷക സമൃദ്ധി മിഷൻ

1723 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകികൊണ്ടും കാർഷിക പാരിസ്ഥിതിക പ്രശ്നങ്ങൾ അടിസ്ഥാനമാക്കിയും പോഷക പ്രാധാന്യമുള്ള വിളകൾ ഉല്പാദിപ്പിക്കുന്നതിന് പ്രത്യേകമായി പോഷക സമൃദ്ധി മിഷന് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത മിഷൻ രൂപീകരണത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എത്ര കുടുംബങ്ങളെ മിഷന്റെ ഭാഗമാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ; ഇതിനകം എത്ര കുടുംബങ്ങളെ ഇതിന്റെ ഭാഗമാക്കിയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) കാർഷിക, പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി പ്രത്യേകമായി ന്യൂട്രീഷൻ പ്ലേറ്റ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## കോൾ നിലങ്ങളിൽ നിന്നുള്ള നെല്ലിന്റെ വിളവ്

1724 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ നിന്ന് കഴിഞ്ഞ മൂന്നു വർഷം ലഭിച്ച നെല്ലിന്റെ വിളവ് എത്ര വീതമാണെന്ന് വർഷം തിരിച്ച് അറിയിക്കാമോ;

(ബി) വിളവ് ലഭിക്കുന്നതിൽ കാലാകാലങ്ങളിലായി കുറവുണ്ടാകുന്നുണ്ടോ; എങ്കിൽ വിളവ് കുറയുന്നതിനുള്ള കാരണങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) വിളവ് കുറയുന്നതുമൂലം കർഷകർ നിലം തരിശിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## നെൽക്കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

1725 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽക്കർഷകർ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വായ്പയെടുത്ത് ഉല്പാദിപ്പിക്കുന്ന നെല്ല്, സർക്കാർ ഏജൻസികൾ യഥാസമയം ശേഖരിക്കാത്തതുമൂലം കർഷകർക്കുണ്ടാകുന്നതായി പറയപ്പെടുന്ന ഗുരുതര സാമ്പത്തികപ്രശ്നം പരിഹരിക്കാൻ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) സർക്കാർ നെൽക്കർഷകരെ അവഗണിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>നെല്ലിന്റെ വില കർഷകർക്ക് നൽകുന്നതിലുള്ള കാലതാമസം</u>**

1726 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽ കർഷകരിൽ നിന്നും വിവിധ പാടശേഖര സമിതികൾ വഴി സമാഹരിച്ച നെല്ലിന്റെ വില കർഷകർക്ക് നൽകുന്നതിൽ കാലതാമസം സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമാഹരിക്കുന്ന നെല്ലിന്റെ വില കാലതാമസം കൂടാതെ കർഷകർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>കോൾമേഖലയിലെ നെൽ കർഷകരുടെ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് നടപടി</u>**

1727 **ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾമേഖലയിലെ നെൽ കർഷകരുടെ പ്രശ്നങ്ങളും പ്രതിസന്ധികളും പരിഹരിക്കുന്നത് സംബന്ധിച്ച് ബഹു. കൃഷി വകുപ്പ് മന്ത്രി, ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു. ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രി, ബഹു. റവന്യൂ വകുപ്പ് മന്ത്രി എന്നിവരുടെ നേതൃത്വത്തിൽ കർഷകരുമായി ചർച്ച നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ചർച്ചയിൽ കർഷകർ ഉന്നയിച്ച വിഷയങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>നെല്ലിന്റെ താങ്ങുവില</u>**

1728 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ ഓരോ സാമ്പത്തികവർഷവും കേരളത്തിൽ നെല്ലിന്റെ താങ്ങുവില എത്രയായിരുന്നുവെന്നും ഇതിൽ കേന്ദ്ര വിഹിതവും സംസ്ഥാന

വിഹിതവും എത്രയാണെന്നും വ്യക്തമാക്കുമോ?

**<u>പെരിന്തൽമണ്ണ മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി</u>**

1729 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളാണ് മണ്ഡലത്തിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് കേരഗ്രാമം പദ്ധതി ഇതുവരെ നടപ്പാക്കാത്തതെന്നും അവിടെയെല്ലാം പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

**<u>കൂടുതൽ നാളികേര സംഭരണ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടി</u>**

1730 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേണ്ടത്ര നാളികേര സംഭരണ കേന്ദ്രങ്ങൾ ഇല്ലാത്തതു കാരണം നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കൂടുതൽ നാളികേര സംഭരണ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) വെളിച്ചെണ്ണയ്ക്ക് വില വർദ്ധനവ് ഉണ്ടാകുമ്പോൾ അതിന്റെ ഗുണം കർഷകർക്ക് ലഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കുറ്റ്യാടി മണ്ഡലത്തിലെ നാളികേര ഉല്പാദനം</u>**

1731 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി നാളികേരം കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തൃതി, നാളികേരത്തിന്റെ എണ്ണം എന്നിവ സഹിതം നിലവിലെ നാളികേര ഉല്പാദനം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ 40 വർഷങ്ങളിൽ കുറ്റ്യാടി മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി നാളികേരം കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തൃതി, നാളികേരത്തിന്റെ എണ്ണം എന്നിവ സഹിതം നാളികേര ഉല്പാദനത്തിൽ വന്ന മാറ്റങ്ങൾ വ്യക്തമാക്കാമോ?

**<u>നാദാപുരം മണ്ഡലത്തിൽ കേര ഗ്രാമം പദ്ധതി</u>**

1732 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കേരഗ്രാമം പദ്ധതിയിലൂടെ എന്തൊക്കെ ആനുകൂല്യങ്ങളും സഹായങ്ങളുമാണ് കേര കർഷകർക്ക് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ?

## നാളികേര സംഭരണവില ഉയർത്തൽ

1733 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണിയിൽ നാളികേരത്തിനുണ്ടായ വിലവർദ്ധനവിന് അനുസൃതമായി സംഭരണവില ഉയർത്തി കർഷകർക്ക് നൽകുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ; വ്യക്തമാക്കാമോ;

(ബി) 2023 ഒക്ടോബർ മുതൽ നാളിതുവരെ സംഭരിച്ച നാളികേരത്തിന്റെ വില കർഷകർക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നാളികേരത്തിന്റെ തുക നൽകാനുണ്ടെങ്കിൽ അത് എത്ര കർഷകർക്ക് ആണെന്നും തുക നൽകാതിരിക്കാനുള്ള കാരണം എന്താണെന്നും പ്രത്യേകം അറിയിക്കാമോ?

## റബ്ബറിന്റെ താങ്ങുവില

1734 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബറിന്റെ താങ്ങുവില നിലവിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) റബറിന്റെ താങ്ങുവില കിലോയ്ക്ക് 250 രൂപയാക്കും എന്ന വാഗ്ദാനം പാലിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## റബ്ബറിന്റെ തറവിലയും തൊഴിലാളിക്ഷാമവും

1735 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് റബ്ബറിന്റെ തറവില 250 രൂപയായി ഉയർത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ; എത്ര രൂപ നിരക്കിലാണ് ഇപ്പോൾ റബ്ബർ ഷീറ്റ്, റബ്ബർ പാൽ എന്നിവ സംഭരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് റബ്ബർ മേഖലയിൽ തൊഴിലാളികളുടെ ക്ഷാമവും റബ്ബർ വിലയിടിവും വളം വിലയിൽ ഉണ്ടായ വർദ്ധനവും മൂലം റബ്ബർ കൃഷി കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ പത്തുവർഷത്തിൽ റബ്ബർ കൃഷി എത്ര ഹെക്ടർ കുറവ് വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) മലയോര മേഖലകളിൽ വന്യമൃഗ ശല്യം മൂലം ടാപ്പ് ചെയ്യുന്നതിന് ആളുകൾ ഇല്ലാതെ റബ്ബർ കൃഷി ഉപേക്ഷിക്കപ്പെട്ടകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

ഇതു തടയാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

**റബറിന്റെ വില**

1736 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മാസത്തിനിടയിൽ റബ്ബറിന്റെ വിലയിൽ 25 രൂപയിലധികം കുറവുണ്ടായത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) റബ്ബറിന്റെ വിലയിടിവു മൂലം ദുരിതം അനുഭവിക്കുന്ന കർഷകർക്ക് ആശ്വാസം നൽകുന്നതിനായി തറവില ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

**കർഷകർക്ക് നൽകാനുള്ള കുടിശികകൾ**

1737 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും കർഷകർക്ക് നൽകാനുള്ള കുടിശികകൾ ഏതൊക്കെയാണ്; പ്രസ്തുത കുടിശികകൾ നൽകാൻ എത്ര തുക ആവശ്യമാണ്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ?

**മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റി**

1738 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കൈപ്പാട് കർഷകരുടെ കൂട്ടായ്മയായ മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് എന്തൊക്കെ സഹായങ്ങളാണ് വകുപ്പ് നൽകി വരുന്നതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

**സംസ്ഥാന കർഷക അവാർഡ്**

1739 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കർഷക അവാർഡ് ജേതാക്കൾക്ക് കൃഷിവകുപ്പിൽ നിന്നും നൽകുന്ന ക്യാഷ് അവാർഡ് തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; അവാർഡ് തുക കൃത്യമായി നൽകുന്നുണ്ടോ എന്ന് അറിയിക്കാമോ;

(ബി) 2024-25 വർഷത്തെ കർഷക അവാർഡ് ജേതാക്കൾക്ക് സർട്ടിഫിക്കറ്റും മെമന്റോയും നൽകിയെങ്കിലും ക്യാഷ് അവാർഡ് വിതരണം ചെയ്യാത്തിന്റെ കാരണം എന്താണെന്നും എത്ര കർഷകർക്കാണ് ഈ തുക നൽകാനുള്ളതെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത അവാർഡ് തുക എത്രയുംവേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ

1740 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്. പി. ഒ.) പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഊർജ്ജിതപ്പെടുത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

## കൃഷി നശിച്ചതിന് സാമ്പത്തിക സഹായം

1741 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭ, പെരുമ്പഴുതൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ, അതിയന്നൂർ എന്നീ കൃഷി ഭവനുകൾ മുഖേന 2021-2022, 2022-23, 2023-24, 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് കൃഷി നശിച്ചതിന് എത്ര കർഷകർക്ക് സാമ്പത്തികസഹായം നൽകിയിട്ടുണ്ടെന്ന് കൃഷിഭവൻ തിരിച്ച് വിശദമാക്കാമോ?

## കവുങ്ങ് കൃഷിയിലെ രോഗ പ്രതിരോധം

1742 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കവുങ്ങ് കൃഷിയെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നതിനും കീടങ്ങളെ നിയന്ത്രിക്കുന്നതിനും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കുമോ;

(ബി) കവുങ്ങ് കൃഷിയിലെ രോഗപ്രതിരോധത്തിനായി കർഷകർക്ക് ധനസഹായം അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## നേര്യമംഗലം കൃഷിഫാമിലെ വികസന പ്രവർത്തനങ്ങൾ

1743 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേര്യമംഗലം കൃഷിഫാമിൽ നടപ്പാക്കിവരുന്ന വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദവിവരം നൽകാമോ;

(ബി) ഫാമിൽ എത്ര കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വികസന പദ്ധതിയുടെ നിർമ്മാണപുരോഗതി സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ; നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ഫാമിലെ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി അറിയിക്കാമോ?

## നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിന്റെ വികസനം

1744 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിന്റെ വികസനത്തിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഫാമിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## സ്മാർട്ട് കൃഷിഭവനുകൾ

1745 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് കൃഷിഭവനുകൾ വഴി എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര സ്മാർട്ട് കൃഷിഭവനുകളാണ് നിലവിലുള്ളത്; വിശദമാക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിൽ എത്ര സ്മാർട്ട് കൃഷിഭവനുകളാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## തളിപ്പറമ്പ കരിമ്പത്ത് ജില്ലാ കൃഷിഫാമിന്റെ വികസനം

1746 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ കരിമ്പത്ത് സ്ഥിതിചെയ്യുന്ന ജില്ലാ കൃഷിഫാമിന്റെ വികസനത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുകയാണ് അനുവദിച്ചത്; എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചത്; പ്രതിമാസം ഫാം സന്ദർശിക്കുന്നവരുടെ ശരാശരി എണ്ണമെത്ര; വിശദമാക്കാമോ?

## കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ ബണ്ടുകൾ ട്രാക്ടർ റോഡുകളാക്കുന്നതിനുള്ള നടപടി

1747 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ ബണ്ടുകൾ ട്രാക്ടർ റോഡുകളാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ട്രാക്ടർ റോഡുകൾ എല്ലാ ബണ്ടുകളിലും യാഥാർത്ഥ്യമാക്കുന്നതിന് ഒരു പ്രത്യേക പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സാധാരണ ബണ്ടുകളെ ട്രാക്ടർ റോഡുകളായി പരിവർത്തനം ചെയ്യുന്നതിന് ബണ്ടുകളോട് ചേർന്ന ഭാഗങ്ങളിലെ ചെളിയും എക്കലും ഉപയോഗിക്കുന്നത് മൂലം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാതെ ഈ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കാർഷിക വിളകൾക്ക് ഇൻഷ്വറൻസ്

1748 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികവിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; ഏതൊക്കെ വിളകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(ബി) പദ്ധതിയിൽ അംഗമാകാൻ അർഹതയുള്ള കർഷക വിഭാഗങ്ങൾ ഏതൊക്കെയാണെന്നും ഏതൊക്കെ വിഭാഗം ദുരന്തങ്ങൾക്കാണ് നഷ്ടപരിഹാരം നൽകുന്നതെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിരവധി കർഷകർ വിള ഇൻഷ്വറൻസ് പദ്ധതിയിൽ നിന്നും പുറത്തായിട്ടുണ്ടോ; എങ്കിൽ എന്താണ് കാരണമെന്നും ടി കർഷകരെ ഉൾപ്പെടുത്തുന്നതിന് സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ?

## <u>പാലായിൽ ഫുഡ് പാർക്ക്</u>

1749 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനുമായി പാലാ കേന്ദ്രമാക്കി ഫുഡ് പാർക്കുകൾ തുടങ്ങുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ പാലാ നിയോജക മണ്ഡലത്തിലെ കർഷകരുടെ ആവശ്യം പരിഗണിച്ച് ഫുഡ് പാർക്കുകൾ തുടങ്ങുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ഓണക്കാല പച്ചക്കറി ഉല്പാദനം</u>

1750 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഓണക്കാല പച്ചക്കറി ഉല്പാദനം നടത്തിയിട്ടുണ്ടോയെന്നും നടപ്പുവർഷ ഓണക്കാലത്ത് ഉല്പാദിപ്പിച്ചിട്ടുള്ള ഉല്പന്നങ്ങൾ ഏതെല്ലാമെന്നും അവ എത്ര അളവിൽ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## <u>ഹോർട്ടികോർപ്പിലെ പച്ചക്കറി സംഭരണം</u>

1751 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോർട്ടികോർപ്പിൽ തമിഴ്നാട്ടിൽ നിന്നടക്കം പച്ചക്കറി വാങ്ങുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി മാത്രം ഹോർട്ടികോർപ്പിൽ സംഭരിക്കാൻ സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## കുറുപ്പന്തറ കാർഷികസംഘത്തിന് ലഭിക്കാനുള്ള കുടിശിക അനുവദിക്കാൻ നടപടി

1752 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുന്ന വിപണികളെ നോട്ടിഫൈഡ് മാർക്കറ്റുകളാക്കുന്ന നടപടിക്രമം എപ്പോഴാണ് പൂർത്തിയാകുന്നത്; കുറുപ്പന്തറ കാർഷിക സംഘം ഉൾപ്പെടെ മറ്റു കാർഷിക സംഘവിപണികളെ എത്ര സമയത്തിനുള്ളിൽ പദ്ധതിയിൽ ഉൾപ്പെടുത്തും; വിശദമാക്കാമോ;

(ബി) ദൂരപ്രദേശങ്ങളിൽനിന്നും കാർഷികോല്പന്നങ്ങൾ വിപണിയിലേക്ക് എത്തിക്കുന്ന കർഷകർക്ക് ഇപ്പോൾ നൽകിവരുന്ന ട്രാൻസ്പോർട്ടേഷൻ സബ്സിഡിയുടെ പരിമിതികൾ വർദ്ധിപ്പിച്ച് 75 കി.മീ. വരെ പ്രത്യേകം നിരക്കുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ട്രാൻസ്പോർട്ടേഷൻ ചാർജ് സബ്സിഡി, കാർഷിക മൊത്ത വിപണികൾക്കുപുറമേ കാർഷിക സംഘങ്ങളും സഹകരണ സംഘങ്ങളും വഴിയുള്ള കാർഷികോല്പന്ന വില്പനയ്ക്കുംകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഹോർട്ടികോർപ്പിന് സ്ഥിരമായി നൽകിവരുന്ന കാർഷിക ഉല്പന്നങ്ങളുടെ തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറുപ്പന്തറ കാർഷിക സംഘത്തിന്റെ കുടിശിക ഹോർട്ടികോർപ്പിൽനിന്ന് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) പഴവർഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും സംസ്ഥാന കൃഷിവകുപ്പ് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന പദ്ധതിയായ ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ്-എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ന്യൂ ഫ്രൂട്ട് ക്ലസ്റ്റർ 2025-2026 പദ്ധതിയിൽ ഉൾപ്പെടുത്തി അവക്കാഡോ, വാഴ, ഡ്രാഗൺ ഫ്രൂട്ട് പ്ലാവ്, പപ്പായ, പാഷൻ ഫ്രൂട്ട്, പൈനാപ്പിൾ, റംബൂട്ടാൻ എന്നീ ഫലസസ്യങ്ങൾ ഒന്നായോ ഇടകലർന്നോ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന 11 പഞ്ചായത്തുകളെ ഫ്രൂട്ട് ക്ലസ്റ്റർ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? ഇതുസംബന്ധിച്ച് 4/8/2025 ൽ ബഹു. കൃഷി വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(എഫ്) കുറുപ്പന്തറ ജില്ലാ ലേലകേന്ദ്രത്തിന്റെ ഇൻഫ്രാസ്ട്രക്ചർ വികസനത്തിനായി കൃഷിവകുപ്പ് തയ്യാറാക്കി നൽകിയിട്ടുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ അടിയന്തര അടിസ്ഥാനസൗകര്യ വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

## പച്ചക്കറി ഉല്പാദനത്തിന് സ്വീകരിച്ച നടപടി

1753 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പച്ചക്കറി ഉല്പാദനത്തിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ എത്ര ടൺ പച്ചക്കറിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## പൊന്നാനി കോൾ മേഖലയിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) ഫണ്ട് വിനിയോഗം

1754 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) ഫണ്ടുപയോഗിച്ചുള്ള പൊന്നാനി - തൃശ്ശൂർ കോൾ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പൊന്നാനി കോൾ മേഖലയിൽ കഴിഞ്ഞ നാല് വർഷത്തിൽ എത്ര ആർ.കെ.ഐ. ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## നിരണം, പെരിങ്ങര കൃഷിഭവനുകളുടെ നിർമ്മാണം

1755 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിലെ നിരണം, പെരിങ്ങര എന്നീ ഗ്രാമപഞ്ചായത്തുകളിലെ കൃഷിഭവനുകൾ പൊളിച്ചുകളഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പുതിയ കൃഷിഭവനുകൾ നിർമ്മിക്കുവാൻ നൽകിയ തുക അപര്യാപ്തമെന്ന് പി.ഡബ്ല്യു.ഡി. കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ബദൽ നിർമ്മാണ രീതികൾ അവലംബിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## നെയ്യാറ്റിൻകരയിലെ സ്മാർട്ട് കൃഷിഭവൻ നിർമ്മാണം

1756 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭയിൽ അനുവദിച്ച പുതിയ സ്മാർട്ട് കൃഷിഭവൻ നിർമ്മിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; നിർമ്മാണപ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

## തിരുവമ്പാടി കൃഷിഭവൻ കെട്ടിടനിർമ്മാണം

1757 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ധനസഹായത്തിൽ നിർമ്മിക്കുന്ന തിരുവമ്പാടി കൃഷിഭവൻ കെട്ടിട നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇനി എന്തൊക്കെ പ്രവൃത്തികൾ അവശേഷിക്കുന്നു എന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## ചേലാട് സ്റ്റേഡിയം നിർമ്മാണത്തിന് ഭൂമി തരം മാറ്റൽ

1758 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചേലാട് സ്റ്റേഡിയം നിർമ്മാണത്തിന് ഭൂമി തരംമാറ്റുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന് നൽകിയിരിക്കുന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിൽ അടിയന്തരനടപടി സ്വീകരിച്ച് ഭൂമി തരംമാറ്റുന്നതിനുള്ള അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

## <u>കൃഷിഭവനുകൾ ഹൈടെക്ക് ആയി ഉയർത്തുന്നതിനുള്ള ഫണ്ട്</u>

1759 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കൃഷി ഭവനുകൾ ഹൈടെക്ക് ആയി ഉയർത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ കൃഷിഭവനുകൾ ഹൈടെക് ആയി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>അരൂർ മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി കൃഷിഭവൻ നിർമ്മാണം</u>

1760 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. ആസ്തി വികസന പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി കൃഷിഭവൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## <u>നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം</u>

1761 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ഗവൺമെന്റ് ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിൽ നിലവിൽ എത്ര സ്ഥിരം തൊഴിലാളികളാണ് ജോലി ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ എത്ര താത്ക്കാലിക ജീവനക്കാരാണ് ജോലി ചെയ്യുന്നതെന്നും ഇവർ ഓരോരുത്തരും എത്ര വർഷമായി താത്ക്കാലിക ജോലി ചെയ്യുകയാണെന്നും വിശദമാക്കുമോ;

(സി) താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## <u>പാറശ്ശാല മണ്ഡലത്തിൽ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള പദ്ധതികൾ</u>

1762 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല മണ്ഡലത്തിൽ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെറുകിട കർഷക കാർഷികവ്യാപാര കൺസോർഷ്യം (എസ്. എഫ്. എ. സി.) വഴി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകാമോ;

(ബി) പാറശ്ശാല മണ്ഡലത്തിൽ കെ. എൽ. ഡി. സി. (കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ) മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) 2016 മുതൽ 2025 വരെ പാറശ്ശാല മണ്ഡലത്തിൽ കൃഷിവകുപ്പ് മുഖേന ഏതൊക്കെ പദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പദ്ധതിയുടെ പേര്, തുക, എത്ര പേർക്ക് ഇത് പ്രയോജനം ചെയ്തു എന്നുള്ള വിവരങ്ങൾ കൃഷിഭവൻ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കൂൺ കൃഷി

1763 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലം പരിധിയിൽ കൂൺ കൃഷി പ്രോത്സാഹനത്തിനായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കാമോ; വിശദവിവരം നൽകാമോ?

## വടകര മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പാക്കിയ പദ്ധതികളും പ്രവൃത്തികളും

1764 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ കൃഷി വകുപ്പ് വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും നിർമ്മാണ പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇക്കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ചശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇവ ഓരോന്നിനുമായി നീക്കിവച്ചിട്ടുള്ള തുകകൾ എത്രവീതമാണെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽനിന്ന് സാമ്പത്തികസഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ്; ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര, സംസ്ഥാന, തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണ്; വിശദമാക്കാമോ;

(ഇ) ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിനായി കൃഷി വകുപ്പ് ചെലവാക്കിയ ആകെ തുക എത്രയാണെന്ന് വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(എഫ്) ഇക്കാലയളവിൽ നബാർഡ് ഫണ്ടുപയോഗിച്ച് ആകെ എത്ര രൂപയുടെ പ്രവൃത്തികളാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ജി) നബാർഡ് ഫണ്ടിൽ നിന്നും വടകര നിയോജക മണ്ഡലത്തിനായി അനുവദിച്ചിട്ടുള്ള തുകയെത്രയാണ്; ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

**<u>കൈപ്പമംഗലം മണ്ഡലത്തിലെ കാർഷികവികസന പ്രവൃത്തികൾ</u>**

1765 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2025 വരെയുള്ള വർഷങ്ങളിൽ കൈപ്പമംഗലം മണ്ഡലത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>മാവേലിക്കര മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികൾ</u>**

1766 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൃഷി വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ തഴക്കരയിൽ പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന്റെ ഹണി പാർക്കിൽ 2021-22 മുതൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ തൽസ്ഥിതിയും വ്യക്തമാക്കാമോ?

**<u>വേങ്ങേരി കാർഷിക വിപണന കേന്ദ്രം നവീകരിക്കുന്നതിന് നടപടി</u>**

1767 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വേങ്ങേരി കാർഷിക വിപണന കേന്ദ്രം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാർഷിക വിപണന കേന്ദ്രത്തിന്റെ നടത്തിപ്പിന് മാനേജിംഗ് കമ്മിറ്റി നിലവിലുണ്ടോ; എങ്കിൽ അതിന്റെ ഘടന വ്യക്തമാക്കാമോ?

**<u>മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പാക്കിയ കാർഷിക പദ്ധതികൾ</u>**

1768 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ 2021-22 മുതൽ 2025 ഓഗസ്റ്റ് മാസംവരെ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>ആർ. കെ. വി. വൈ. പദ്ധതി</u>**

1769 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ. കെ. വി. വൈ.) പദ്ധതി പ്രകാരം 2.07 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതും സമയബന്ധിതമായി നടപ്പിലാക്കാഞ്ഞതിനാൽ പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുള്ളതുമായ സപ്ലൈ ഇൻസ്റ്റാലേഷൻ ആന്റ് വെർട്ടിക്കൽ ആക്സിയൽ ഫ്ളോ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫോർ ഐക്യസമാജം എന്ന പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) പുതുക്കിയ ഭരണാനുമതി ലഭ്യമായിട്ടും ഈ പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; പുതുക്കിയ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) മൈനർ ഇറിഗേഷൻ തയ്യാറാക്കി കൃഷി വകുപ്പിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടികൾ എന്തെല്ലാമെന്നും ടി നടപടികൾ പുതുക്കി ലഭിച്ച കാലാവധിക്കുള്ളിൽ പൂർത്തിയാക്കി, പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനും പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

## <u>നിലമ്പൂർ മുണ്ടേരി സീഡ് ഫാം തൊഴിലാളികളുടെ സർവീസ് സംബന്ധവിഷയങ്ങൾ</u>

1770 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മുണ്ടേരിയിലുള്ള സർക്കാരിന്റെ വിത്തുകൃഷി തോട്ടം തൊഴിലാളികളുടെ ഗ്രേഡിന് കാഷ്വൽ സർവീസ് പരിഗണിച്ചിരുന്നത് നിർത്തലാക്കിയത് പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മുണ്ടേരി സീഡ് ഫാം തൊഴിലാളികൾക്ക് ലഭിച്ചിരുന്ന 20 കാഷ്വൽ ലീവ് 15 എണ്ണമായി വെട്ടിക്കുറച്ച നടപടി പിൻവലിക്കുമോ;

(സി) മുണ്ടേരി സീഡ് ഫാം തൊഴിലാളികളെ സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) ഫാം തൊഴിലാളികൾക്ക് സർക്കാർ പ്രഖ്യാപിച്ച മുഴുവൻ ഡി.എ. കുടിശികയും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>ദേവികുളം മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ</u>

1771 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിവകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>അതിരപ്പിള്ളി ട്രൈബൽ വാലി കാർഷിക പദ്ധതി</u>

1772 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ട്രൈബൽ വാലി കാർഷിക പദ്ധതി ആരംഭിച്ചതുമുതൽ നാളിതുവരെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര യോഗങ്ങൾ, ഏതൊക്കെ തീയതികളിൽ, എവിടെവെച്ചെല്ലാം ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത യോഗങ്ങളുടെ യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പദ്ധതിയുടെ നോഡൽ ഓഫീസറായിരുന്ന എസ്. എസ്. ശാലുമോനെതിരെയുള്ള പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## നെല്ല് സംഭരണം-ബേബി കമ്മിറ്റി റിപ്പോർട്ട്

1773 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട ബേബി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ എന്തെല്ലാം നിർദ്ദേശങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; റിപ്പോർട്ടിലെ നടപ്പിലാക്കാൻ കഴിയാത്ത വ്യവസ്ഥകൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

## ചങ്ങനാശ്ശേരിയിൽ കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

1774 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ വകുപ്പ് മുഖാന്തരം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## മങ്കട മണ്ഡലത്തിൽ ഹരിത കേരളം പദ്ധതി

1775 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പരിസ്ഥിതി സൗഹൃദ നെൽക്കൃഷി, ജൈവകൃഷി പ്രോത്സാഹനം എന്നിവയ്ക്കായി മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ഡലത്തിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനായി അടുത്ത സാമ്പത്തിക വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) നടപ്പു സാമ്പത്തികവർഷം മങ്കട മണ്ഡലത്തിൽ കൃഷിവകുപ്പ് വിവിധ പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

## <u>കാർബൺ ട്രേഡിങ്ങ്</u>

1776 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർബൺ ട്രേഡിങ്ങിനായി കൃഷിവകുപ്പ് നിയോഗിച്ച കേരള കാർഷിക സർവകലാശാല, കർഷകരുടെ തോട്ടങ്ങളെയും കൃഷിയിടങ്ങളെയും കാർബൺ അവലോകനത്തിൽ നിന്നും ഒഴിവാക്കിയതിലൂടെ കോടികളുടെ നഷ്ടമുണ്ടായത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ സംഭവിച്ചതായി കണ്ടെത്തിയ പിഴവുകളെപ്പറ്റി വിശദവിവരം നൽകാമോ; ഉത്തരവാദികൾക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കാമോ?

## <u>കൂൺഗ്രാമം പദ്ധതി</u>

1777 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ മുഖേന നടപ്പാക്കുന്ന കൂൺഗ്രാമം പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ ഏതൊക്കെ നിയോജക മണ്ഡലങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) കൂൺഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തൊക്കെ സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## <u>സി. ആന്റ് എ. ജി. ഓഡിറ്റ്</u>

1778 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലും അനുബന്ധ സ്ഥാപനങ്ങളിലും സി.ആന്റ് എ. ജി. ഓഡിറ്റ് ഏത് വർഷം വരെ നടന്നിട്ടുണ്ട്; 2016-17 മുതൽ സി. ആന്റ് എ. ജി. നടത്തിയ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ വ്യക്തമാക്കാമോ?

## <u>തളിപ്പറമ്പ് മണ്ഡലത്തില മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ വിവിധ പദ്ധതികൾ</u>

1779 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് മണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ എത്ര തുകയുടെ

പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## കാർഷിക സർവകലാശാല നിയമനങ്ങൾ

1780 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലുമായി 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വന്ന ഒഴിവുകളുടെ എണ്ണമെത്ര; ഇവയിൽ എത്രയെണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിവരം ലഭ്യമാക്കാമോ; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അവ എത്രയെണ്ണമെന്നും റിപ്പോർട്ട് ചെയ്യാത്തതിന്റ കാരണം എന്തെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച് ലഭ്യമാക്കാമോ; ഇവയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണമെത്ര; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടോ; എങ്കിൽ എത്രയെണ്ണമെന്നും റിപ്പോർട്ട് ചെയ്യാത്തതിന്റ കാരണം എന്തെന്നും വ്യക്തമാക്കാമോ;

(സി) കാർഷിക സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിലെ എത്ര ഒഴിവുകൾ ആണ് ബൈട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നീ വിഭാഗത്തിലേക്കുമായി മാറ്റി വെക്കപ്പെട്ടിട്ടുള്ളതെന്ന് എണ്ണം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ 2026 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച് ലഭ്യമാക്കാമോ; ഇവയിൽ എത്ര എണ്ണം ബൈട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നിവക്കായി മാറ്റി വയ്ക്കും എന്നറിയിക്കാമോ;

(ഇ) കാർഷിക സർവകലാശാല 23.08.2025-ഇൽ ചേർന്ന എക്സിക്യൂട്ടീവ് കൗൺസിൽ യോഗത്തിൽ പങ്കെടുത്തവർ ആരൊക്കെ എന്നറിയിക്കാമോ; പ്രസ്തുത യോഗത്തിൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ തീരുമാനങ്ങൾ ആണ് എടുത്തിട്ടുള്ളത് എന്നറിയിക്കാമോ;

(എഫ്) ജി.ഒ.(Ms)നം.56/2025/അഗ്രി എന്ന ഓർഡർ പിൻവലിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് കാർഷിക സർവകലാശാലയിൽ നിന്നും ഗവണ്മെന്റിലേക്ക് ആശയവിനിമയം നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ജി) ജി.ഒ.(Ms)നം.56/2025/അഗ്രി എന്ന ഓർഡർ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ടു കൂടുതൽ പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിനായി സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്നും ആരൊക്കെയാണ് കമ്മിറ്റി അംഗങ്ങൾ എന്നും കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള സമയപരിധി എത്രയാണെന്നും അറിയിക്കാമോ?

## കാർഷിക സർവ്വകലാശാലയിലെ കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള ആഭ്യന്തര നിയമനം

1781 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. വഴിയുള്ള ലോ പെയ്ഡ് എംപ്ലോയീസ് പ്രൊമോഷൻ അല്ലാതെ, സെക്രട്ടേറിയറ്റിന് സമാനമായി സീനിയോറിറ്റി അടിസ്ഥാനത്തിൽ 4 വർഷം പൂർത്തിയായവരിൽ നിന്നും ആഭ്യന്തര നിയമനം അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ സെക്രട്ടേറിയറ്റിന് സമാനമായി 4 വർഷം പൂർത്തിയായ കമ്പ്യൂട്ടർ അസിസ്റ്റന്റുമാരിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് ആഭ്യന്തര നിയമനം നടത്താനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) കാർഷിക സർവ്വകലാശാലയിൽ ഇ-ഓഫീസ് നടപ്പിലാക്കിയ സാഹചര്യത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക് യെല്ലോ പേജ് വഴി ടൈപ്പിംഗ് നടത്തുന്നതിനായി സ്വന്തമായി യൂസർ ഐ.ഡി, പാസ് വേഡ് അനുവദിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാമോ;

(ഡി) ഇല്ലെങ്കിൽ സെക്രട്ടേറിയറ്റിൽ ഉള്ളതിന് സമാനമായി കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക് ഇ-ഓഫീസ് വഴി കത്തുകൾ, നടപടിക്രമങ്ങൾ എന്നിവ ഇ-ഓഫീസിൽ തന്നെ ടൈപ്പ് ചെയ്യുന്നതിനായി യൂസർ ഐ.ഡി, പാസ് വേഡ് എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള, ഒന്നിലധികം കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുള്ള സ്റ്റേഷനുകളിൽ തപാൽ സെക്ഷൻ കൈകാര്യം ചെയ്യാത്ത കമ്പ്യൂട്ടർ അസിസ്റ്റന്റുമാർ ഇ-ഓഫീസ് ഇന്റർഫേസിലൂടെ ടൈപ്പിംഗ് ജോലികൾ നിർവഹിക്കുന്നത് അനുവദനീയമാണോ; ഇല്ലെങ്കിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് മാർക്ക് ഇ-ഓഫീസ് ഇന്റർഫേസിലൂടെ ടൈപ്പിംഗ് ജോലികൾ നിർവഹിക്കുന്നതിന് അനുമതി നൽകുമോ; വ്യക്തമാക്കുമോ?

## കാർഷിക സർവ്വകലാശാലയിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള ക്ഷാമബത്ത, ക്ഷാമാശ്വാസം അനുവദിക്കാൻ നടപടി

1782 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവകലാശാലയിലെ ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ എത്ര ശതമാനം ക്ഷാമബത്തയും ക്ഷാമാശ്വാസവുമാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ;

(ബി) സ.ഉ.(അച്ചടി) നം. 105/2025/ഫിൻ തീയതി 25/08/2025 പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള ക്ഷാമബത്തയും ക്ഷാമാശ്വാസവും കാർഷിക സർവകലാശാല ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) വർദ്ധിപ്പിച്ച നിരക്കിലുള്ള ക്ഷാമബത്തയും ക്ഷാമാശ്വാസവും കുടിശ്ശികയും എപ്പോൾ അനുവദിക്കുമെന്ന് അറിയിക്കാമോ?

## **കാർഷിക സർവ്വകലാശാലയിലെ ജീവനക്കാർക്ക് ഡി.എ. നൽകാൻ നടപടി**

1783 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ച 3% ഡി.എ. കാർഷിക സർവ്വകലാശാലയിലെ ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## **അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള വർദ്ധനവ്**

1784 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ വിവിധ കോഴ്സുകൾ പഠിക്കുന്ന വിദേശ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ദേശീയ-രാജ്യാന്തര റാങ്കിംഗുകളിൽ കേരളത്തിലെ സർവകലാശാലകൾ മികവ് തുടരുന്നതും അന്താരാഷ്ട്ര നിലവാരത്തിൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പാക്കുന്നതും വിദേശത്ത് നിന്നുള്ള അപേക്ഷകർ വർദ്ധിക്കുവാൻ സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ സർവകലാശാലകളിലെ ഗവേഷണ സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയത് വിദേശ വിദ്യാർഥികളെ ആകർഷിക്കുന്നതിന് കാരണമായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കൂടുതൽ വിദേശ വിദ്യാർത്ഥികളെ ആകർഷിക്കാനുതകുന്ന പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## **നാലുവർഷ ബിരുദ കോഴ്സുകൾ**

1785 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച നാലുവർഷ ബിരുദ കോഴ്സുകൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കോഴ്സുകളുടെ സിലബസ് നൂതന വ്യവസായ മേഖലകളുമായി ബന്ധിപ്പിച്ച് തൊഴിൽ നൈപുണ്യം നേടുന്ന രീതിയിൽ രൂപകല്പന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) നാലുവർഷ കോഴ്സുകളുടെ ന്യൂനതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾ

1786 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം ബഹുമതികളും അവാർഡുകളുമാണ് ഈ സർക്കാരിന്റെ കാലത്ത് ഉന്നതവിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## സർക്കാർ - എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ പ്രൊമോഷൻ

1787 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ - എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ പ്രൊമോഷൻ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എ. ഐ. സി. ടി. ഇ. (ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ) റഗുലേഷൻ പ്രകാരവും 2021 -ലെ സർക്കാർ ഉത്തരവു പ്രകാരവും ഫ്ലെക്സിബിൾ പ്രൊമോഷൻ നടത്താൻ ഉത്തരവുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദമായ ഉത്തരവ് പുറപ്പെടുവിക്കാനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഫ്ലെക്സിബിൾ പ്രൊമോഷൻ നടത്താൻ അനുവാദം കൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ വേണ്ട ഉത്തരവിറക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) എ.ഐ.സി.ടി.ഇ. റഗുലേഷൻ പ്രകാരവും ബന്ധപ്പെട്ട സർക്കാർ ഉത്തരവുപ്രകാരവും കേഡർ സ്ട്രക്ച്ചർ നിലനിർത്താൻ നിർദേശമുണ്ടോ;

(എഫ്) എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ കേഡർ പ്രൊമോഷൻ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം പ്രൊമോഷനുകളെ സർവ്വകലാശാല അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പ്രൊമോഷൻ അംഗീകരിക്കാൻ സർവ്വകലാശാലക്ക് നിർദേശം നൽകാമോ;

(ജി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സാങ്കേതിക സർവ്വകലാശാല സർക്കാരിനോട് വിശദീകരണം ചോദിച്ചിരുന്നോ; എങ്കിൽ അതിന് നൽകിയ മറുപടി വ്യക്തമാക്കുമോ; പകർപ്പ് ലഭ്യമാക്കുമോ?

## കലാലയങ്ങളുടെ റാങ്കിങ്ങും അക്രഡിറ്റേഷനും

1788 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജുകളുടേയും സർവകലാശാലകളുടേയും റാങ്കിംഗ്, അക്രഡിറ്റേഷൻ എന്നിവ നേടുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) കലാലയങ്ങളുടെ റാങ്കിംഗ്, അക്രഡിറ്റേഷൻ എന്നിവ മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകാമോ?

## വിദ്യാർത്ഥിനികളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കാൻ നടപടി

1789 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ പെൺകുട്ടികളാണ് അധികമെങ്കിലും തൊഴിൽ ലഭ്യതയിൽ അവർ പിന്നാക്കം പോകുന്ന എന്ന വസ്തുത പഠനവിധേയമാക്കി അവരുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ വനിതാ വിദ്യാർത്ഥികളുടെ നൈപുണ്യശേഷി വികസിപ്പിച്ച് അവരെ തൊഴിൽ മേഖലയ്ക്ക് അനുയോജ്യരാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെൽ

1790 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒരു കുടക്കീഴിലാക്കി സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെൽ രൂപീകരിക്കാൻ ഇടയായതിന്റെ സാഹചര്യം വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷനും അംഗീകാരങ്ങളും നേടിയെടുക്കുന്നതിന് പ്രസ്തുത സെല്ലിന്റെ രൂപീകരണം എപ്രകാരം സഹായകരമാകുമെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് സെല്ലിനു കീഴിൽ വരുന്നതെന്നും സെൽ മുഖേന എന്തെല്ലാം കാര്യങ്ങളാണ് ഏകോപിപ്പിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ അന്താരാഷ്ട്ര ഏജൻസികളുമായി സഹകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## യു. ജി. സി. മാതൃകാ പാഠ്യ പദ്ധതി

1791 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ജി. സി. പുറത്തിറക്കിയ മാതൃകാ പാഠ്യപദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പാഠ്യപദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയ നാലുവർഷ ബിരുദ കോഴ്സ് ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ മേഖലയെ ഏത് രീതിയിൽ ബാധിക്കുമെന്ന്

വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാഠ്യപദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ഉന്നതവിദ്യാഭ്യാസ പ്രവേശനം

1792 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരിൽ നിന്നും സ്ത്രീ - പുരുഷ അനുപാതത്തിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നേട്ടം കൈവരിക്കുന്നതിന് നിലവിലെ വിദ്യാഭ്യാസ നയങ്ങൾ എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസം നേടുന്ന കൂടുതൽ സ്ത്രീകളും തൊഴിൽ രംഗത്തേക്ക് എത്തപ്പെടുന്നില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഉന്നത വിദ്യാഭ്യാസം നേടുന്ന വനിതകൾക്ക് തൊഴിൽ മേഖലയിൽ വിജയം കൈവരിക്കുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുന്നതിന് സഹായങ്ങൾ നൽകുന്നുണ്ടോ; വിശദമാക്കുമോ?

## സർവകലാശാലകളിലെ വിദേശവിദ്യാർത്ഥി പ്രാതിനിധ്യം

1793 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിലെ വിദേശ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം കണക്കാക്കിയിട്ടുണ്ടോ; പ്രസ്തുത വിദ്യാർത്ഥികൾ കൂടുതലായി ആവശ്യപ്പെടുന്ന പഠനമേഖലകൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ സർവകലാശാലകളും വിദേശ സർവകലാശാലകളുമായി അക്കാദമിക് സഹകരണം നേടുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) വിദേശ വിദ്യാർത്ഥി പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖലയിൽ അക്കാദമിക ഗുണമേന്മ ഉറപ്പാക്കുന്നതിനും സിലബസ് പരിഷ്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാര റാങ്കിംഗ്

1794 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനും അക്കാദമിക്ക് മികവിന്റെ അടിസ്ഥാനത്തിൽ റാങ്കിംഗ് ചെയ്യുന്നതിനും സംസ്ഥാനതലത്തിൽ പ്രത്യേകമായ സെന്ററുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആലപ്പുഴ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഏതെല്ലാം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് ഇത്തരത്തിൽ ഗുണനിലവാര റാങ്കിംഗ് ലഭ്യമാക്കിയിട്ടുള്ളതെന്നും ഇതിനായി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത സംവിധാനം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാര വർദ്ധനവിന് ഏതെല്ലാം തരത്തിൽ സഹായകരമാകണമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

## <u>ഒറ്റപ്പാലം മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിയിട്ടുള്ള പ്രവൃത്തികൾ</u>

1795 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഒറ്റപ്പാലം മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിയിട്ടുള്ളതും ഇനി നടത്താനുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയ്ക്ക് അനുവദിച്ചിട്ടുള്ള തുകകൾ എത്രയൊക്കെയാണ്; നിലവിലെ പ്രവൃത്തികളും സ്ഥിതിയും വിശദമാക്കാമോ?

## <u>പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ</u>

1796 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തികവർഷം മുതൽ 2025 സെപ്റ്റംബർ മാസം വരെയുള്ള കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മുഖേന അനുവദിച്ചിട്ടുള്ള പ്രാദേശിക വികസന ഫണ്ടിൽ നിന്നോ ആസ്തി വികസന ഫണ്ടിൽ നിന്നുള്ളതോ അല്ലാത്ത മുഴുവൻ പദ്ധതികളുടെയും അനുവദിച്ച വർഷം, തുക, നിർവ്വഹണ ഏജൻസി, എന്നിവയുടെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## <u>ഉന്നത വിദ്യാഭ്യാസ വകുപ്പുമുഖേന വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ</u>

1797 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന വടകര നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതിയുൾപ്പടെ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ

കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശം അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്രവീതമാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാകുമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ്; ഇവ ഓരോന്നിനും നീക്കി വച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന തദ്ദേശസ്ഥാപന വിഹിതങ്ങൾ എത്രവീതമാണ്; വിശദമാക്കാമോ;

(ഇ) ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പുമുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## <u>ബി.എഡ്. കോളേജുകളുടെ അപര്യാപ്തത</u>

1798 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് ബി.എഡ്. കോളേജുകളുടെ അപര്യാപ്തത പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ പുതിയ ബി.എഡ്. കോഴ്സ് സർക്കാർ തലത്തിൽ ആരംഭിക്കുന്നതിന് നിർദേശമുണ്ടോ; വ്യക്തമാക്കുമോ;

(സി) സർക്കാർ കോളേജുകളിൽ ഐ.റ്റി.ഇ.പി. (ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം) ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്, കൊണ്ടോട്ടിയിൽ നിന്നും പ്രസ്തുത പ്രോഗ്രാമിന് താല്പര്യം പ്രകടിപ്പിച്ച് നൽകിയ നിവേദനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>കോളേജുകളിലെ അധിക അദ്ധ്യാപക തസ്തിക ക്രമീകരിക്കുന്നതിന് നടപടി</u>

1799 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള അധിക അദ്ധ്യാപക തസ്തികകൾ ക്രമീകരിക്കുന്നതിന് എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വിവിധ വിഷയങ്ങളിലെ പി. എസ്. സി. യുടെ അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വിവരാവകാശ നിയമപ്രകാരം നൽകിയ മറുപടിയിൽ അധിക തസ്തികകൾ നിലനിൽക്കുന്നതു മൂലം 2020 നുശേഷം ഒഴിവു വന്ന തസ്തികകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യണമെങ്കിൽ സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണെന്ന് അറിയിച്ചിരുന്നോ;

എങ്കിൽ നയപരമായ തീരുമാനം എടുക്കുവാനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ലിസ്റ്റിലെ ആദ്യ റാങ്കുകാർക്ക് പോലും ജോലി ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ;

(ഡി) നാലുവർഷ ഡിഗ്രി കോഴ്സിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ വേണ്ടി വരുന്ന അധിക അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ഇ) നാലുവർഷ ഡിഗ്രി കോഴ്സുകൾ നടപ്പിലാക്കിയ സാഹചര്യത്തിൽ കോളേജുകളിൽ അദ്ധ്യാപകരുടെ ജോലി ഭാരം വർദ്ധിച്ചതനുസരിച്ച് പുതിയ അദ്ധ്യാപകരെ ഗവൺമെന്റ് കോളേജുകളിൽ പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിനും എയ്ഡഡ് കോളേജുകളിൽ ഇന്റർവ്യൂ നടത്തി നിയമിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) വിവിധ വിഷയങ്ങളിലേക്കുള്ള കോളേജ് അദ്ധ്യാപക പി. എസ്. സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിക്കാറായതിനാൽ അധിക അദ്ധ്യാപക തസ്തികകൾ എന്ന പ്രശ്നം മാറ്റിവെച്ച് റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനം നടത്താൻ എന്തെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ;

(ജി) 2020-ൽ വിവിധ സർക്കാർ കോളേജുകളിൽ പുതുതായി അനുവദിച്ച കോഴ്സുകൾക്ക് നിയോഗിച്ച ഗസ്റ്റ് അദ്ധ്യാപകർക്ക് പകരം പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

## <u>കോമൺ പൂൾ ലൈബ്രേറിയൻ ഗ്രേഡ്-4 നിയമനം</u>

1800 **ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോമൺ പൂൾ ലൈബ്രേറിയൻ ഗ്രേഡ്-4 (നേരിട്ടുള്ള നിയമനം) തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരള സർവകലാശാല വിദൂര വിദ്യാഭാസം വഴി നേടിയ ലൈബ്രറി സയൻസ് ബിരുദം GO(MS) No. 119/2017/H.Edn dated 02.05.2017 എന്ന ഗവൺമെന്റ് ഉത്തരവ് പ്രകാരം കോമൺ പൂൾ ലൈബ്രേറിയൻ ഗ്രേഡ്-4 (നേരിട്ടുള്ള നിയമനം) തസ്തികയിലേക്ക് പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി യോഗ്യത പ്രകാരം കോമൺ പൂൾ ലൈബ്രേറിയൻ ഗ്രേഡ്-4 തസ്തികയിലേക്ക് ജോലി ലഭിച്ചവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കേരള പി. എസ്. സി. കാറ്റഗറി നമ്പർ 490/2022 (കോമൺ പൂൾ ലൈബ്രേറിയൻ ഗ്രേഡ്-4) നിയമനത്തിൽ നിന്ന് കേരള സർവകലാശാല വിദൂര വിദ്യാഭാസം വഴി നേടിയ ലൈബ്രറി സയൻസ് ബിരുദം ആണെന്ന കാരണത്താൽ ഒഴിവാക്കിയതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് നിലവിലുണ്ടോയെന്ന്

അറിയിക്കാമോ; ഉണ്ടെങ്കിൽ കേരള പി.എസ്.സി.യും ഉന്നത വിദ്യാഭ്യാസ വകുപ്പും അതിന്മേൽ എടുത്ത നടപടി ലഭ്യമാക്കാമോ;

(ഡി) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA-1001/2024 തീയതി 25/06/2024 കേസ് നമ്പർ പ്രകാരമുള്ള വിധി 01/07/2025 ന ലഭ്യമാകുകയും വിധി അനുസരിച്ച് വിദൂര വിദ്യാഭാസം വഴി ലൈബ്രറി സയൻസ് ബിരുദം നേടിയവരെയും ലിസ്റ്റുകളിൽ ഉൾപ്പെടുത്തി ഒരു മാസത്തിനകം ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നിർദേശം നൽകിയിരുന്നോ; അതിന്മേൽ പി. എസ്. സി. സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ തസ്തികകൾ

1801 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ പുതുതായി അനുവദിച്ചിട്ടുള്ള കോഴ്സുകളിൽ ഉൾപ്പെടെ എത്ര അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## എയ്ഡഡ് ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം

1802 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവയിൽ ജോലി ചെയ്യുന്ന ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം മാസങ്ങളായി തടസ്സപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അലോട്ട്മെന്റ് ഇല്ലെങ്കിൽ ഗസ്റ്റ് അദ്ധ്യാപകരുടെ വേതന ബിൽ അനുസരിച്ച് ശമ്പളം നൽകേണ്ടതില്ലെന്ന് ട്രഷറി ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അതത് മാസങ്ങളിൽ തന്നെ ഇവരുടെ വേതനം കൃത്യമായി നൽകാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## പുതിയ കോഴ്സുകൾക്കാവശ്യമായ അദ്ധ്യാപക തസ്തികകൾ

1803 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ 2020-ൽ പുതുതായി എത്ര കോഴ്സുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനാവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിശ്ചയിച്ചിരുന്നത്; വ്യക്തമാക്കാമോ;

(സി) എത്ര അദ്ധ്യാപക തസ്തികകൾ ഇനിയും സൃഷ്ടിക്കാനുണ്ട്; ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

## കോളേജ് അദ്ധ്യാപക തസ്തികകൾ

1804 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുനർവിന്യാസത്തിന്റെ പേരിൽ അദ്ധ്യാപക തസ്തികകൾ വെട്ടിച്ചുരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഈ തസ്തികകൾ വെട്ടിക്കുറച്ചിട്ടില്ലെങ്കിൽ ഒഴിവുകൾ വന്ന തസ്തികകൾ നികത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) പുതിയ വിദ്യാഭ്യാസനയം അനുസരിച്ച് കോളേജ് വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് വിവിധ വിഷയങ്ങളിൽ കൂടുതൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## ബി.എഡ്. കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനുള്ള യോഗ്യത

1805 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ബി.എഡ്. കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന്റെ യോഗ്യത യു.ജി.സി. നിഷ്കർഷിക്കുന്ന രീതിയിലേക്ക് മാറ്റുന്നതിനായി സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രസ്തുത തസ്തികകളിൽ പ്രവൃത്തി പരിചയം ഉൾപ്പെടുത്തിയിരിക്കുന്നത് ഒഴിവാക്കി ഭേദഗതി വരുത്തുമോയെന്ന് വിശദമാക്കാമോ?

## കോളേജ് അദ്ധ്യാപക തസ്തികകളുടെ പുന:ക്രമീകരണം

1806 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. യു. എ. ലത്തീഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജ് അദ്ധ്യാപകരുടെ ജോലിഭാരം അവലോകനം ചെയ്ത് തസ്തികകളുടെ എണ്ണം പുന:ക്രമീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തസ്തികകളുടെ പുന:ക്രമീകരണപ്രകാരം അദ്ധ്യാപക തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കൊളീജിയറ്റ് എഡ്യൂക്കേഷൻ വകുപ്പിന് കീഴിലെ ഒഴിവുകൾ സംബന്ധിച്ച്

1807 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊളീജിയറ്റ് എഡ്യൂക്കേഷൻ വകുപ്പിന് കീഴിൽ അസിസ്റ്റന്റ് പ്രൊഫസർ (സുവോളജി) തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കാറ്റഗറി നമ്പർ 295/19 വിജ്ഞാപന പ്രകാരം നിലവിൽ വന്ന അസിസ്റ്റന്റ് പ്രൊഫസർ (സുവോളജി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ഗവൺമെന്റ് കോളേജുകളിലെ യു.ജി., പി.ജി. കോഴ്സുകൾ

1808 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ നിലവിലുള്ള യു.ജി., പി.ജി. കോഴ്സുകൾ ഏതൊക്കെയെന്ന് യൂണിവേഴ്സിറ്റി അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) 2021 മുതൽ പുതുതായി അനുവദിച്ച കോഴ്സുകൾ ഏതൊക്കെ കോളേജിലാണെന്ന് വിശദമാക്കാമോ;

(സി) നാല് വർഷ കോഴ്സുകൾ അനുവദിച്ചത് ഏതൊക്കെ കോളേജുകളിലാണെന്നുള്ള വിവരം യൂണിവേഴ്സിറ്റി തിരിച്ച് ലഭ്യമാക്കാമോ?

## കൊയിലാണ്ടി മണ്ഡലത്തിലെ എസ്. എ. ആർ. ബി. ടി. എം. ഗവൺമെന്റ് കോളേജിലെ ലൈബ്രറി ബ്ലോക്ക് നിർമ്മാണം

1809 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ എസ്. എ. ആർ. ബി. ടി. എം. ഗവൺമെന്റ് കോളേജിൽ ആധുനിക ലൈബ്രറി ബ്ലോക്ക് നിർമ്മിക്കുന്നതിന് 6 കോടി രൂപ അനുവദിച്ചതിനെത്തുടർന്ന് നിർമ്മാണ ചുമതല ഏൽപ്പിച്ച കിറ്റ്കോ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

## കാസർഗോഡ് ജില്ലയിലെ ഗവൺമെന്റ് കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനം

1810 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിലെ ഗവൺമെന്റ് കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) ജില്ലയിലെ ഗവൺമെന്റ് കോളേജുകൾക്ക് ഈ സർക്കാർ അനുവദിച്ച ഫണ്ടുകളുടെ വിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ?

## വൈപ്പിൻ ഗവ. കോളേജിന്റെ പുതിയ കെട്ടിടനിർമാണം

1811 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-2025 ബജറ്റിൽ അടങ്കൽ തുകയായ 6 കോടിയുടെ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് വൈപ്പിന്റെ പുതിയ കെട്ടിട നിർമാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കി ചീഫ് എഞ്ചിനീയർ വഴി കോളേജിയേറ്റ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള 6 കോടി രൂപയുടെ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) തീരദേശ മണ്ഡലമായ വൈപ്പിൻകരയിൽ എൽ. പി. സ്കൂളിനായി പണിത കെട്ടിടത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾ അടിസ്ഥാന സൗകര്യം ഇല്ലാത്തതിനാൽ നേരിടുന്ന പിന്നാക്കാവസ്ഥ കണക്കിലെടുത്ത് കോളേജിന്റെ പുതിയ കെട്ടിടത്തിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് അടിയന്തര ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## ചവറ ബേബി ജോൺ മെമ്മോറിയൽ ഗവ. കോളേജിന്റെ കെട്ടിട നിർമ്മാണം

1812 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ ബേബി ജോൺ മെമ്മോറിയൽ ഗവ. കോളേജിന്റെ കെട്ടിട നിർമ്മാണം നാളിതുവരെ പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവ. കോളേജിലെ കോഴ്സുകൾ

1813 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## നെയ്യാറ്റിൻകര കുളത്തൂർ ഗവ. കോളേജിൽ പുതിയതായി കോഴ്സ്

1814 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗവ. കോളേജിൽ 2025-26 വർഷത്തിൽ പുതിയതായി ഏതെങ്കിലും കോഴ്സ് അനുവദിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം

1815 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>കൊണ്ടോട്ടി ഗവ.കോളേജിനായി സ്ഥലമേറ്റെടുക്കൽ</u>**

1816 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിനായി സ്ഥലമേറ്റെടുക്കാൻ അനുമതിയായിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥലം ആണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനുവേണ്ടി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്നും അവ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>പെരിങ്ങോം ഗവൺമെന്റ് കോളേജിലെ കിഫ്ബി പദ്ധതി</u>**

1817 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

**<u>എസ്. എ. ആർ. ബി. ടി. എം. ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന നടപടി</u>**

1818 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി എസ്. എ. ആർ. ബി. ടി. എം. ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കോഴ്സുകളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

## മൊകേരി ഗവ. കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം

1819 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി ഗവ. കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ടി പദ്ധതിയുടെ ഡി. പി. ആർ. അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## കായിക വിദ്യാഭ്യാസ അദ്ധ്യാപകരുടെ തസ്തിക

1820 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച സർക്കാർ ആർട്സ് &സയൻസ് കോളേജുകളിൽ കായിക വിദ്യാഭ്യാസ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## നിലമ്പൂർ ഗവ. കോളേജിന് സ്ഥലമേറ്റെടുപ്പ്

1821 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവ. കോളേജിനായി സ്ഥലമേറ്റെടുക്കാൻ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപടികൾ തുടങ്ങിയിട്ട് വർഷങ്ങളായിട്ടും ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കി കോളേജിന് പൂർണ്ണസജ്ജമായി പ്രവർത്തനമാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) തടസ്സങ്ങൾ മാറ്റി കോളേജ് പൂർണ്ണസജ്ജമായി പ്രവർത്തനമാരംഭിക്കുന്നതിനും അതുവഴി കോളേജിന് കിട്ടേണ്ട വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ചക്കാലനായർ സമുദായത്തിന് ആർട്സ് ആൻഡ് സയൻസ് കോളേജ്

1822 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്കാല നായർ സമുദായത്തിന് ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ സർക്കാരിൽ ലഭിച്ചത് എന്നാണെന്നും നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിച്ച് നൽകുന്നതിന് പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കോളേജ് അനുവദിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**കോഴിക്കോട് ജില്ലയിൽ റൂസ ഫണ്ട് അനുവദിച്ച കോളേജുകൾ**

1823 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ ഏതെല്ലാം കോളേജുകൾക്കാണ് റൂസ ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) റൂസ ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**ജീവനക്കാർക്ക് നിയമ പഠനം സാധ്യമാക്കാൻ പ്രത്യേക കോഴ്സുകൾ**

1824 **ഡോ. കെ. ടി. ജലീൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ, സർക്കാർ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിയമ പഠനം സാധ്യമാകുന്ന രീതിയിൽ ഗവൺമെന്റ് ലോ കോളേജുകളിൽ എൽ. എൽ. ബി. കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ലോ അക്കാദമി പോലുള്ള സ്ഥാപനങ്ങളിൽ നടന്നുവരുന്ന മാതൃകയിൽ എൽ. എൽ. ബി. സ്പെഷ്യൽ ബാച്ചുകൾ മലബാർ മേഖലയിൽ ഈവനിംഗ് കോഴ്സുകളായി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

1825 **ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**കോളേജുകളിലെയും സർവകലാശാലകളിലെയും അദ്ധ്യാപക-വിദ്യാർത്ഥികളുടെ എണ്ണം**

1826 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ്, ഓട്ടോണമസ് എന്നീ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ വിവിധ പ്രോഗ്രാമുകളിൽ നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം, വിവിധ വിഷയങ്ങളിലെ

അദ്ധ്യാപകരുടെ എണ്ണം എന്നിവ വിഷയാടിസ്ഥാനത്തിൽ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ സർവകലാശാല പഠനവകുപ്പുകളിൽ വിവിധ പ്രോഗ്രാമുകളിൽ നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം, വിവിധ വിഷയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം എന്നിവ വിഷയാടിസ്ഥാനത്തിൽ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

**<u>അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല</u>**

1827 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാലയിൽ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാന നിർമ്മാണത്തിനായി നൂറ് ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് എത്ര തുകയാണ് വിനിയോഗിച്ചതെന്നും പ്രസ്തുത സ്ഥലത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(ബി) ആസ്ഥാന നിർമ്മാണത്തിനായി എത്ര തുകയുടെ അനുമതി ലഭ്യമായിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

**<u>ഐ.എച്ച്.ആർ.ഡി. യുടെ നേതൃത്വത്തിൽ നഴ്സിംഗ് കോളേജുകൾ</u>**

1828 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എച്ച്.ആർ.ഡി. മുഖേന നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) എത്ര നഴ്സിംഗ് കോളേജുകൾ ഇതിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കാമോ;

(സി) ഹരിപ്പാട് മണ്ഡലത്തിൽ ഐ.എച്ച്.ആർ.ഡി.യുടെ നേതൃത്വത്തിൽ നഴ്സിംഗ് കോളേജ് സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>എൻജിനീയറിംഗ് കോളേജുകളിൽ നവീന കോഴ്സുകൾ</u>**

1829 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എൻജിനീയറിംഗ് കോളേജുകളിൽ കാലഘട്ടത്തിനനുസൃതമായി നവീനകോഴ്സുകൾ ആരംഭിച്ച് ഈ മേഖലയിൽ നിലവിലുള്ള പ്രതിസന്ധി പരിഹരിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

**<u>മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്</u>**

1830 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന് പുതിയ അധ്യാപക, അനധ്യാപക തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന് പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; നിലവിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(ഡി) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിനു വേണ്ടി പുതുതായി നിർമ്മിച്ച ക്ലാസ് മുറികൾ അടങ്ങുന്ന കെട്ടിടം നാളിതുവരെ പ്രവർത്തനക്ഷമമാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കെട്ടിടം ഉദ്ഘാടനം ചെയ്യുന്നതിന് നേരിടുന്ന തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

## ചേലാട് പോളിടെക്നിക്കിൽ നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

1831 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ചേലാട് പോളിടെക്നിക് കോളേജിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിൽ പോളിടെക്നിക്ക് കോളേജ്

1832 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിൽ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ;

(സി) കുറ്റിപ്പുറത്ത് പുതിയ പോളിടെക്നിക്ക് കോളേജ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ എ. ഐ. സി. ടി. ഇ.-ക്ക് സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

## വെസ്റ്റ് ഹിൽ പോളിടെക്നിക്കിൽ ഓഡിറ്റോറിയം നിർമ്മാണം

1833 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് വെസ്റ്റ് ഹിൽ പോളിടെക്നിക്കിൽ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള

അപേക്ഷ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

**<u>സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകൾ</u>**

1834 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ ആകെ എത്ര പോളിടെക്നിക് കോളേജുകളാണ് ഉള്ളത്;

(ബി) എയ്ഡഡ് മേഖലയിലും അൺ എയ്ഡഡ് മേഖലയിലും എത്ര പോളിടെക്നിക്കുകൾ ഉണ്ട്;

(സി) ഇവയിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് മറൈൻ എഞ്ചിനീയറിംഗ്, എയർക്രാഫ്റ്റ് മെയിന്റനൻസ് കോഴ്സുകൾ ആരംഭിച്ചിട്ടുള്ളത്;

(ഡി) മറ്റ് പോളിടെക്നിക് കോളേജുകളിലും മറൈൻ എഞ്ചിനീയറിംഗ്, എയർക്രാഫ്റ്റ് മെയിന്റനൻസ് എന്നീ കോഴ്സുകൾ ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

**<u>പേരാമ്പ്ര പോളിടെക്നിക്കിന്റെ നിർമ്മാണ നടപടികൾ</u>**

1835 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 ബജറ്റിൽ 5 കോടി രൂപ അനുവദിക്കുകയും ഒരു കോടി രൂപ വകയിരുത്തുകയും ചെയ്ത പേരാമ്പ്ര പോളിടെക്നിക്കിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി ചങ്ങരോത്ത് പഞ്ചായത്തിന്റെ കൈവശമുള്ള അഞ്ച് ഏക്കർ സ്ഥലം കൈമാറി കിട്ടുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

**<u>ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കാൻ നടപടി</u>**

1836 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച ഏത് രീതിയിൽ പരിഹരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിന് അംഗീകാരം നൽകിയിട്ടുണ്ടോ എന്നും അറിയിക്കാമോ;

(സി) ചോർച്ച പരിഹരിച്ച് പ്ലാനറ്റോറിയം എന്നത്തേക്ക് പൊതുജനങ്ങൾക്ക് തുറന്നുനൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## തിരുവമ്പാടി ഐ. എച്ച്. ആർ. ഡി. കോളേജിലെ പുതിയ കോഴ്സുകൾ

1837 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കോഴ്സുകളിൽ പഠിതാക്കളില്ലാത്തതിനാൽ പ്രതിസന്ധിയിലായ തിരുവമ്പാടി ഐ. എച്ച്. ആർ.ഡി. കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നിർദേശം സമർപ്പിച്ചിട്ടുണ്ടോയെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) സ്ഥാപനം തുടർന്നും നടത്തുന്നതിന് ആവശ്യമായ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഐ. എച്ച്. ആർ. ഡി.

1838 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ. ഡി. യിൽ ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഐ. എച്ച്. ആർ. ഡി. യുടെ ഗവേർണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ പെൻഷൻ പ്രായം ഉയർത്തുന്നതിന് നിർദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് നൽകുമോ;

(സി) ഐ. എച്ച്. ആർ. ഡി. യുടെ നിലവിലെ സാമ്പത്തിക സ്ഥിതി വിശദമാക്കുമോ; സർക്കാരിൽ നിന്നും ഏതൊക്കെ ഇനത്തിൽ ഐ. എച്ച്. ആർ. ഡി. നിലവിൽ സഹായം കൈപ്പറ്റുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ നിലവിൽ എത്ര കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ കോളേജിൽ നിന്നും കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ ലഭിച്ച വരുമാനവും കോളേജ് നടത്തിപ്പിനായുള്ള ചെലവും ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ?

## കെ. ജി. റ്റി. ഇ. (കൊമേഴ്സ്) പരീക്ഷ

1839 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ലെ രണ്ടാമത്തെ കെ. ജി. റ്റി. ഇ. (കൊമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ്, ഷോർട്ട്ഹാന്റ് പരീക്ഷകളുടെ വിജ്ഞാപനം എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും, ഈ വർഷത്തെ രണ്ടാമത്തെ പരീക്ഷ എന്ന് നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) കോവിഡ് കാലത്തിന് മുൻപ് നിലനിന്നിരുന്ന രീതിയിൽ വർഷത്തിൽ രണ്ട് കെ. ജി. റ്റി. ഇ. (കൊമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷ ഈ വർഷം മുതൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) കെ. ജി. റ്റി. ഇ. (കൊമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്കായി സർട്ടിഫിക്കറ്റുകൾ പി. ഡി. എഫ്. ആയി സൈറ്റിൽ അപ്‌ലോഡ്

ചെയ്ത് ഓൺലൈനായി അപേക്ഷിച്ചതിനുശേഷം അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ (ഹാർഡ് കോപ്പി) പരീക്ഷാ ഭവനിൽ ലഭ്യമാക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി കാലോചിതമായ പരിഷ്കരണം നടത്തുന്നതിന് പരീക്ഷാഭവൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) 28.05.2025 ൽ പുതുക്കിയ സിലബസ് പ്രകാരമുള്ള കെ. ജി. റ്റി. ഇ. (കൊമേഴ്സ് ഗ്രൂപ്പ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷ എന്നു മുതൽ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) കെ. ജി. റ്റി. ഇ. (കൊമേഴ്സ് ഗ്രൂപ്പ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ 28.05.2025ൽ പുതുക്കിയ സിലബസിൽ ടൈപ്പ് റൈറ്റിംഗ് മെഷീനിലുള്ള പരീക്ഷ ഒഴിവാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുമോ; ഒഴിവാക്കിയിട്ടില്ലെങ്കിൽ ടൈപ്പ് റൈറ്റിംഗ് മെഷീനിലുള്ള പരീക്ഷ എങ്ങനെ നടത്തുന്നതിനാണ് പുതിയ സിലബസ് പ്രകാരം നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) 2025 മെയ് മാസം നടന്ന കെ. ജി. റ്റി. ഇ. (കൊമേഴ്സ് ഗ്രൂപ്പ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ ഫലം എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ജി) കെ. ജി. റ്റി. ഇ. (കൊമേഴ്സ് ഗ്രൂപ്പ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ ഫലം സമയബന്ധിതമായി പ്രസിദ്ധപ്പെടുത്തുന്നതിന് കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനം (Centralised Valuation) ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ടെക്നിക്കൽ സ്കൂളുകളിൽ ഹയർ സെക്കണ്ടറി സംവിധാനം

1840 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്നിക്കൽ സ്കൂളുകളിൽ ഇപ്പോൾ ഹയർ സെക്കണ്ടറി സംവിധാനം നിലവിലുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകളിലാണെന്ന് വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം സ്കൂളുകളിൽ ഹയർ സെക്കണ്ടറി വിഭാഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിട നിർമ്മാണം

1841 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസലിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിന് തത്തുല്യമായി അംഗീകരിച്ച കോഴ്സുകൾ

1842 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിന് തത്തുല്യമായി ഏതൊക്കെ കോഴ്സുകൾക്ക് (ബിരുദാനന്തര ബിരുദം/ബിരുദം/പി.ജി. ഡിപ്ലോമ/ഡിപ്ലോമ/സർട്ടിഫിക്കറ്റ്/ടൈപ്പ്റൈറ്റിംഗ്/മറ്റ് കോഴ്സുകൾ) കേരള പി. എസ്. സി. അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അപ്രകാരം അംഗീകാരം നൽകികൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ സ്ഥാപനങ്ങൾ/കോഴ്സുകൾ/കാലാവധി എന്നിവ സഹിതം വിശദമാക്കുമോ;

(സി) കെ. ജി. ടി. ഇ. ടൈപ്പ്റൈറ്റിംഗിൽ നടത്തുന്ന കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് (ലോവർ/ഹയർ) - ന് തത്തുല്യമായി ഏതൊക്കെ കോഴ്സുകൾക്ക് (ബിരുദാനന്തര ബിരുദം/ബിരുദം/പി.ജി. ഡിപ്ലോമ/ഡിപ്ലോമ/സർട്ടിഫിക്കറ്റ്/മറ്റ് കോഴ്സുകൾ) കേരള പി. എസ്. സി. അംഗീകാരം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; ഉത്തരവുകളുടെ പകർപ്പുകൾ സ്ഥാപനങ്ങൾ/കോഴ്സുകൾ/കാലാവധി എന്നിവ സഹിതം ലഭ്യമാക്കുമോ?

## സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമനം

1843 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷകളിൽ എത്രയെണ്ണമാണ് ഇനി തീർപ്പാക്കാനുള്ളതെന്ന് അറിയിക്കാമോ; ഇതുവരെ ലഭിച്ച അപേക്ഷയിൽ നിയമനം നൽകാൻ സാധിച്ചുവെന്നും നടപ്പുസാമ്പത്തിക വർഷം എത്ര ഒഴിവുകളാണ് പ്രതീക്ഷിക്കപ്പെടുന്നതെന്നും വ്യക്തമാക്കാമോ;

(ബി) എൻടി കേഡറിൽ പുതിയ തസ്തികകൾ നിർണ്ണയിക്കുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## സർവ്വകലാശാല പഠനവകുപ്പുകളിലെ അദ്ധ്യാപകരുടെ ശമ്പള സംരക്ഷണം

1844 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് കോളേജുകളിലെ അധ്യാപക തസ്തികകളിൽ നിന്നും വിടുതൽ ചെയ്ത ശേഷം സർവ്വകലാശാല പഠനവകുപ്പുകളിൽ അധ്യാപകരായി ജോലിയിൽ പ്രവേശിച്ചവർക്ക് അവരുടെ സർക്കാർ/എയ്ഡഡ് കോളേജ് സേവന കാലയളവിലെ ശമ്പളം സംരക്ഷിച്ചു നല്കാറുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ശമ്പള സംരക്ഷണം അനുവദിക്കുമ്പോൾ പ്രസ്തുത അദ്ധ്യാപകർ സർവ്വകലാശാലയിൽ ജോലിയിൽ പ്രവേശിച്ച അധ്യാപക തസ്തികയുടെ ശമ്പള സ്കെയിലിന്റെ പരമാവധിയിൽ കൂടുതൽ തുക ശമ്പളമായി ലഭിക്കുന്ന സാഹചര്യം ഉണ്ടാകാറുണ്ടോ; വിശദമാക്കാമോ;

(സി) അപ്രകാരം തങ്ങളുടെ തസ്തികയുടെ ശമ്പള സ്കെയിലിന്റെ പരമാവധിയിൽ കവിഞ്ഞ് ശമ്പള സംരക്ഷണം അനുവദിക്കപ്പെട്ട, സർവീസിൽ നിന്നും

വിരമിച്ചവരുൾപ്പെടെയുള്ള മുഴുവൻ അദ്ധ്യാപകരുടെയും വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രവേശന തസ്തികയുടെ ശമ്പള സ്കെയിലിന്റെ പരമാവധിയിൽ കവിഞ്ഞ് ശമ്പള സംരക്ഷണം അനുവദിക്കുന്നതിനാധാരമായ സർവ്വകലാശാല ചട്ടങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) അധ്യാപകർക്ക് ശമ്പള സംരക്ഷണം അനുവദിച്ചതുമായി ബന്ധപ്പെട്ട് ആഡിറ്റ് പരിശോധനയിൽ തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത ആഡിറ്റ് പരാമർശങ്ങൾ നീക്കാത്തതു മൂലം വിരമിച്ച അധ്യാപകരുടെ പെൻഷൻ ആനുകൂല്യങ്ങൾ പൂർണമായും അനുവദിക്കാത്ത സാഹചര്യം ഉണ്ടോ; എങ്കിൽ സർവ്വീസിൽ നിന്നും വിരമിച്ച ശേഷം ഇതുമൂലം പെൻഷൻ ആനുകൂല്യങ്ങൾ പൂർണമായി അനുവദിക്കാൻ ബാക്കിയുള്ള അധ്യാപകരുടെ വിശദാംശം ലഭ്യമാക്കാമോ;?

## സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങൾ

1845 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക നിയമനങ്ങൾ നടത്തുന്നതിന് സർവ്വകലാശാലയിലെ എല്ലാ പഠന വകുപ്പുകളെയും ഒറ്റ യൂണിറ്റായി പരിഗണിക്കണമെന്ന് നിഷ്കർഷിക്കുന്ന "ദ യൂണിവേഴ്സിറ്റി ലോസ്(രണ്ടാം ഭേദഗതി) ആക്ട്-2014" പ്രാബല്യത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ സർവ്വകലാശാലകളിൽ വിവിധ അദ്ധ്യാപക തസ്തികകളിലേയ്ക്ക് സ്ഥിരനിയമനം നല്കിയതിന്റെ വിശദാംശങ്ങൾ പഠനവകുപ്പ്, തസ്തിക എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയമനങ്ങൾക്ക് അവലംബിച്ച സംവരണക്രമം, റൊട്ടേഷൻ ചാർട്ടിന്റെ പകർപ്പുകൾ, പ്രസ്തുത തസ്തികകളുടെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററുകളുടെ പകർപ്പുകൾ എന്നിവയും ലഭ്യമാക്കാമോ; വിശദമാക്കാമോ?

## സർവ്വകലാശാല അധ്യാപക തസ്തികകളിലെ ബാക്ക് ലോഗ് ഒഴിവുകൾ

1846 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാല പഠനവകുപ്പുകളിലെ അധ്യാപക തസ്തികകളിൽ വിവിധ സംവരണ വിഭാഗങ്ങൾക്ക് 01.01.1985-ന് ശേഷം നിലവിൽ വന്ന ബാക്ക് ലോഗ് ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ബാക്ക് ലോഗ് ഒഴിവുകൾ സൃഷ്ടിക്കപ്പെട്ട തീയതി, ഓരോ സംവരണ വിഭാഗത്തിനും വിവിധ പഠനവകുപ്പുകളിലായി എത്ര വീതം ബാക്ക് ലോഗ് ഒഴിവുകൾ നിലവിലുണ്ടായിരുന്നുവെന്നും പ്രസ്തുത ഒഴിവുകളിൽ നിയമനം നല്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ സർവ്വകലാശാല പഠനവകുപ്പുകളിലെ അധ്യാപക തസ്തികകളിൽ വിവിധ സംവരണ വിഭാഗങ്ങൾക്ക് നിലവിലുള്ള ബാക്ക് ലോഗ് ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; വിവിധ സംവരണ വിഭാഗങ്ങൾക്ക് ഓരോ

പഠനവകുപ്പുകളിലും എത്ര വീതം ബാക്ക് ലോഗ് ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നികത്താനായി സർവ്വകലാശാലകൾ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) അധ്യാപക തസ്തികകളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് എത്ര ബാക്ലോഗ് ഒഴിവുകൾ ഓരോ പഠനവകുപ്പുകളിലും നിലവിലുണ്ടെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

## ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികവിന്റെ കേന്ദ്രങ്ങൾ

1847 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആരംഭിച്ചിട്ടുള്ള മികവിന്റെ കേന്ദ്രങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഈ വർഷം കൂടുതലായി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച രൂപരേഖ വിശദമാക്കാമോ;

(ഡി) മികവിന്റെ കേന്ദ്രങ്ങളും സംസ്ഥാനത്തെ പൊതു സർവകലാശാലകളുമായി ഏത് തരത്തിലുള്ള അക്കാദമിക് സഹകരണമാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കോളേജ് അധ്യാപകർക്ക് പി. എച്ച്.ഡി. ഗൈഡ്

1848 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ്, കേരള, എം. ജി സർവകലാശാലകളിൽ പി.ജി. ഇല്ലാത്ത വകുപ്പുകളിൽ ഡിഗ്രി പഠിപ്പിക്കുന്ന കോളേജ് അധ്യാപകർക്ക് പി. എച്ച് .ഡി. ഗൈഡ് ഷിപ്പ് അനുവദിക്കുന്നുണ്ടോ;

(ബി) കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ മേൽപറഞ്ഞ വിഭാഗത്തിൽപ്പെട്ട അധ്യാപകർക്ക് ഗൈഡ് ഷിപ്പ് അനുവദിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ണൂർ സർവ്വകലാശാല, സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിൽ നിന്നും വ്യത്യസ്തമായ നിലപാട് കൈകൊള്ളാൻ കാരണമെന്താണ്; നിലപാട് പുന:പരിശോധിക്കാൻ സർവ്വകലാശാലയോട് ആവശ്യപ്പെടുമോ;

(സി) കാലിക്കറ്റ് സർവകലാശാല യൂണിവേഴ്സിറ്റിയിലെ കരാർ അധ്യാപകർക്കും സ്വാശ്രയ കോളേജ് അധ്യാപകർക്കും ഗൈഡ്ഷിപ്പ് അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഷയത്തിൽ നിയമന, സേവന, വേതന വ്യവസ്ഥയിൽ വ്യത്യാസമില്ലാത്ത ഡിഗ്രി പഠിപ്പിക്കുന്ന അധ്യാപകർക്കും പി.ജി. ഉള്ള വകുപ്പിലെ അധ്യാപകർക്കും തമ്മിൽ കണ്ണൂർ സർവ്വകലാശാലയിൽ മാത്രമായി പ്രത്യേക നിബന്ധന

കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അതെന്ന് വ്യക്തമാക്കുമോ?

## 4 വർഷ ബിരുദ കോഴ്സുകളുടെ സിലബസ്

1849 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പിലാക്കിയ 4 വർഷ ബിരുദ കോഴ്സുകളുടെ സിലബസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) കേരള സർവകലാശാലയുടെ 4 വർഷ ബി. എ. ഇംഗ്ലീഷ് കോഴ്സിന്റെ ഒന്നാം സെമസ്റ്ററിൽ കവി പാബ്ലോ നെരൂദയുടെ കവിതയെന്ന പേരിൽ പഠിക്കാനുണ്ടായിരുന്നത് എ. ഐ. ജനറേറ്റഡ് വ്യാജ കവിതയാണ് എന്നത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

(സി) മേലിൽ ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## എ. കെ. ജി. സെന്ററിന്റെ നിർമ്മാണത്തിന് കേരള സർവകലാശാലയുടെ ഭൂമി

1850 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.കെ.ജി. സെന്ററിന്റെ നിർമ്മാണത്തിന് കേരള സർവകലാശാലയുടെ ഭൂമി അനുവദിച്ചു കൊണ്ടുള്ള 1977-ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സർക്കാർ അനുവദിച്ച ഭൂമിക്ക് പുറമേ കേരള സർവകലാശാലയും ഭൂമി അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ഏത് തീയതിയിൽ നടന്ന സിൻഡിക്കേറ്റും സെനറ്റുമാണ് എ. കെ. ജി. സെന്ററിന്റെ ആവശ്യത്തിന് അധികമായി ഭൂമി അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; എത്ര സെന്റ് ഭൂമിയാണ് അനുവദിച്ചതെന്ന വിവരവും പ്രസ്തുത തീരുമാനങ്ങളുടെ പകർപ്പും ലഭ്യമാക്കാമോ;

(സി) നിലവിൽ എ. കെ. ജി. സെന്ററിന്റേതായി എത്ര സെന്റ് ഭൂമി കൈവശം വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭൂമിക്ക് തണ്ടപ്പേരും പട്ടയവും ലഭിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുമോ?

## സർവകലാശാല പഠനവകുപ്പുകളിലെ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം

1851 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ/എയ്ഡഡ് കോളേജുകൾ, മറ്റു സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ മുൻകാല സേവനം കണക്കിലെടുത്ത് സർവ്വകലാശാലകളിലെ അധ്യാപകർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം (സി.എ.എസ്.) അനുസരിച്ചുള്ള സ്ഥാനക്കയറ്റം അനുവദിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) 01.01.2006 മുതൽ ഇപ്രകാരം അധ്യാപകർക്ക് സി.എ.എസ് പ്രമോഷൻ അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത അധ്യാപകരുടെ പേര്, സർവ്വകലാശാല പഠനവകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതി, തസ്തിക, പ്രമോഷൻ അനുവദിച്ച തീയതി, തസ്തിക, മുൻകാല സേവനത്തിന്റെ വിശദാംശങ്ങൾ എന്നിവയും ലഭ്യമാക്കാമോ;

(സി) സർവ്വകലാശാല പഠനവകുപ്പുകളിലെ അധ്യാപകർക്ക് സർവകലാശാല ആക്റ്റ്, സ്റ്റാറ്റ്യൂട്ട്, യു.ജി.സി റെഗുലേഷൻസ് എന്നിവയോടൊപ്പം കെ.എസ്.ആർ, കെ.എസ് & എസ്.എസ്.ആർ എന്നിവയിലെ വ്യവസ്ഥകളും ബാധകമാണോയെന്ന് വ്യക്തമാക്കാമോ;d;

(ഡി) സർവകലാശാല പഠനവകുപ്പുകളിലെ അധ്യാപക തസ്തികകളിലെ പ്രൊബേഷൻ കാലയളവ് എത്ര വർഷമാണ്; പ്രൊബേഷൻ പൂർത്തീകരിച്ച തീയതിക്ക് മുമ്പേയുള്ള തീയതി പ്രാബല്യം നല്കി ഏതെങ്കിലും അധ്യാപകർക്ക് സ്ഥാനക്കയറ്റം (കരിയർ അഡ്വാൻസ്മെന്റ് സ്കീം അനുസരിച്ചുള്ളത്) അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രൊബേഷൻ പൂർത്തീകരിച്ച തീയതിക്ക് മുമ്പേയുള്ള തീയതി പ്രാബല്യം നല്കി അധ്യാപകർക്ക് സ്ഥാനക്കയറ്റം അനുവദിച്ചതുമായി ബന്ധപ്പെട്ട് ആഡിറ്റ് പരിശോധനയിൽ തടസവാദങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത ആഡിറ്റ് പരാമർശങ്ങൾ നീക്കാത്തതുമൂലം വിരമിച്ച അധ്യാപകരുടെ പെൻഷൻ ആനുകൂല്യങ്ങൾ പൂർണമായും അനുവദിക്കാത്ത സാഹചര്യം തുടർന്ന് വരുന്നുണ്ടോയെന്ന് വിശദമാക്കാമോ; ആഡിറ്റ് തടസവാദങ്ങൾ നിലനില്ക്കുന്നത് മൂലം പെൻഷൻ ആനുകൂല്യങ്ങൾ പൂർണമായി അനുവദിക്കാൻ ബാക്കിയുള്ള, സർവ്വീസിൽ നിന്നും വിരമിച്ച, അധ്യാപകരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; വിശദമാക്കാമോ?

## പ്ലാൻ ഗ്രാന്റ്, നോൺ-പ്ലാൻ ഗ്രാന്റ്

1852 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് പ്ലാൻ, നോൺ-പ്ലാൻ ഗ്രാന്റിനങ്ങളിൽ 2024- 25 വർഷം സംസ്ഥാന ബഡ്ജറ്റിൽ നീക്കിവെച്ചിരുന്ന തുക എത്രവീതമാണ്; അതിൽ എത്ര തുക ഓരോ സർവ്വകലാശാലകൾക്കും അനുവദിച്ചു; വ്യക്തമാക്കാമോ;

(ബി) 2025-26 വർഷത്തിലെ ബജറ്റിൽ സംസ്ഥാനത്തെ ഓരോ സർവ്വകലാശാലകൾക്കും പ്ലാൻ, നോൺ-പ്ലാൻ ഗ്രാന്റിനത്തിൽ എത്ര രൂപവീതം വക കൊള്ളിച്ചിട്ടുണ്ട്; അതിൽ എത്ര തുക ഓഗസ്റ്റ് മാസം വരെ അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ?

## കേരള, കാലിക്കറ്റ് സർവകലാശാലകളുടെ ഭൂമി പാട്ട തുക

1853 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലയുടെ 37 ഏക്കർ ഭൂമി, പാട്ട വ്യവസ്ഥയിൽ ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നിർമാണത്തിന് വിട്ടുകൊടുത്തതിൽ നാളിതുവരെ എത്ര രൂപ പാട്ട കുടിശ്ശിക ഇനത്തിൽ സർവ്വകലാശാലയ്ക്ക് ലഭിക്കാനുണ്ട്; പാട്ട തുക ലഭിക്കുന്നതിന് സർവകലാശാല സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കാലിക്കറ്റ് സർവകലാശാലയുടെ ഭൂമിയും സ്വകാര്യ ഏജൻസിയുമായി ചേർന്ന് സ്റ്റേഡിയം നിർമ്മാണത്തിന് വിട്ടുകൊടുക്കുവാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് കായിക വകുപ്പിന് കിഫ്ബി ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ അനുവദിച്ചു;

(ഡി) സർവ്വകലാശാല ഭൂമി സ്റ്റേഡിയം നിർമ്മാണത്തിന് വിട്ടുനൽകുന്നതിന് കാലിക്കറ്റ് സർവ്വകലാശാലയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; അനുമതി ലഭിക്കാതെ സർക്കാരും കായിക വകുപ്പും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>സർവകലാശാല പഠനവകുപ്പുകളിൽ പുതുതായി ആരംഭിച്ച പ്രോഗ്രാമുകൾ</u>

1854 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 - 21 അക്കാദമിക വർഷം മുതൽ സർവകലാശാല പഠനവകുപ്പുകളിൽ (സ്വാശ്രയ വകുപ്പുകളിലുൾപ്പെടെ) പുതുതായി ആരംഭിച്ച വിവിധ യു. ജി. , പി. ജി.. ഇന്റഗ്രേറ്റഡ് പി. ജി., സർട്ടിഫിക്കറ്റ്, ഡിപ്ലോമ പ്രോഗ്രാമുകളുടെ വിശദാംശവും അവയുടെ ഓരോ ബാച്ചിലും പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണവും പ്രോഗ്രാം, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രോഗ്രാമുകളുടെ ഭാഗമായി നിയമിതരായ താൽക്കാലിക അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങളും അവർക്ക് നാളിതുവരെ ഓരോ സാമ്പത്തിക വർഷവും വേതനമായി ആകെ അനുവദിച്ച തുകയും ലഭ്യമാക്കാമോ?

## <u>സർവ്വകലാശാലകളിലെ ബിരുദ പഠനം</u>

1855 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മുതൽ നാളിതുവരെയുള്ള ഓരോ അദ്ധ്യയനവർഷത്തിലും കേരളത്തിലെ സർവ്വകലാശാലകളിൽ എത്ര വിദേശവിദ്യാർത്ഥികളാണ് വിവിധ കോഴ്സുകളിലേക്ക് അപേക്ഷിച്ചിട്ടുള്ളതെന്ന് സർവ്വകലാശാല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ വർഷങ്ങളിൽ എത്ര വിദേശ വിദ്യാർത്ഥികൾക്കാണ് അഡ്മിഷൻ ലഭിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ സർവ്വകലാശാല, കോഴ്സ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) 2022 മുതൽ നാളിതുവരെയുള്ള ഓരോ അദ്ധ്യയന വർഷത്തിലും കേരള, എം.ജി., കണ്ണൂർ, കാലിക്കറ്റ് എന്നീ സർവ്വകലാശാലകളിൽ ബിരുദ പഠനത്തിന് എത്ര സീറ്റാണ് ഉള്ളതെന്നും ഇവയിൽ എത്ര സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) സാങ്കേതിക സർവ്വകലാശാലയിൽ എത്ര എൻജിനീയറിങ് സീറ്റുകളാണ് ബിരുദ പഠനത്തിന് ഉള്ളതെന്നും ഇവയിൽ 2022 മുതൽ എത്ര സീറ്റുകളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്നും കീമിൽ യോഗ്യരാകാത്ത എത്ര കുട്ടികളാണ് അഡ്മിഷൻ നേടിയതെന്നും വ്യക്തമാക്കാമോ?

## ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ ക്രമക്കേട്

1856 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലെ നടത്തിപ്പ്, ഫീസ് പിരിവ് എന്നിവയിലടക്കം ഗുരുതര ക്രമക്കേട് നടന്നുവെന്ന ഓഡിറ്റ് റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലേണിങ് സപ്പോർട്ടിംഗ് സെന്ററുകളുടെ പ്രവർത്തനത്തിൽ പര്യാപ്തമായ രേഖകളോ നിരീക്ഷണ സംവിധാനങ്ങളോ ഇല്ല എന്ന കണ്ടെത്തൽ ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാല നിയമനങ്ങൾ

1857 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച ലഭ്യമാക്കാമോ; ഇവയിൽ എല്ലാ ഒഴിവുകളും പി. എസ്. സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം എത്ര; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടോ ; എങ്കിൽ എത്ര ; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഈ കാലയളവിൽ അസിസ്റ്റന്റ് തസ്തികയിലെ എത്ര ഒഴിവുകളാണ് ബൈട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നീ വിഭാഗങ്ങളിലേക്കായി മാറ്റിവെക്കപ്പെട്ടിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ 2026 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച ലഭ്യമാക്കാമോ; ഇവയിൽ എത്ര എണ്ണം ബൈട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നിവക്കായി മാറ്റിവയ്ക്കും എന്നറിയിക്കാമോ;

(ഡി) പ്രസ്തുത സർവകലാശാലയിൽ താഴ്ന്ന തസ്തികകളിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് അനുവദിച്ചിട്ടുള്ള ബൈട്രാൻസ്ഫർ നിയമനങ്ങളുടേയും കാറ്റഗറി മാറ്റം മുഖേന ഉള്ള നിയമനങ്ങളുടെയും ശതമാനം എത്രയാണെന്ന് ഇനം തിരിച്ച്

വ്യക്തമാക്കാമോ; ഏത് ഗവൺമെന്റ് റൂൾ/ഓർഡർ പ്രകാരമാണ് പ്രസ്തുത ശതമാനം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ?

## കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിങ് കുട്ടനാടിൽ പുതിയ അക്കാദമിക് കെട്ടിടം

1858 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ൽ സ്ഥാപിതമായതും കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ അഫിലിയേഷനിൽ പ്രവർത്തിക്കുന്നതുമായ കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിങ്ങിന് കുട്ടനാടിൽ പുതിയ അക്കാദമിക് കെട്ടിടത്തിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിൽ താൽക്കാലിക കെട്ടിടങ്ങൾ നിർമ്മിച്ചിരുന്നുവോ; ആയതിന്റെ കാലാവധി കഴിഞ്ഞ് പൊളിച്ചു മാറ്റേണ്ട സ്ഥിതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കോളേജിൽ ഹോസ്റ്റലും ചുറ്റുമതിലും പുതിയ അക്കാദമിക് കെട്ടിടങ്ങളും നിർമ്മിച്ച് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കണ്ണൂർ സർവ്വകലാശാലയിലെ ഗവേഷക വിദ്യാർത്ഥികൾക്ക് പ്രബന്ധം സമർപ്പിക്കുന്നതിന് ഒറ്റ തവണ അനുമതി

1859 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത സമയത്തിനുള്ളിൽ പ്രബന്ധം സമർപ്പിക്കാൻ സാധിക്കാത്ത ഗവേഷക വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപ പിഴ ഈടാക്കി പ്രബന്ധം സമർപ്പിക്കുന്നതിന് കണ്ണൂർ സർവ്വകലാശാല ഒറ്റ തവണ അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഇളവ് എപ്പോഴാണ് പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കാമോ; ആയതിന്റെ അടിസ്ഥാനത്തിൽ പ്രബന്ധം സമർപ്പിക്കുന്നതിന് ആർക്കെല്ലാമാണ് അനുമതി നൽകിയതെന്നും എപ്പോൾ മുതലാണ് അനുമതി നൽകിയതെന്നും അറിയിക്കാമോ;

(സി) പ്രസ്തുത ഗവേഷക വിദ്യാർത്ഥികൾ എപ്പോഴാണ് ഗവേഷണത്തിന് രജിസ്റ്റർ ചെയ്തതെന്നും പ്രബന്ധം സമർപ്പിച്ചതെന്നും ഇവർക്ക് ഓപ്പൺ ഡിഫൻസ് നടത്തി പി. എച്ച്. ഡി. അവാർഡ് ചെയ്തതെന്നും വ്യക്തമാക്കാമോ?

## മലയാളം സർവകലാശാലയ്ക്ക് സ്വന്തമായി കെട്ടിടം

1860 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം സർവകലാശാല തിരൂരിൽ എവിടെയാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർവകലാശാലയ്ക്ക് ആസ്ഥാനമുണ്ടാക്കാൻ സ്വന്തമായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചത് എന്നാണെന്ന് വിശദമാക്കാമോ;

(സി) ഏറ്റെടുത്ത സ്ഥലത്ത് കെട്ടിടം നിർമ്മിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനം

1861 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗ്രാൻഡ് ഇൻ എയ്ഡ് സർവകലാശാലകളിൽ എത്ര ഇടങ്ങളിലാണ് സ്ഥിരം വൈസ് ചാൻസലർമാർ ഉള്ളതെന്ന് അറിയിക്കാമോ;

(ബി) നിലവിൽ ഉണ്ടായിരുന്ന വൈസ് ചാൻസലർമാർ വിരമിച്ചതിന് ശേഷം സ്ഥിരം വൈസ് ചാൻസലർമാരെ തിരഞ്ഞെടുക്കാൻ എന്തെല്ലാം നടപടികളാണ് നാളിതുവരെ സർക്കാർ/ സർവകലാശാലകൾ സ്വീകരിച്ചത്; വിശദമാക്കുമോ;

(സി) ഏതെല്ലാം യൂണിവേഴ്സിറ്റികളാണ് വൈസ് ചാൻസലർമാരുടെ നിയമനത്തിനുള്ള സെലക്ഷൻ/സെർച്ച് കമ്മിറ്റിയിലേക്ക് യൂണിവേഴ്സിറ്റി നോമിനികളെ തെരഞ്ഞെടുത്ത് ചാൻസലർക്ക് റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കുമോ;

(ഡി) സ്ഥിരം വൈസ് ചാൻസലർമാരുടെ അഭാവം യൂണിവേഴ്സിറ്റികളുടെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങളെ ഏതെല്ലാം തരത്തിലാണ് ബാധിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) സ്ഥിരം വൈസ് ചാൻസലർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതി, ബഹു.സുപ്രീംകോടതി എന്നിവിടങ്ങളിൽ നിലവിലുള്ള കേസുകളുടെ സ്ഥിതി എന്താണെന്നും ഈ ആവശ്യത്തിന് വേണ്ടിയുള്ള നിയമവ്യവഹാരത്തിന് എത്ര ലക്ഷം രൂപയാണ് സർക്കാർ നാളിതുവരെ ചെലവഴിച്ചതെന്നും വിശദമാക്കുമോ?

## സർവകലാശാല അദ്ധ്യാപക നിയമനങ്ങളിലെ ഭിന്നശേഷി സംവരണം

1862 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ 01.01.1995-ന് ശേഷം വിവിധ പഠന വകുപ്പുകളിലേക്ക് നടത്തിയ അദ്ധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയ ഓരോ പഠനവകുപ്പിലെയും അദ്ധ്യാപക തസ്തികകളുടെ വിശദാംശം പ്രസ്തുത സംവരണ ഒഴിവുകളിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളുടെ പേര്, തസ്തിക, പഠനവകുപ്പ്, ജോലിയിൽ പ്രവേശിച്ച തീയതി, വിരമിച്ചവരാണെങ്കിൽ വിരമിച്ച തീയതി എന്നിവ ഉൾപ്പെടെ ലഭ്യമാക്കുമോ;

(സി) 01.01.1995 മുതൽ നാളിതുവരെ സർവകലാശാലകളിലെ അദ്ധ്യാപക തസ്തികകളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് എത്ര സംവരണ ബാക്ക് ലോഗ് ഒഴിവുകൾ

സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ; പ്രസ്തുത ഒഴിവുകളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അദ്ധ്യാപക തസ്തികകളിലേക്കുള്ള ബാക്ക് ലോഗ് ഒഴിവുകൾ</u>**

1863 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിന് സർവകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ആക്ട്-2014 പ്രകാരം ഏത് തീയതി മുതലാണ് സർവ്വകലാശാലയിലെ എല്ലാ പഠന വകുപ്പുകളെയും ഒറ്റ യൂണിറ്റായി പരിഗണിക്കേണ്ടതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആക്ട് പ്രാബല്യത്തിൽ വന്നതിനുശേഷം, പഠന വകുപ്പുകളിലെ അദ്ധ്യാപക തസ്തികകളിൽ വിവിധ സംവരണ വിഭാഗങ്ങൾക്ക് നിലവിൽ വന്ന ബാക്ക് ലോഗ് ഒഴിവുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്ുത ബാക്ക് ലോഗ് ഒഴിവുകൾ സൃഷ്ടിക്കപ്പെട്ട തീയതിയും ഓരോ സംവരണ വിഭാഗത്തിനും വിവിധ പഠനവകുപ്പുകളിലായി എത്ര വീതം ബാക്ക് ലോഗ് ഒഴിവുകൾ നിലവിലുണ്ടായിരുന്നുവെന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സർവ്വകലാശാലകൾ വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെയും നിയമനം നല്കിയതിന്റെയും വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ആക്ട് പ്രകാരം വിവിധ പഠനവകുപ്പുകളിലെ അദ്ധ്യാപക തസ്തികകൾ ഒറ്റയൂണിറ്റായി പരിഗണിക്കുന്നതിനാൽ പ്രസ്തുത തീയതിക്ക് മുമ്പ് നിലവിൽ വന്ന സംവരണ ബാക്ക് ലോഗ് ഒഴിവുകൾ നികത്തേണ്ടതില്ല എന്ന് നിഷ്കർഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>സർവകലാശാല അനധ്യാപക നിയമനങ്ങളിലെ ഭിന്നശേഷി സംവരണം</u>**

1864 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ 01.01.1995-ന് ശേഷം വിവിധ അനധ്യാപക തസ്തികകളിലേക്ക് നടത്തിയ നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയ തസ്തികകളുടെ വിശദാംശങ്ങൾ, പ്രസ്തുത സംവരണ ഒഴിവുകളിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളുടെ പേര്, തസ്തിക, ജോലിയിൽ പ്രവേശിച്ച തീയതി, വിരമിച്ചവരാണെങ്കിൽ വിരമിച്ച തീയതി എന്നീ വിശദാംശം ലഭ്യമാക്കുമോ;

(സി) 01.01.1995 മുതൽ നാളിതുവരെ സർവകലാശാലകളിലെ അനധ്യാപക തസ്തികകളിൽ ഭിന്നശേdഷി വിഭാഗക്കാർക്ക് എത്ര സംവരണ ബാക്ക് ലോഗ് ഒഴിവുകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് തസ്തിക തിരിച്ച വിശദമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകളിൽ നടത്തിയ സംവരണ ബാക്ക് ലോഗ് നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

## കോളേജ് അധ്യാപകരുടെ നിയമന പ്രായപരിധി

1865 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ്/യൂണിവേഴ്സിറ്റി അധ്യാപകരുടെ നിയമന പ്രായപരിധി 50 വയസ്സ് ആയി ഉയർത്തിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ സർവീസിൽ പ്രവേശിക്കുന്നതിനുള്ള പ്രായപരിധി പരമാവധി നാല്പത് വയസ്സായി നിശ്ചയിച്ചിരിക്കുമ്പോൾ യൂണിവേഴ്സിറ്റിയിലെയും കോളേജുകളിലെയും അസിസ്റ്റന്റ് പ്രൊഫസർമാരുടെ മാത്രം നിയമന പ്രായപരിധി വർദ്ധിപ്പിക്കുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

## ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലെ അപാകതകൾ

1866 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ നടത്തിപ്പിലും ഫീസ് പിരിവിലുമടക്കം ക്രമക്കേട് ഉണ്ടെന്നുള്ള ഓഡിറ്റ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവകലാശാലയിലെ നിയമനവുമായി ബന്ധപ്പെട്ട് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതു മുതൽ ടെസ്റ്റും ഇന്റർവ്യൂവും നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിലും നിയമന നടപടികളിലും സുതാര്യതയില്ലെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലെ തസ്തികകൾ

1867 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതിനായുള്ള പ്രൊപോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് ഫയൽ നമ്പർ ഉൾപ്പെടെ വ്യക്തമാക്കാമോ; എത്ര അസിസ്റ്റന്റ് തസ്തികകൾ ആണ് പ്രസ്തുത പ്രൊപോസലിൽ സർവകലാശാല ആവശ്യപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സർവകലാശാലയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ സ്ഥിരം അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന താത്കാലിക/കരാർ/ദിവസവേതന ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ?

## സർവകലാശാലകളിൽ സേവനമനുഷ്ഠിക്കുന്ന കരാർ അധ്യാപകർക്ക് തുല്യ ജോലിക്ക് തുല്യ വേതനം

1868 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവകലാശാലകളിൽ സേവനമനുഷ്ഠിക്കുന്ന കരാർ അധ്യാപകർക്ക് തുല്യജോലിക്ക് തുല്യവേതനം എന്ന സാമൂഹിക നീതി ഉറപ്പാക്കുന്നതിനായി യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് വേതനം പരിഷ്കരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ കരാർ അധ്യാപകർക്ക് അനുവദിച്ചിട്ടുള്ള 11 ദിവസത്തെ അവധി അപര്യാപ്തമായതിനാൽ ഇത് സ്ഥിര അധ്യാപകർക്ക് സമാനമായി വർദ്ധിപ്പിച്ച് അസുഖം പോലുള്ള അടിയന്തിര ഘട്ടങ്ങളിൽ ശമ്പളം നഷ്ടപ്പെടാതിരിക്കാൻ നടപടിയെടുക്കുമോ;

(സി) അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗമായി സെമിനാർ അവതരണം, പരീക്ഷാ മൂല്യനിർണ്ണയം തുടങ്ങിയ കാര്യങ്ങളിൽ പങ്കെടുക്കുന്നതിന് ഡ്യൂട്ടി ലീവ് അനുവദിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കി കരാർ അധ്യാപകരുടെ അക്കാദമിക് വളർച്ചയ്ക്ക് പ്രോത്സാഹനം നൽകാൻ തയ്യാറാകുമോ; വിശദമാക്കുമോ;

(ഡി) കേരള ഡിജിറ്റൽ സർവ്വകലാശാല, സാങ്കേതിക സർവ്വകലാശാല, മാരിടൈം സർവ്വകലാശാല എന്നിവിടങ്ങളിൽ കരാർ അധ്യാപകർക്ക് അസിസ്റ്റന്റ് പ്രൊഫസർക്ക് തുല്യമായ വേതനം നൽകുന്ന മാതൃക സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിലേക്കും വ്യാപിപ്പിക്കാൻ ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) കരാർ അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും അവ സ്ഥിരം അധ്യാപകരുമായി താരതമ്യം ചെയ്യുമ്പോഴുള്ള അന്തരം എന്തൊക്കെയാണെന്നും അവ പരിഹരിക്കാനും തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനും ഉദ്ദേശിക്കുന്ന നടപടികളും സർവകലാശാലകൾ തിരിച്ചു വ്യക്തമാക്കാമോ?

## <u>കാലിക്കറ്റ് സർവകലാശാലയിലെ അധ്യാപക നിയമനങ്ങൾ</u>

1869 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യാപക നിയമനത്തിനു കാലിക്കറ്റ് സർവകലാശാല പുറപ്പെടുവിച്ച GA-IIC1/156687/2019/Admn Dt 31.12.2019, GA-II/C1/162156/2019/Admn Dt 31.12.2019, GA-II/C1/104750/2019/Admn Dt 31.12.2019 എന്നീ വിജ്ഞാപനങ്ങൾ പ്രകാരം നിലവിൽ വന്ന എൻ . സി. എ., എൻ. ജെ. ഡി . ഒഴിവുകൾ ഏതെല്ലാമാണെന്നും, അവയുടെ സംവരണ ക്രമവും പഠനവകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിയമനങ്ങളുമായി ബന്ധപ്പെട്ട് കേരളാ ഹൈക്കോടതി, സുപ്രീം കോടതി എന്നിവ മുമ്പാകെ ഇതുവരെ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ (കേസ് നമ്പർ,പരാതിക്കാരൻ, നിലവിലെ സ്ഥിതി) എന്നിവ ലഭ്യമാക്കാമോ; പ്രസ്തുത കേസുകളിൽ കോടതി വിധിന്യായം പുറപ്പെടുവിച്ചതിന്റെ വിശദാംശങ്ങളും ആയത് നടപ്പിലാക്കുന്നതിന് സർവകലാശാല

നാളിതുവരെ സ്വീകരിച്ച നടപടികളും ഓരോ കേസിലേതും പ്രത്യേകമായി ലഭ്യമാക്കാമോ;

(സി) പ്രസ്തുത കേസുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സർവകലാശാല ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ഡി) 31.12.2019 തീയതിയിലെ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അധ്യാപക നിയമനങ്ങളുമായി ബന്ധപ്പെട്ട് വിവിധ കമ്മീഷനുകൾ മുമ്പാകെ ഇതുവരെ രജിസ്റ്റർ ചെയ്ത പരാതികളുടെ വിശദാംശങ്ങൾ(പരാതിക്കാരൻ, കമ്മീഷനുകളിലെ പരാതികളുടെ നിലവിലെ സ്ഥിതി)എന്നിവ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പരാതികളിൽ ബന്ധപ്പെട്ട കമ്മീഷനുകൾ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ വിശദാംശങ്ങളും ആയത് നടപ്പിലാക്കുന്നതിന് സർവവകലാശാല നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും പ്രത്യേകമായി ലഭ്യമാക്കാമോ?

## <u>കാലിക്കറ്റ് സർവകലാശാലയിലെ അധ്യാപക നിയമനം</u>

1870 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടിഫിക്കേഷൻ നമ്പർ GA-II.C1/156687/2019/Admn Dt 31.12.2019 പ്രകാരമുള്ള അധ്യാപക നിയമനങ്ങൾക്കു വേണ്ടി കാലിക്കറ്റ് സർവകലാശാല തയ്യാറാക്കിയ റൊട്ടേഷൻ ചാർട്ട് പുതുക്കി നിയമനങ്ങൾ പുന:ക്രമീകരിക്കണമെന്നുള്ള ബഹു. കേരളാ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഡബ്ല്യു. എ. നം. 1527/2021 കേസിലെ ഉത്തരവിനും ആയത് ശരിവെച്ച ബഹു.സുപ്രീം കോടതിയുടെ സ്പെഷ്യൽ ലീവ് അപ്പീൽ (സി) നം.10045/2023 കേസിലെ ഉത്തരവിനും അനുസൃതമായി റൊട്ടേഷൻ ചാർട്ട് പുതുക്കി നിയമനങ്ങൾ പുന:ക്രമീകരിക്കുന്നതിന് നാളിതുവരെ സർവകലാശാല സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; റൊട്ടേഷൻ ചാർട്ട് പുതുക്കിയതുമായി ബന്ധപ്പെട്ട മുഴുവൻ സർവ്വകലാശാല ഉത്തരവുകളുടെയും ഫയൽ കുറിപ്പുകളുടെയും ഇതുമായി ബന്ധപ്പെട്ട് നടന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 17.02.2024 തീയതിയിൽ ചേർന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗം അംഗീകാരം നല്കിയ റൊട്ടേഷൻ ചാർട്ട് പുതുക്കുന്നതിന് അവലംബിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 16.03.2024 തീയതിയിൽ ചേർന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗം പരിഗണിച്ച പുതുക്കിയ റൊട്ടേഷൻ ചാർട്ടുമായി ബന്ധപ്പെട്ട് സർവകലാശാല സ്റ്റാൻഡിംഗ് കൗൺസലിൽ നിന്നും ലഭ്യമായ നിയമോപദേശത്തിന്റെ പകർപ്പ്, സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം അംഗീകാരം നല്കിയ പുതുക്കിയ റൊട്ടേഷൻ ചാർട്ടിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

(ഡി) റൊട്ടേഷൻ ചാർട്ട് പുതുക്കി നിയമനങ്ങൾ പുന:ക്രമീകരിച്ചത് മൂലം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് പുതുതായി എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്നും അവർ പഠന വകുപ്പുകളിലെ അസിസ്റ്റന്റ് പ്രൊഫസർ

തസ്തികയിൽ എന്ന് നിലവിൽ വന്ന ഒഴിവിലാണ് നിയമിതരായതെന്നും വിശദമാക്കാമോ;

(ഇ) പുതുതായി നിയമിതരായ പ്രസ്തുത അധ്യാപകരുടെ കെ. എസ് & എസ്. എസ്. ആർ പ്രകാരമുള്ള റിസർവേഷൻ വിഭാഗം, റൊട്ടേഷൻ ക്രമം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഡബ്ല്യൂ. എ. നം. 1527/2021 കേസിലെ പരാതിക്കാരിയായ അധ്യാപിക ഏത് സംവരണ വിഭാഗത്തിൽപ്പെടുന്നവരായിരുന്നുവെന്നും അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിൽ കെ. എസ് & എസ്. എസ്. ആർ പ്രകാരമുള്ള അവരുടെ റിസർവേഷൻ വിഭാഗം, റൊട്ടേഷൻ ക്രമം എന്നീ കാര്യങ്ങൾ ഉൾകൊള്ളുന്ന വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## പ്രവേശന പരീക്ഷകളിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ പിന്തള്ളപ്പെട്ട് പോകുന്ന സാഹചര്യം

1871 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ നീറ്റ്, കീം പ്രവേശന പരീക്ഷയിൽ നോർമലൈസേഷനുമായി ബന്ധപ്പെട്ട് പിന്തള്ളപ്പെട്ട് പോകുന്ന സാഹചര്യം നിലവിലുള്ളതിനാൽ ഈ വർഷം ഇത് പരിഹരിക്കുന്നതിന് വേണ്ട നടപടികളാണ് സർക്കാർ കൈക്കൊണ്ടതെങ്കിലും കോടതിവിധിയിലൂടെ ഇത് മറികടക്കുന്നതിന് സി.ബി.എസ്.ഇ. സിലബസിൽ പഠിക്കുന്നവർക്ക് കഴിഞ്ഞതിനാൽ അടുത്ത വർഷങ്ങളിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## സാമൂഹ്യനീതി വകുപ്പിന്റെ സഹായങ്ങൾ

1872 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ ഇതുവരെ കുറ്റ്യാടി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി സാമൂഹ്യ നീതി വകുപ്പിന്റെ നേതൃത്വത്തിൽ നൽകിയ സഹായങ്ങൾ (അനുവദിച്ച തുക, എണ്ണം, ആശ്വാസം നൽകാൻ ഇടയായ സാഹചര്യം എന്നിവ സഹിതം) വിശദമാക്കാമോ; എത്ര കുടുംബങ്ങൾക്ക് ഇത്തരത്തിൽ സഹായം ലഭ്യമായിട്ടുണ്ട് എന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

## ആശ്വാസ കിരണം പദ്ധതി

1873 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിൽ നിലവിൽ കുടിശ്ശികയുണ്ടോ; എങ്കിൽ ഏത് തീയതി മുതലാണ് കുടിശ്ശികയെന്ന് വിശദമാക്കാമോ;

(ബി) നേരത്തെ വർഷങ്ങളോളം കുടിശ്ശികയായതിനാൽ ലൈഫ് സർട്ടിഫിക്കറ്റ് നൽകാതിരുന്നവർ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോ; എത്ര വർഷം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തവരെയാണ് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്; ഇങ്ങിനെ ഒഴിവാക്കപ്പെട്ടവരെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ?

## ബാരിയർ ഫ്രീ പദ്ധതി പ്രകാരം ചാത്തന്നൂർ സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ്

1874 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ ബാരിയർ ഫ്രീ കേരള പദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ ഏതെങ്കിലും സിവിൽ സ്റ്റേഷനുകൾക്ക് ലിഫ്റ്റ് സ്ഥാപിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സിവിൽ സ്റ്റേഷനുകൾക്കാണ് തുക അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ചാത്തന്നൂർ സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് സ്ഥാപിക്കാൻ തുക അനുവദിച്ച് കിട്ടുന്നത് സംബന്ധിച്ച ഫയലിൽ (A2/79/2025-സാമൂഹ്യനീതി വകുപ്പ്) തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ;

(സി) ചാത്തന്നൂർ സിവിൽ സ്റ്റേഷനിൽ നിലവിൽ ലിഫ്റ്റ് സ്ഥാപിക്കാൻ സാമൂഹ്യനീതി വകുപ്പ് തുക അനുവദിച്ചിട്ടില്ലെങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ ലിഫ്റ്റ് സ്ഥാപിക്കാൻ കഴിയുംവിധം നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിൽ നൽകിയ ധനസഹായ വിതരണം

1875 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികളിലൂടെ നൽകിയ ധനസഹായ വിതരണം സംബന്ധിച്ച കണക്കുകൾ ഇനം തിരിച്ച് അറിയിക്കുമോ?

## സാമൂഹ്യനീതി വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

1876 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## ആശ്വാസ കിരണം പദ്ധതി

1877 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങളും ആയത് ലഭ്യമാക്കുന്നതിനുള്ള

മാനദണ്ഡങ്ങളും വിശദമാക്കാമോ;

(ബി) നിലവിൽ പെൻഷൻ കുടിശിക ആയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കാലത്തെ കുടിശികയുണ്ടെന്ന് വിശദമാക്കാമോ;

(സി) 2018-ന് ശേഷം പ്രസ്തുത പദ്ധതിയിൽ പുതുതായി ചേർന്നവർക്ക് പെൻഷൻ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ആശ്വാസകിരണം പദ്ധതി

1878 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കട്ടിപാറ ഗ്രാമപഞ്ചായത്തിലെ കല്ലുള്ള തോട് അംഗൻവാടി വഴി ആശ്വാസ കിരണം പദ്ധതി ധനസഹായത്തിനായി 14/2/2019-ന് ടി. പി. ശശിധരൻ എന്നയാൾ 70% ചലന വൈകല്യമുള്ള തന്റെ ഭാര്യ ഷൈലജ വി. യെ പരിചരിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ അപേക്ഷയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) ഈ അപേക്ഷകന് ആശ്വാസകിരണം പദ്ധതി വഴി ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിൽ സാമൂഹ്യ നീതി വകുപ്പ് നടത്തിയിട്ടുള്ള പ്രവൃത്തികൾ

1879 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ ഒറ്റപ്പാലം മണ്ഡലത്തിൽ സാമൂഹ്യ നീതി വകുപ്പ് മുഖേന നടത്തിയിട്ടുള്ളതും ഇനി നടത്താനുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് അനുവദിച്ചിട്ടുള്ള തുക സഹിതം വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സമാശ്വാസ പദ്ധതി

1880 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സമാശ്വാസ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; 2021 മുതൽ എത്ര പേർക്ക് പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണ്; അതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്; അവയുടെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

## ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ലിംഗമാറ്റ ശസ്ത്രക്രിയക്ക് ധനസഹായം

1881 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**

**ഡോ. സുജിത് വിജയൻപിള്ള**

**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രാൻസ്ജെന്റർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഉതകുന്ന പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനായി ധനസഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനായി ലഭ്യമാക്കിയ തുകയുടെ വിശദാംശം വ്യക്തമാക്കാമോ?

## ആശ്വാസകിരണം പദ്ധതി

1882 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരികവും മാനസികവുമായ വൈകല്യമുള്ള കിടപ്പുരോഗികളെ പരിചരിക്കുന്ന കുടുംബാംഗങ്ങളോ ബന്ധുക്കളോ ആയവർക്ക് ധനസഹായം നൽകിവരുന്ന പദ്ധതിയായ ആശ്വാസകിരണത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള എല്ലാ അപേക്ഷകർക്കും ത്വരിതഗതിയിൽ ധനസഹായം നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഭിന്നശേഷിക്കാരുടെ പൊതുഗതാഗത സൗകര്യങ്ങൾ

1883 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുഗതാഗത സൗകര്യങ്ങൾ ഭിന്നശേഷിക്കാർക്ക് കൂടി ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിലെ സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) വീൽചെയർ ഉപയോഗിക്കുന്ന ഭിന്നശേഷിക്കാർക്ക് പൊതുഗതാഗത സംവിധാനങ്ങളായ കെ.എസ്.ആർ.ടി.സി. ബസുകളിലും യാത്രാബോട്ടുകളിലും അവരുടെ വീൽ ചെയർ കൂടി മടക്കി വച്ച് കൊണ്ടു പോകുന്നതിന് വേണ്ട സൗകര്യങ്ങൾ ഇല്ലാത്തതിനാൽ സ്വകാര്യ വാഹനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതും അതുവഴി സാമ്പത്തിക ബാധ്യത അധികമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തരണം ചെയ്യുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള പദ്ധതികൾ

1884 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ.വി.സുമേഷ്**

**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകായിക മേഖലകളിൽ കഴിവ് തെളിയിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രയോജനം എത്ര പേർക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭിന്നശേഷിക്കാരായ കുട്ടികളെ ശാക്തീകരിക്കുന്നതിന് മറ്റെന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;

(ഡി) ഭിന്നശേഷിക്കാരായ കുട്ടികളെ പരിപാലിക്കുന്നതിന് ഹോർട്ടികൾച്ചറൽ തെറാപ്പി സംവിധാനം പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികളുണ്ടോ; വിശദമാക്കാമോ?

**<u>സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>**

1885 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതികൾ മുഖേന എത്ര ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യക്തിഗത സാമ്പത്തിക സഹായം നൽകുന്ന ഓരോ പദ്ധതിയിലൂടെയും ഗുണഭോക്താക്കൾക്ക് നൽകിയ തുക സംബന്ധിച്ച വിശദാംശം ലഭ്യമാണോ; എങ്കിൽ നൽകാമോ?

**<u>സാമൂഹ്യ നീതി വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ</u>**

1886 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ സാമൂഹ്യ നീതി വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ വടകര മണ്ഡലത്തിൽ സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശം അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുക എത്ര വീതമാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇക്കാലയളവിൽ വടകര നിയോജകമണ്ഡലത്തിനായി സാമൂഹ്യ നീതി വകുപ്പ് മുഖേന ചെലവാക്കിയ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള ലൈബ്രറികളുടെ സ്വത്ത്

1887 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലമായി പ്രവർത്തനരഹിതമായതും ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ളതുമായ ലൈബ്രറികളുടെ പേരിലുള്ള സ്ഥലവും കെട്ടിടവും അതത് താലൂക്ക് ലൈബ്രറി കൗൺസിലിലേക്ക് ഉടമസ്ഥാവകാശം മാറ്റുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥയുടെ/നിയമത്തിന്റെ അഥവാ ചട്ടത്തിന്റെ വിശദാംശമോ പകർപ്പോ ലഭ്യമാക്കാമോ;

(ബി) താലൂക്ക് ലൈബ്രറി കൗൺസിലിന് ഉടമസ്ഥാവകാശം ഉറപ്പിക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടിക്രമം വിശദമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ ജനകീയ സദസ്സിലെ തീരുമാനങ്ങൾ

1888 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചേർന്ന ജനകീയ സദസ്സിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ജനകീയ സദസ്സിൽ വന്ന എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ട്; ഏതൊക്കെ റൂട്ടിലെ ഗതാഗത പ്രശ്നങ്ങൾ ഇത്തരത്തിൽ പരിഹരിക്കപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ?

## മാനദണ്ഡങ്ങൾ പാലിക്കാത്ത ആംബുലൻസ് സർവ്വീസുകൾ

1889 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനദണ്ഡങ്ങൾ പാലിക്കാതെ ആംബുലൻസുകൾ സർവ്വീസ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ലഹരി കടത്ത് ഉൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് ആംബുലൻസുകൾ ഉപയോഗിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ ജനകീയ സദസ്സ്

1890 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഗതാഗത പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ചേർന്ന ജനകീയ സദസ്സിന്റെ തുടർപ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) യോഗത്തിൽ ഉയർന്നു വന്ന ഏതൊക്കെ പ്രശ്നങ്ങൾക്കാണ് പരിഹാരം ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ?

**ഗതാഗത വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

1891 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഗതാഗത വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**റോഡപകടങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ**

1892 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിന് മുകളിൽ താഴ്ന്നുകിടക്കുന്ന കേബിളുകൾ, റോഡുകളുടെ വശങ്ങളിലുള്ള സ്ലാബില്ലാത്ത ഓടകൾ, ജല അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനെടുക്കുന്ന കുഴികൾ എന്നിവ മൂലമുള്ള റോഡപകടങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 2016 മുതൽ 2025 വരെ റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ, നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്നിവ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) അനുവദിച്ച പ്രവൃത്തികളിൽ പൂർത്തിയാക്കുവാനുള്ളവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

**അതിസുരക്ഷ നമ്പർ പ്ലേറ്റ്**

1893 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വാഹനങ്ങൾക്കും അതിസുരക്ഷാ നമ്പർ പ്ലേറ്റ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച ടെണ്ടർ നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്കായി ആഗോള ടെണ്ടർ വിളിക്കാൻ തീരുമാനമെടുത്തിരുന്നോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## റോഡ് സുരക്ഷ

1894 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠ്യപദ്ധതിയിൽ റോഡ് സേഫ്റ്റി സംബന്ധിച്ച വിഷയം ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമായി ചർച്ച നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഹൈവേകൾ ഉൾപ്പെടെയുള്ള പാതകളിലെ സുരക്ഷ ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## റോഡ് സുരക്ഷ ഫണ്ട്

1895 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ റോഡ് സുരക്ഷ ഫണ്ട് വിനിയോഗിച്ച് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

## കെ. എസ്. ആർ. ടി. സി. നിരത്തിലിറക്കിയ പുതിയ ബസ്സുകൾ

1896 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കെ. എസ്. ആർ. ടി. സി. എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഏതുതരം ബസ്സുകളാണെന്നും എപ്പോഴാണ് ഇറക്കിയതെന്നും ഇതിന് ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ജില്ലകൾക്ക് അനുവദിച്ച പുതിയ ബസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഓരോ ജില്ലയ്ക്കും ഏതു തരത്തിലുള്ള ബസ്സുകളാണ് അനുവദിച്ചതെന്നും വിശദമാക്കാമോ;

(സി) കാസർഗോഡ് ഡിപ്പോയിൽ കെ. എസ്. ആർ. ടി. സി. ക്ക് എത്ര ബസ്സുകളാണുള്ളതെന്ന് വ്യക്തമാക്കാമോ; ഈ ബസ്സുകൾക്ക് എത്ര വർഷത്തെ കാലപ്പഴക്കം ഉണ്ടെന്ന് വിശദമാക്കാമോ;

(ഡി) മംഗളൂരു അടക്കമുള്ള അന്തർ സംസ്ഥാന സർവ്വീസുകളിലും മലബാർ മേഖലകളിലും മികച്ച വരുമാനം ലഭിക്കുന്ന കാസർഗോഡ് ജില്ലക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ലെന്ന പരാതി വസ്തുതാപരമാണോയെന്ന് വ്യക്തമാക്കാമോ;

(ഇ) കാസർഗോഡിന് കൂടുതൽ ബസ്സുകൾ അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക പ്രതിസന്ധി

1897 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യെ പൊതുമേഖലയിൽ നിലനിർത്താൻ നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക പ്രതിസന്ധി കുറച്ചു കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കെ. എസ്. ആർ. ടി. സി. യിലെ ജീവനക്കാർക്ക് എല്ലാ മാസവും ഒന്നാംതീയതി തന്നെ ശമ്പളവും മുടക്കം കൂടാതെ പെൻഷനും നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വാഹനങ്ങളുടെ ശരിയായ വിനിയോഗത്തിലൂടെയും റൂട്ടുകളുടെ ശരിയായ ഉപയോഗത്തിലൂടെയും വരുമാനം വർദ്ധിപ്പിക്കുന്നതിന് മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## <u>കെ. എസ്. ആർ. ടി. സി. ബജറ്റ് ടൂറിസം</u>

1898 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബജറ്റ് ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കെ. എസ്. ആർ. ടി. സി. നടപ്പിലാക്കിയിട്ടുള്ള ടൂർ പാക്കേജ് പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ നാളിതുവരെ എത്ര രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

## <u>കെ.എസ്.ആർ.ടി.സി.യുടെ പുതിയ ബസുകൾ</u>

1899 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 -26 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസുകൾ വാങ്ങി നിരത്തിലിറക്കിയിട്ടുണ്ട് ; സർവീസ് നടത്തുന്നതിനായി പ്രസ്തുത ബസുകൾ ഏതെല്ലാം ഡിപ്പോകൾക്കു എത്ര വീതം അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് സർവീസ് നടത്തുന്നതിനായി പുതിയ ബസ് അവസാനമായി അനുവദിച്ചത് എന്നാണെന്നും അന്ന് എത്ര പുതിയ ബസുകളാണ് ചാത്തന്നൂർ ഡിപ്പോയ്ക്ക് അനുവദിച്ചതെന്നും വിശദമാക്കാമോ;

(സി) ചാത്തന്നൂർ ഡിപ്പോയിലേക്ക് പുതിയ ബസുകൾ അനുവദിക്കുന്നതിന് മുൻഗണന നൽകുമോയെന്നും പുതിയ ബസുകൾ എപ്പോൾ അനുവദിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

## <u>പിറവം മണ്ഡലത്തിൽ പുതിയ ബസ് സർവീസ്</u>

1900 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയ ബസ് സർവീസ് ആരംഭിക്കണം എന്നാവശ്യപ്പെട്ട് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എത്ര പുതിയ സർവീസുകൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) നിലവിൽ നടത്തിയിരുന്ന എത്ര സർവീസുകൾ നിർത്തലാക്കിയിട്ടുണ്ട്; ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

## <u>കെ.എസ്.ആർ.ടി.സി.യുടെ വരുമാനം</u>

1901 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാനും കൂടുതൽ ജനോപകാരപ്രദമാക്കാനും സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>കെ. എസ്. ആർ. ടി. സി.-യുടെ കടബാധ്യതകൾ തീർക്കാൻ നടപടി</u>

1902 **ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ കടബാധ്യതകൾ തീർക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളാണ് തിരികെ അടച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) കെ. എസ്. ആർ. ടി. സി. യുടെ പ്രതിദിന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; അത് കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികളും അവയുടെ ഫലത്തെക്കുറിച്ചുള്ള വിശദാംശങ്ങളും വ്യക്തമാക്കാമോ;

(സി) പ്രതിദിന കളക്ഷൻ വർദ്ധിപ്പിക്കുന്നതിനും ടിക്കറ്റിതര വരുമാനത്തിന് പുതിയ മാർഗങ്ങൾ കണ്ടെത്തുന്നതിനുമായുള്ള കർമ്മ പദ്ധതികൾ വിശദമാക്കാമോ?

## <u>കെ.എസ്.ആർ. ടി. സി. യെ ഹരിത പദവിയിലെത്തിയ്ക്കാൻ നടപടി</u>

1903 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്.ആർ. ടി. സി. യെ ഹരിത പദവിയിലെത്തിച്ച് മാലിന്യമുക്തമാക്കി പരിപാലിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കെ. എസ്. ആർ. ടി. സി. യൂണിറ്റുകളിൽ പ്രത്യേകമായ പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേകമായി ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) തരം തിരിച്ച മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) കെ. എസ്. ആർ. ടി. സി. നടത്തിവരുന്ന മാലിന്യമുക്ത പ്രവർത്തനങ്ങൾക്ക് പ്രത്യേകമായ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കെ സ്വിഫ്റ്റ് ബസ് സർവീസുകൾ

1904 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. കെ.-സ്വിഫ്റ്റ് ബസ് സർവീസുകൾ എന്നാണ് ആരംഭിച്ചതെന്നും ആയതിന്റെ ലക്ഷ്യം എന്താണെന്നും വിശദീകരിക്കുമോ;

(ബി) കെ.-സ്വിഫ്റ്റ് ബസ് സർവീസുകൾ ആരംഭിച്ചതിനു ശേഷം കെ. എസ്. ആർ. ടി. സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(സി) കെ.- സ്വിഫ്റ്റ് സർവീസുകൾ ആരംഭിച്ചതിനുശേഷം നാളിതുവരെ എത്ര ബസ്സുകൾ അപകടത്തിൽപ്പെട്ടിട്ടുണ്ട്; ഇതുമൂലം എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## ബജറ്റ് ടൂറിസം പദ്ധതി

1905 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ, സൈലന്റ് വാലി, മീൻവല്ലം, ശിരുവാണി തുടങ്ങിയ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളെ കോർത്തിണക്കി കെ.എസ്.ആർ.ടി .സി ബജറ്റ് ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ഗതാഗത വകുപ്പിൽ പുതുതായി രൂപീകരിച്ചിട്ടുള്ള ബജറ്റ് ടൂറിസം സെല്ലുകൾ

1906 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിൽ പുതുതായി രൂപീകരിച്ചിട്ടുള്ള ബജറ്റ് ടൂറിസം സെല്ലുകൾ (ബി. ടി. സി.) എല്ലാ ഡിപ്പോകളിലും പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിലുള്ളവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇവയിൽ ഏത് ബജറ്റ് ടൂറിസം സെല്ലാണ് ലാഭകരമായി പ്രവർത്തിക്കുന്നതെന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നുണ്ടോ എന്നും വിശദമാക്കാമോ?

**ഒലിപ്പാറയിൽ നിന്നും കോട്ടയത്തേക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസ്**

1907 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഒലിപ്പാറയിൽ നിന്നും കോട്ടയത്തേക്ക് സർവീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് നിലവിൽ സർവീസ് നടത്തുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണ്ഡലത്തിലെ ജനങ്ങൾക്ക് ഏറെ പ്രയോജനകരമായ ഈ സർവീസ് പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കെ. എസ്. ആർ. ടി. സി. യിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ**

1908 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. 2023 മുതൽ എന്തൊക്കെ വികസന പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കെ. എസ്. ആർ. ടി. സി. യിൽ ഉണ്ടായ പുരോഗതി വിലയിരുത്തുമോ;

(സി) ഈ കാലയളവിൽ പുതിയ ഇനം ബസുകൾ ഇറക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കണ്ണൂർ ജില്ലയിൽ പുതിയ ബസ് റൂട്ടുകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഇ) കെ. എസ്. ആർ. ടി. സി. ലാഭകരമാക്കാൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**കെ. എസ്. ആർ. ടി. സി. പെൻഷൻ പരിഷ്കരണം**

1909 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ പെൻഷൻ പരിഷ്കരണം അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ബി) ജീവനക്കാർക്കും പെൻഷൻകാർക്കും ഡി. എ./ഡി. ആർ അടക്കമുള്ള ആനുകൂല്യങ്ങൾ നൽകാതിരിക്കാൻ കഴിയില്ല എന്ന കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കെ. എസ്. ആർ. ടി. സി. പെൻഷൻകാർക്ക് കുടിശ്ശിക ആയ 76% ഡി. ആർ ഉടനടി നൽകുമോ എന്ന് വ്യക്തമാക്കാമോ;

(സി) കെ. എസ്. ആർ. ടി. സി. ലാഭത്തിൽ എത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജീവനക്കാരുടെയും പെൻഷൻകാരുടെയും കുടിശ്ശിക ആയ എല്ലാ അനുകൂല്യങ്ങളും സമയബന്ധിതമായി കൊടുത്തു തീർക്കാൻ തയ്യാറാവുമോയെന്ന് വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സിയുടെ ടിക്കറ്റിതര വരുമാനം

1910 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി റോഡുസുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ലാഭത്തിലുള്ള പദ്ധതികൾ ഏതൊക്കെയെന്നും നഷ്ടത്തിലുള്ള പദ്ധതികൾ എതൊക്കെയെന്നും ലാഭം/ നഷ്ടം എത്രയെന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

1911 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിന്നും ദീർഘദൂര സർവീസുകൾ നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കാലപ്പഴക്കം ചെന്നവ മാറ്റി പുതിയ ബസ്സുകൾ അനുവദിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലക്കകത്ത് സർവീസ് നടത്തുന്ന ബസ്സുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.യിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി.വാങ്ങിയ പുതിയ ബസ്സുകൾ

1912 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. പുതിയതായി എത്ര ബസ്സുകളാണ് വാങ്ങിയത്; അറിയിക്കാമോ; പയ്യന്നൂർ ഡിപ്പോയ്ക്ക് കീഴിൽ എത്ര ബസ്സുകളാണ് നിലവിൽ ഉള്ളത്; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കണ്ണൂർ ജില്ലക്കും പയ്യന്നൂർ ഡിപ്പോയ്ക്കും എത്ര പുതിയ ബസുകളാണ് അനുവദിച്ചിട്ടുള്ളത്;വിശദമാക്കാമോ?

## തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് രാത്രിയിൽ ആവശ്യമായ ഗതാഗത സൗകര്യങ്ങൾ

1913 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് രാത്രികാലങ്ങളിൽ ആവശ്യമായ ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാന പാതയിലൂടെ കടന്നുപോകുന്ന ദീർഘദൂര ബസ്സുകളിൽ മണിക്കൂറിൽ ഒരു ബസ് എങ്കിലും തൃശ്ശൂർ മെഡിക്കൽ കോളേജ് വഴി കടന്നുപോകുന്ന വിധം ക്രമീകരിക്കുന്നത് പരിഗണിക്കാമോ?

## ഇലക്ട്രിക്ക് ബസ്സുകളുടെ സമയക്രമപ്പട്ടിക

1914 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കെ. എസ്. ആർ. ടി. സി. ഇലക്ട്രിക്ക് ബസ്സുകൾക്ക് സർവീസ് നടത്തുന്നതിന് സമയക്രമപ്പട്ടിക നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ എങ്ങനെയാണെന്ന് വിശദമാക്കാമോ?

**<u>എളമരം, കൂളിമാട് പാലങ്ങളിലൂടെ കെ.എസ്.ആർ.ടി.സി. ബസ് റൂട്ട് അനുവദിക്കുന്നതിന് നടപടി</u>**

1915 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മലപ്പുറം ജില്ലകളെ ബന്ധിപ്പിച്ചുകൊണ്ട് നിർമ്മാണം പൂർത്തീകരിച്ച എളമരം, കൂളിമാട് പാലങ്ങളിലൂടെ കെ.എസ്.ആർ.ടി.സി. ബസ് റൂട്ട് അനുവദിക്കുന്നത് സംബന്ധിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച പ്രൊപ്പോസൽ അനുമതിക്കായി ലഭ്യമായിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**<u>ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ പുതിയ കെ. എസ്. ആർ. ടി. സി ബസ്സുകൾ</u>**

1916 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ സർവീസ് നടത്തുന്നതിനായി എത്ര പുതിയ കെ. എസ്. ആർ. ടി. സി. ബസ്സുകൾ അനുവദിച്ചിട്ടുണ്ട്; അവ ഓരോന്നിന്റെയും സമയവും റൂട്ടും അറിയിക്കാമോ;

(ബി) ബാലുശ്ശേരിയിലേക്കുള്ള രാത്രികാല യാത്രാക്ലേശം പരിഹരിക്കുന്നതിനായി ലാഭകരമായി ഓടാവുന്ന പുതിയ ബസ്സുകൾ അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കോതമംഗലം യൂണിറ്റിൽ നിന്നും പുതിയ ഇന്റർസ്റ്റേറ്റ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടി</u>**

1917 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പല കെ.എസ്.ആർ.ടി.സി. യൂണിറ്റുകളിലും ഇന്റർസ്റ്റേറ്റ് പെർമിറ്റുള്ള ബസ്സുകൾ ഓപ്പറേറ്റ് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബസ്സുകൾ ഉപയോഗപ്പെടുത്തി കോതമംഗലം കെ.എസ്.ആർ.ടി.സി. യൂണിറ്റിൽ നിന്നും കമ്പം, തേനി എന്നീ സ്ഥലങ്ങളിലേക്ക് ഇന്റർസ്റ്റേറ്റ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>നിലമ്പൂർ നിയോജക മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ</u>**

1918 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൺപത് ശതമാനത്തിലധികം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഇന്റർ സ്റ്റേറ്റ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുവാൻ തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) അന്തർ സംസ്ഥാന സർവീസുകൾ നിരവധിയുള്ള പ്രസ്തുത ബസ് ഡിപ്പോയുടെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(സി) അമ്പത്തിയെട്ടോളം സർവീസുകൾ ഉണ്ടായിരുന്ന പ്രസ്തുത സബ് ഡിപ്പോയിൽ നിലവിൽ മുപ്പത്തിരണ്ട് സർവീസുകൾ മാത്രമാണ് ഉള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർത്തലാക്കിയ സർവീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കോഴിക്കോട് കുറ്റ്യാടി മാനന്തവാടി റൂട്ടിൽ പുതിയ ബസ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടി

1919 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുറ്റ്യാടി മാനന്തവാടി റൂട്ടിൽ രാത്രികാലങ്ങളിൽ ജനങ്ങൾ നേരിടുന്ന ഗതാഗത പ്രശ്നത്തിന് പരിഹാരമായി പുതിയ കെ. എസ്. ആർ. ടി. സി. ബസുകൾ അനുവദിക്കുമോ; വിശദവിവരം നൽകാമോ?

## മാവേലിക്കര കെ. എസ്. ആർ. ടി. സി. ഡിപ്പോയിലെ പദ്ധതികൾ

1920 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കമ്പ്യൂട്ടറൈസേഷന് എം. എൽ. എ.യുടെ പ്രത്യേക വികസന നിധി വിനിയോഗിച്ചുള്ള പദ്ധതി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) മാവേലിക്കര കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ എം. എൽ. എ.-യുടെ ആസ്തി വികസന പദ്ധതി പ്രകാരം അനുവദിച്ച കെട്ടിട നിർമ്മാണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ശ്രീകാര്യം മുക്കിൽക്കട ഇടത്തറ ആനന്ദേശ്വരം വഴിയുള്ള ബസ് സർവ്വീസ്

1921 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെ ലാഭത്തിൽ ആയിരുന്ന തിരുവനന്തപുരം സിറ്റിയിൽ നിന്നും ശ്രീകാര്യം മുക്കിൽക്കട ഇടത്തറ ആനന്ദേശ്വരം വഴിയുള്ള ബസ് സർവ്വീസ് മുടങ്ങിയതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബസ്സ് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി ഡ്രൈവിംഗ് സ്കൂളുകൾ

1922 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള വിതുര കെ.എസ്.ആർ.ടി.സി ഡ്രൈവിംഗ് സ്കൂളിന്റെ നാളിതുവരെയുള്ള പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ നൽകുമോ;

(ബി) പുതിയതായി അരുവിക്കര മണ്ഡലത്തിലെ ഡിപ്പോകളിൽ നിന്നും ആരംഭിക്കാനുദ്ദേശിക്കുന്ന ബസ് സർവ്വീസുകളുടെ വിവരം ലഭ്യമാക്കുമോ;

(സി) പുതിയതായി തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കെ.എസ്.ആർ.ടി.സി ഡ്രൈവിംഗ് സ്കൂളുകൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

## നെയ്യാറ്റിൻകര ഡിപ്പോയിലെ ഇലക്ട്രിക്കൽ ബസ്സുകൾ

1923 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കെ. എസ്. ആർ. ടി. സി. ഡിപ്പോയ്ക്ക് പുതിയതായി എത്ര ഇലക്ട്രിക്കൽ ബസ്സുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## എടത്വ കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ നവീകരണം

1924 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വ കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ നവീകരണത്തിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോയിൽനിന്നും നിർത്തലാക്കിയ ലാഭകരമായ സ്റ്റേ സർവീസുകൾ ഉൾപ്പെടെ ഉള്ളവ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

## പുതിയതായി ആരംഭിച്ച ബസ് സർവ്വീസുകൾ

1925 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിലെ ആര്യനാട്, വെള്ളനാട്, വിതുര കെ. എസ്. ആർ. ടി. സി. ഡിപ്പോകളിൽ നിന്നും പുതിയതായി ആരംഭിച്ച ബസ് സർവ്വീസുകളുടെ വിവരം ലഭ്യമാക്കാമോ?

## ബസ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടി

1926 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി - ചമ്രവട്ടം - കോഴിക്കോട് ദേശസാൽകൃത റൂട്ടിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് കൂടുതൽ ബസ് സർവ്വീസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഗുരുവായൂരിൽ നിന്ന് രാത്രി 11:25-ന് ചെന്നൈ എഗ്മോറിലേക്കുള്ള ട്രെയിൻ യാത്രക്കാർക്ക് കണക്ഷൻ വണ്ടിയായി പൊന്നാനി ഡിപ്പോയിൽ നിന്ന് ഗുരുവായൂരിലേക്ക് കൂടുതൽ ബസുകൾ അനുവദിക്കുമോ; വിശദമാക്കുമോ?

## പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബ്

1927 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ബജറ്റുകളിൽ പ്രഖ്യാപിച്ച പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബ് നിർമ്മാണ -നവീകരണ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ദേശീയ പാതയോട് ചേർന്ന് ഏറെ വാണിജ്യ പ്രാധാന്യമുള്ള പുതുക്കാട് കെ.എസ്.ആർ.ടി.സി.വക സ്ഥലത്ത് അനുയോജ്യമായ വികസന പദ്ധതികളും ബസ് സ്റ്റാന്റിന്റെ അടിസ്ഥാന സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന പദ്ധതികളും നടപ്പാക്കുന്നതിനായി ഒരു പ്രോജക്ട് തയ്യാറാക്കി ധനകാര്യവകുപ്പിന് സമർപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡോർമിറ്ററി കോംപ്ലക്സ്

1928 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഒരു ഡോർമിറ്ററി കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## ഐഡന്റിക്കൽ ഫെയർ സ്റ്റേജ്

1929 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാന്റിനെയും കച്ചേരി നടയേയും ഐഡന്റിക്കൽ ഫെയർ സ്റ്റേജുകളായി പരിഗണിക്കണം എന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## കുണ്ടറ നിയോജകമണ്ഡലത്തിലെ കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസുകൾ

1930 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കോവിഡ് കാലത്ത് നിർത്തലാക്കിയ ഏതൊക്കെ ബസ് സർവ്വീസുകളാണ് കെ.എസ്.ആർ.ടി.സി. പുനസ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പ്രസ്തുത പ്രദേശത്തെ റൂട്ടുകളിൽ പുതുതായി അനുവദിച്ചിട്ടുള്ള കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

## ഓപ്പറേറ്റിങ് സെന്ററിന്റെ ഓഫീസ് മാറ്റുന്നതിന് നടപടി

1931 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിങ് സെന്ററിന്റെ ഓഫീസായി പ്രവർത്തിക്കുന്ന കെട്ടിടം ശോച്യാവസ്ഥയിലായതിനാൽ പ്രസ്തുത ഓഫീസ് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

## കല്യാശ്ശേരി മണ്ഡലത്തിൽ സ്വകാര്യ ബസ് റൂട്ടുകൾക്കുള്ള അനുമതി

1932 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പ് നടത്തിയ ജനകീയ സദസ്സിൽ ഉയർന്നുവന്ന നിർദേശങ്ങൾ പരിഗണിച്ച് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി സ്വകാര്യ ബസ്സുകൾക്ക് റൂട്ട് പെർമിറ്റ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കല്യാശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ സ്വകാര്യ ബസ് റൂട്ടുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## മട്ടന്നൂർ മണ്ഡലത്തിൽ നടത്തിയ റൂട്ട് ഫോർമുലേഷൻ

1933 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ സദസ്സിൽ ഉയർന്നുവന്ന നിർദേശങ്ങൾ പരിഗണിച്ച് ഗതാഗത വകുപ്പ് മുഖേന നടത്തിയ റൂട്ട് ഫോർമുലേഷന്റെ അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി മട്ടന്നൂർ മണ്ഡലത്തിൽ പുതിയ റൂട്ടുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ആശ്രിത നിയമനത്തിനുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ

1934 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ ആയി ജോലി ചെയ്തുവരവെ മരണപ്പെട്ട ശ്രീമതി.ബിന്ദുലേഖയുടെ മകൻ ശ്രീ . അതുൽ കെ. പി. യുടെ ആശ്രിത നിയമനത്തിനുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് കൈകാര്യം ചെയ്തുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അതുൽ കെ. പി. ക്ക് ജോലി നൽകുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**ഗുരുവായൂർ സ്റ്റാൻഡിൽ നിന്നുള്ള കെ. എസ്. ആർ. ടി. സി. ബസ് സർവീസുകൾ**

1935 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാൻഡിൽ നിന്നും മണലൂർ മണ്ഡലത്തിലെ പാവറട്ടി, പൂവ്വത്തൂർ വഴിയും, തിരിച്ച് ഇതേ റൂട്ടിൽ ഗുരുവായൂരിലേക്കും എത്ര ബസുകൾ സർവീസ് നടത്തുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) ഗുരുവായൂർ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാൻഡിൽ നിന്നും പാവറട്ടി, പൂവ്വത്തൂർ വഴി കായംകുളത്തേക്കുള്ള ബസ് നിലവിൽ കൃത്യമായി സർവീസ് നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പല കാരണങ്ങളാൽ കായംകുളത്തേക്കുള്ള ബസ് സർവീസ് ഇടക്കിടയ്ക്ക് മുടങ്ങുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടിന് പരിഹാരം കാണുന്നതിനായി മുടക്കം കൂടാതെ പ്രസ്തുത സർവീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

**മണലൂർ മണ്ഡലത്തിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി**

1936 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ റൂട്ട് ഫോർമുലേഷനുമായി ബന്ധപ്പെട്ട് മണലൂർ മണ്ഡലത്തിൽ നടന്ന ജനകീയ സദസ്സിൽ ഉയർന്നുവന്ന യാത്രാക്ലേശമുള്ള റൂട്ടുകൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) മണലൂർ മണ്ഡലത്തിലെ പ്രസ്തുത റൂട്ടുകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**ജലഗതാഗതമേഖലയുടെ സാദ്ധ്യതകൾ**

1937 **ശ്രീ വി ജോയി**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി ദെലീമ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർന്നുവരുന്ന സാങ്കേതികവിദ്യകൾക്കനുസരിച്ച് സംസ്ഥാന ജലഗതാഗത മേഖലയിൽ നൂതന സാങ്കേതിക വികസനം ലക്ഷ്യമിട്ടിട്ടുണ്ടോ; ഇതിനായി സർക്കാർ പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ;

(ബി) റോഡ്, റെയിൽ ഗതാഗതത്തെ അപേക്ഷിച്ച് ജലഗതാഗതം കൂടുതൽ ലാഭകരവും മലിനീകരണമുക്തവും ആണെന്നിരിക്കെ ജലയാത്രാമാർഗങ്ങളുടെ അനന്ത സാധ്യതകൾ കണ്ടെത്തി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിനോദ സഞ്ചാര മേഖലയിലെ സാധ്യതകൾകൂടി ഉപയോഗപ്പെടുത്തുന്ന രീതിയിൽ ജലഗതാഗത രംഗത്ത് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## ജലഗതാഗതത്തിന് പുതിയ ബോട്ടുകൾ വാങ്ങാൻ നടപടി

1938 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ കാലപ്പഴക്കം ചെന്ന ബോട്ടുകൾ മാറ്റി പുതിയ ബോട്ടുകൾ വാങ്ങാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ജലഗതാഗത വകുപ്പിൽ ജീവനക്കാരെ യഥാസമയം നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കെ. എസ്. ആർ. ടി. സി. നടപ്പാക്കിയതുപോലെ ജലഗതാഗത വകുപ്പ് കുറഞ്ഞ ചെലവിൽ കൂടുതൽ ടൂർ പാക്കേജുകൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## അരൂർ മണ്ഡലത്തിലെ പാണാവള്ളി സ്റ്റേഷനിലെ പുതിയ ബോട്ടുകൾ

1939 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലഗതാഗത വകുപ്പ് അരൂർ മണ്ഡലത്തിലെ പാണാവള്ളി സ്റ്റേഷനിലേക്ക് അനുവദിച്ച പുതിയ ബോട്ടുകൾ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(ബി) പുതുതായി അനുവദിച്ച ബോട്ടുകളിൽ എത്ര ബോട്ടുകൾ നിലവിൽ പാണാവള്ളിയിൽ സർവ്വീസ് നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

## എ.ഐ. ക്യാമറകളുടെ പ്രവർത്തനം

1940 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ മോട്ടോർവാഹന വകുപ്പ് സ്ഥാപിച്ചിട്ടുള്ള എ. ഐ. ക്യാമറകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര നിയമലംഘനങ്ങളാണ് എ.ഐ. ക്യാമറകൾ മൂലം കണ്ടെത്താനായതെന്നും എത്ര രൂപയുടെ പിഴ ഈടാക്കിയെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഏത് ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് ഈ തുക ക്രമീകരിച്ചിട്ടുള്ളതെന്നും ഇതിന്റെ വിനിയോഗം എപ്രകാരമാണെന്നും ഇതിനോടകം പ്രസ്തുത അക്കൗണ്ടിൽ നിന്നും എത്ര തുക എന്തെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) എ.ഐ. ക്യാമറ സ്ഥാപിച്ചിട്ടുള്ള ഇനത്തിൽ നിർവ്വഹണ ഏജൻസിക്കും കരാർ സ്ഥാപനത്തിനും എത്ര രൂപയാണ് സർക്കാർ നൽകിയിട്ടുള്ളതെന്നും ഏത് ഫണ്ടിൽ നിന്നാണ് ഈ തുക അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

**<u>സംസ്ഥാനത്തിനുള്ളിലെ കെ.എസ്.ആർ.ടി.സി. പാതകളിൽ സ്വകാര്യബസുകൾ</u>**

1941 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ക്ക് മാത്രം പെർമിറ്റുള്ള പാതകളിൽ സ്വകാര്യബസുകൾ സജീവമായതോടെ കോർപ്പറേഷൻ നേരിടുന്ന പ്രധാന പ്രതിസന്ധി എന്തെല്ലാമാണെന്ന് വിശദമാക്കുമോ; സ്വകാര്യബസുകൾക്ക് അനുകൂലമായി സർക്കാർ പ്രവർത്തിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ഓൾ ഇന്ത്യാ ടൂറിസ്റ്റ് പെർമിറ്റുള്ള ബസുകൾ റൂട്ട് സർവീസ് പോലെ ഓടുന്നത് നിയമലംഘനമാണെന്ന് ഹൈക്കോടതി വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ തടയാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം വാഹനങ്ങളിൽ എം.വി.ഡി. ഉദ്യോഗസ്ഥർ പരിശോധന നടത്തുമ്പോൾ ബസ്സുടമകൾ അധിക ചാർജ്ജ് ഈടാക്കുന്നത് ഉൾപ്പെടെയുള്ള പരാതികളെന്നും യാത്രക്കാർ നൽകുവാൻ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മോട്ടോർ വാഹനവകുപ്പിലെ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി</u>**

1942 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിലെ ഉദ്യോഗസ്ഥരുടെ കുറവ് വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മോട്ടോർ വാഹനവകുപ്പിലെ ഉദ്യോഗസ്ഥക്ഷാമം പരിഹരിക്കുന്നതിനും സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡ് 24 മണിക്കൂർ പ്രവർത്തിപ്പിക്കുന്നതിനുമായി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**<u>തിരൂരങ്ങാടി സബ് ആർ.ടി.ഒ. ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ</u>**

1943 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ പ്രവർത്തനം ആരംഭിച്ചപ്പോഴുള്ള കമ്പ്യൂട്ടർ, പ്രിന്റർ, തുടങ്ങിയവയാണ് തിരൂരങ്ങാടി സബ് ആർ.ടി.ഒ. ഓഫീസിൽ ഇപ്പോഴും ഉപയോഗിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പതിനഞ്ചുവർഷത്തിൽ കൂടുതൽ ഉപയോഗിച്ച പ്രസ്തുത ഉപകരണങ്ങൾ മാറ്റി പുതിയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) കരാറിൽ നിന്നും സി-ഡിറ്റ് ഒഴിവായതുമൂലം കേടുവരുന്ന കമ്പ്യൂട്ടറുകളുടെ തകരാറുകൾ പരിഹരിക്കാൻ ടെക്നിക്കൽ സ്റ്റാഫ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) 100 കോടിയിൽ കൂടുതൽ സർക്കാറിന് പ്രതിവർഷം വരുമാനം നൽകുന്നതും സംസ്ഥാനത്തുതന്നെ ഏറ്റവും തിരക്കുള്ളതും തിരൂരങ്ങാടി, വേങ്ങര, വള്ളിക്കുന്ന് എന്നീ നിയമസഭാ മണ്ഡലങ്ങൾ പൂർണ്ണമായും താനൂർ നിയമസഭാ മണ്ഡലത്തിന്റെ പകുതിയും ഉൾപ്പെടുന്ന തിരൂരങ്ങാടി സബ് ആർ.ടി.ഒ. ഓഫീസിൽ മേൽപ്പറഞ്ഞത് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ</u>

1944 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വാഹനങ്ങൾക്കും അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഏർപ്പെടുത്തുന്ന നടപടി നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഇത് നടപ്പിലാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇതിനായി വാഹന ഉടമകൾ ഒടുക്കേണ്ട ഫീസ് ഘടന എപ്രകാരമാണ്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ വാഹനങ്ങൾക്കും ഇപ്രകാരം നമ്പർ പ്ലേറ്റുകൾ മാറ്റുമ്പോളുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകളും കാലതാമസവും ഒഴിവാക്കുന്നതിന് എന്തൊക്കെ മുന്നൊരുക്കങ്ങൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ?

## <u>ലേണേഴ്സ് ടെസ്റ്റ് പരിഷ്കരണം</u>

1945 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിങ് ലൈസൻസ് എടുക്കുന്നതിന് വേണ്ടിയുള്ള ലേണേഴ്സ് ടെസ്റ്റ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരുന്നതെന്നുള്ള വിശദാംശം നൽകുമോ?

## <u>ട്രാൻസ്പോർട്ട് കമ്മീഷണർ സ്ക്വാഡ്</u>

1946 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ട്രാൻസ്പോർട്ട് കമ്മീഷണർക്ക് കീഴിൽ ടി.സി. സ്ക്വാഡ് (ട്രാൻസ്പോർട്ട് കമ്മീഷണർ സ്ക്വാഡ്) രൂപീകരിച്ചതിലെ മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ക്വാഡ് രൂപീകരിക്കാൻ ഉണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന്

വിശദമാക്കുമോ;

(സി) പൊതുജനങ്ങളിൽ നിന്ന് ആരോപണമോ വിജിലൻസിൽ നിന്ന് നടപടികളോ നേരിട്ട ഉദ്യോഗസ്ഥർ ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഈ സ്പെഷ്യൽ സ്ക്വാഡിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓരോരുത്തരുടെയും വിവരങ്ങൾ ഇനം തിരിച്ച് വിശദമാക്കാമോ;

(ഡി) ഈ സ്ക്വാഡ് കൊണ്ട് പൊതുജനങ്ങൾക്ക് ഉണ്ടായ നേട്ടങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(ഇ) ഈ സ്ക്വാഡ് നിലവിൽ വന്നതിനുശേഷം ഇതിലെ അംഗങ്ങൾക്കെതിരെ വിജിലൻസ് കേസ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ?

## മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് പുതിയ കെട്ടിടം

1947 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടി ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) സ്ഥലം ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ; തടസ്സങ്ങൾ ഉണ്ടെങ്കിൽ നിലവിലുള്ള കെട്ടിടം പൊളിച്ച് മാറ്റി പുതിയത് നിർമ്മിക്കുമോ; കെട്ടിടനിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടും കെട്ടിടനിർമ്മാണ നടപടി അനന്തമായി നീണ്ടു പോകുന്നതിനുള്ള കാരണം എന്താണ്; ഇതിനെന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ അവ പരിഹരിക്കുവാൻ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം നൽകുമോ?

## ഹെൽമെറ്റിന്റെ ഗുണമേന്മ

1948 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുചക്രവാഹനാപകടങ്ങളിൽപ്പെടുന്നവർ ഹെൽമെറ്റ് ധരിച്ചിട്ടും അവരുടെ തലയോട്ടിക്ക് ഗുരുതരമായി പരിക്കേൽക്കുന്നുവെന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഹെൽമെറ്റിന്റെ ഗുണമേന്മ ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

## തേർഡ് പാർട്ടി ഇൻഷ്വറൻസ് നടപടിക്രമം ലഘൂകരിക്കുന്നതിനുള്ള നടപടി

1949 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വാഹനത്തിൽ മറ്റൊരു വാഹനം ഇടിച്ച് കേടുപറ്റുകയും മനുഷ്യർക്ക് പരിക്ക് പറ്റാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അപകടം നടന്ന സ്ഥലത്തുതന്നെ പോലീസ്/മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥർ എത്തി നടത്തുന്ന ജി.ഡി. എൻട്രി

ഉപയോഗിച്ച് കോടതി മുഖേനയല്ലാതെ നേരിട്ട് തേർഡ് പാർട്ടി ഇൻഷ്വറൻസ് ക്ലെയിം ചെയ്യുന്നതിനുള്ള അനുമതി നിലവിലുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇത്തരം സന്ദർഭങ്ങളിൽ ജി.ഡി. എൻട്രി സംബന്ധിച്ച് പരാതി യുണ്ടെങ്കിൽ മാത്രം കോടതി മുഖാന്തരം ഇൻഷ്വറൻസ് ക്ലെയിം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചാൽ അത് നടപടി ക്രമം ലഘൂകരിക്കുകയും തേർഡ് പാർട്ടി ഇൻഷ്വറൻസ് ക്ലെയിം കിട്ടുന്നതിലെ കാലതാമസം ഗണ്യമായി കുറയ്ക്കുകയും വഴി പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>ആംബുലൻസുകളിലെ അപായ സൈറണുകൾ</u>

1950 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആംബുലൻസുകളിൽ നിയമപ്രകാരം എത്ര തരം അപായ സൈറണുകളാണ് സ്ഥാപിക്കേണ്ടത്; ഇവയുടെ വ്യത്യാസം പൊതുജനങ്ങൾക്കും ഡ്രൈവിംഗ് ലൈസൻസ് ഉള്ളവർക്കും മനസ്സിലാക്കുവാൻ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) അപകട സാഹചര്യവും രോഗികളും ഇല്ലാത്തപ്പോഴും സൈറൺ മുഴക്കി ആംബുലൻസുകൾ കടന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>ഫോൺനമ്പർ മോട്ടോർവകുപ്പിന്റെ പോർട്ടലിൽ ചേർക്കൽ</u>

1951 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി. ലൈസൻസ് എന്നിവയുമായി ബന്ധിപ്പിച്ച മൊബൈൽ ഫോൺനമ്പർ മോട്ടോർവെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ പരിവാഹൻ പോർട്ടലിൽ ചേർക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ ഫോൺനമ്പർ പ്രസ്തുത പോർട്ടലിൽ ചേർക്കുന്നതിന് സേവനം ലഭിക്കുന്ന കേന്ദ്രങ്ങൾ ഏതൊക്കെയാണെന്നും ഇപ്രകാരം മൊബൈൽ ഫോൺനമ്പർ ചേർക്കുമ്പോൾ വാഹനയുടമക്ക് ലഭിക്കുന്ന പ്രധാന സേവനങ്ങൾ/പ്രയോജനങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ;

(സി) മോട്ടോർവാഹന വകുപ്പിന്റെ പോർട്ടലിൽ മൊബൈൽ നമ്പർ ചേർക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം സുരക്ഷാക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>റെഫ്രിജറേഷൻ മെക്കാനിക് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ</u>

1952 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പിൽ റെഫ്രിജറേഷൻ മെക്കാനിക് തസ്തികയിൽ പി.എസ്.സി. മുഖേന നടത്തിയ നിയമനങ്ങൾ

എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഈ തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനമോ കരാർ നിയമനമോ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ; ഈ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## <u>ശുചിത്വസാഗരം സുന്ദരതീരം പദ്ധതി</u>

1953 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തികുളങ്ങര ഹാർബറിൽ നടത്തുന്ന 'ശുചിത്വസാഗരം സുന്ദരതീരം' പദ്ധതിയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ഇപ്പോൾ തൊഴിൽ ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകൾ പ്ലാസ്റ്റിക് മാലിന്യം ഹാർബറിൽ എത്തിക്കാത്തതും പുറത്ത് നിന്ന് പ്ലാസ്റ്റിക് മാലിന്യം ഹാർബറിൽ എത്തിച്ച് തരംതിരിക്കാൻ സമ്മതിക്കാത്തതും ആണ് തൊഴിൽ പ്രതിസന്ധിയ്ക്ക് കാരണമെന്നത് അറിവുള്ളതാണോ; ഇത് പരിഹരിക്കാൻ പ്ലാസ്റ്റിക് മാലിന്യം കൊണ്ടുവരുന്ന ബോട്ടുകൾക്ക് ചെറിയ തോതിൽ പ്രതിഫലം നൽകിയും പുറത്ത് നിന്ന് പ്ലാസ്റ്റിക് മാലിന്യം ഹാർബറിൽ എത്തിച്ച് തരം തിരിക്കാൻ അനുമതി നൽകിയും തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>ഫിഷറീസ് വകുപ്പ് മുഖേന വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും പ്രവൃത്തികളും</u>

1954 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ ഫിഷറീസ് വകുപ്പ് മുഖേന വടകര നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശം അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്രവീതമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ്; ഇവ ഓരോന്നിനും നീക്കി വച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന തദ്ദേശസ്ഥാപന വിഹിതങ്ങൾ എത്ര വീതമാണ്; വിശദമാക്കാമോ;

(ഇ) ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിനായി ഫിഷറീസ് വകുപ്പുമുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**<u>സംസ്ഥാനത്തെ മത്സ്യ ലഭ്യത</u>**

1955 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും മത്സ്യ ലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ദൈനംദിനം വേണ്ടിവരുന്ന മത്സ്യത്തിന്റെ അളവും ഇപ്പോഴുള്ള ലഭ്യതയും എത്രയെന്നും ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന മത്സ്യത്തിന്റെ അളവ് എത്രയെന്നും അറിയിക്കാമോ;

(സി) മത്സ്യ ലഭ്യതയിൽ സംസ്ഥാനത്തിന് എപ്പോൾ സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>കോഴിക്കോട് വെസ്റ്റ്ഹിൽ പുനർഗേഹം പദ്ധതി</u>**

1956 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ്ഹിൽ പുനർഗേഹം പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പുനർഗേഹം പദ്ധതി പ്രകാരം എത്ര ഭവനങ്ങൾ നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്; വ്യക്തമാക്കുമോ;

(സി) ഇവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

**<u>മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>**

1957 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ കഴിഞ്ഞ രണ്ട് വർഷങ്ങളായി മുടങ്ങിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഇതിനായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും പ്രസ്തുത തുക ഉപയോഗിച്ച് ആനുകൂല്യങ്ങൾ പൂർണ്ണമായി നൽകാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ഡി) ഇതിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>കുരിക്കുളം ഇക്കോ ഹാച്ചറിയുടെ നിർമ്മാണം</u>**

1958 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കീരമ്പാറ പഞ്ചായത്തിലെ കുരിക്കുളം ഇക്കോ ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) ഇക്കോ ഹാച്ചറിയുടെ പ്രവർത്തന രീതി വിശദീകരിക്കാമോ;

(സി) പ്രസ്തുത ഹാച്ചറി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയുള്ള ആനുകൂല്യങ്ങൾ</u>

1959 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയുള്ള ആനുകൂല്യങ്ങൾ യഥാസമയം അനുവദിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശിക പൂർണ്ണമായും അനുവദിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബോർഡ് മുഖേന വിവിധ പദ്ധതികൾക്കായി എത്ര തുകയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>മത്സ്യബന്ധന യാനങ്ങൾക്കാവശ്യമായ മണ്ണെണ്ണ</u>

1960 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങൾക്കാവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാൻ വകുപ്പ് മുൻകൈ എടുത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രം നൽകേണ്ട മണ്ണെണ്ണ വിഹിതം ലഭ്യമാക്കാൻ വകുപ്പ് മുൻകൈ എടുത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ഇതിനെ സംബന്ധിച്ച കേന്ദ്ര സമീപനം എന്തെന്നും വ്യക്തമാക്കാമോ;

(സി) മണ്ണെണ്ണക്കു പകരം ശുദ്ധവും പരിസ്ഥിതിക്കു യോജിച്ചതുമായ ഇന്ധനം ഉപയോഗിക്കുന്ന യാനങ്ങളിലേക്കു മാറാൻ മത്സ്യത്തൊഴിലാളികൾക്കു സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

## <u>ഫിഷറീസ് വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ</u>

1961 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2025-വരെ അമ്പലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

## <u>വൈപ്പിൻ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ</u>

1962 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ വിവിധ പദ്ധതിപ്രകാരം ഫിഷറീസ് വകുപ്പ് 2021 മുതൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കിവരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, ഭരണാനുമതി നൽകിയ തീയതി എന്നിവ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## <u>കപ്പലപകടത്തെ തുടർന്ന് തീരത്ത് അടിഞ്ഞിട്ടുള്ള പ്ലാസ്റ്റിക് നീക്കം ചെയ്യുന്നതിനുള്ള നടപടി</u>

1963 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ തീരത്തിന് സമീപം ഉണ്ടായ കപ്പലപകടത്തെ തുടർന്ന് തിരുവനന്തപുരം ജില്ലയോട് ചേർന്ന കടലിലെ മത്സ്യസമ്പത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## <u>മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ സ്റ്റൈപ്പൻഡ്</u>

1964 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ സ്റ്റൈപ്പൻഡ് നൽകുവാൻ വകുപ്പ് എത്ര തുകയാണ് മാറ്റിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക നാളിതുവരെ എത്ര വിദ്യാർത്ഥികൾക്കാണ് നൽകിയത് എന്നും ഇനി എത്ര കുടിശ്ശികയുണ്ട് എന്നും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## <u>കേരളത്തിൽ ഫിഷറീസ്- മത്സ്യ ബന്ധന മേഖലയിൽ കിഫ്ബി വഴി അനുവദിച്ച തുക</u>

1965 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഫിഷറീസ്- മത്സ്യബന്ധന മേഖലയിൽ കിഫ്ബി വഴി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര കോടിയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

## <u>വൈപ്പിൻ മണ്ഡലത്തിലെ ഓഷ്യനേറിയം/അക്വാപാർക്ക് പദ്ധതി</u>

1966 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ ഫിഷറീസ് വകുപ്പിന് 15.12.2007-ൽ കൈമാറി കിട്ടിയ 50 ഏക്കർ ഭൂമിയിൽ ഓഷ്യനേറിയം/അക്വാപാർക്ക് ആരംഭിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്നൊക്കെയാണ് യോഗങ്ങൾ വിളിച്ചു ചേർത്തതെന്നും പ്രസ്തുത യോഗതീരുമാനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## <u>കായംകുളം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് അനുവദിച്ച പ്രവൃത്തികൾ</u>

1967 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന അനുവദിച്ച പ്രവൃത്തികൾ, അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

## <u>പുനർഗേഹം പദ്ധതി വഴി മത്സ്യ തൊഴിലാളികൾക്ക് വീടുകൾ</u>

1968 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതി വഴി സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ ലഭ്യമായിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## <u>ലൈഫ് ഭവന പദ്ധതികൾ വഴി മത്സ്യതൊഴിലാളി കുടുംബങ്ങളിൽപ്പെട്ടവർക്ക് വീട്</u>

1969 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതികൾ വഴി മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട എത്ര പേർക്ക് വീട് ലഭിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## <u>കുണ്ടറ മണ്ഡലത്തിലെ ഫിഷറീസ് പദ്ധതികൾ</u>

1970 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിലേയ്ക്കായി ഫിഷറീസ് വകുപ്പ് മുഖേന അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്താണെന്നും വിശദമാക്കാമോ?

## കല്ലാനോട് ഫിഷ് ഹാച്ചറി നിർമ്മാണം

1971 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാനോട് ഫിഷറീസ് ഹാച്ചറി നിർമ്മാണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ഏക്കർ ഭൂമിയാണ് ഇറിഗേഷൻ വകുപ്പ് വിട്ടുനൽകിയത്; ഈ സ്ഥലം പൂർണ്ണമായും ഫിഷ് ഹാച്ചറി നിർമ്മാണത്തിന് ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കല്ലാനോട് ഫിഷറീസ് ഹാച്ചറിയുടെ പ്രവൃത്തി പുരോഗതി അറിയിക്കാമോ; ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## പരപ്പനങ്ങാടി തീരപ്രദേശത്തെ കടലാക്രമണം തടയുന്നതിനുള്ള പുലിമുട്ട് നിർമ്മാണം

1972 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷിങ് ഹാർബർ നിർമ്മാണത്താൽ സമീപ തീരപ്രദേശങ്ങളിൽ സംജാതമായ രൂക്ഷമായ കടലാക്രമണം ചെറുക്കുന്നതിന്, നിലവിലുള്ള പുലിമുട്ടുകൾ നവീകരിച്ച് ശക്തിപ്പെടുത്തുന്നതിനും പുതുതായി ആവശ്യമുള്ള സ്ഥലങ്ങളിൽ പുലിമുട്ട് നിർമിക്കുന്നതിനും ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിക്കും, കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ എം.ഡി-ക്കും നിയോജകമണ്ഡലം എം.എൽ.എ നൽകിയ കത്തുകൾ പ്രകാരം സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണ്; ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഈ വിഷയത്തിന്റെ ഗൗരവം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ പ്രവൃത്തികൾ എന്നേക്ക് ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

## മുതലപ്പൊഴിയിലെ അശാസ്ത്രീയ നിർമ്മാണങ്ങൾ

1973 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എം. വിൻസെന്റ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴിയിൽ അശാസ്ത്രീയ നിർമ്മാണത്തിന്റെ ഭാഗമായി അപകടങ്ങൾ നടക്കുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) മുതലപ്പൊഴിയിൽ അശാസ്ത്രീയ നിർമ്മാണത്തിന്റെ ഭാഗമായുള്ള അപകടങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ അതിന്റെ പ്രവൃത്തികൾ എന്ന് മുതൽ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## പുനർഗേഹം രണ്ടാം ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി

1974 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ പ്രഖ്യാപിച്ച പുനർഗേഹം രണ്ടാം ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി നിശ്ചലമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>ഷിറിയ റിവർ പുലിമുട്ട് നിർമ്മാണ പ്രവൃത്തി</u>**

1975 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഷിറിയ റിവർ പുലിമുട്ട് നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സി. ആർ. ഇസഡ്. അനുമതി ലഭിക്കുന്നതിനുള്ള നടപടി ഏത് വരെയായി എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

**<u>മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതി</u>**

1976 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ച് നൽകുവാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നും ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ച് നൽകുന്ന പദ്ധതിയിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്നും എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും പദ്ധതി നടത്തിപ്പിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ ഭരണതലത്തിൽ നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**<u>മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം</u>**

1977 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം പൂർണ്ണമായും സജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹാർബർ പൂർണ്ണതോതിൽ സജ്ജമാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

**<u>കാസർഗോഡ് മണ്ഡലത്തിലെ തീരദേശ റോഡുകൾ</u>**

1978 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകളായി പരിഗണിക്കപ്പെടാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് മണ്ഡലത്തിലെ തീരദേശ റോഡുകൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ 9 വർഷം ഈ റോഡുകൾക്ക് ചെലവഴിച്ച തുക എത്രയാണെന്ന് റോഡ് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി തുടങ്ങാത്തതും പാതി വഴിയിലായതുമായ തീരദേശ റോഡുകൾ മണ്ഡലത്തിലുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(ഇ) എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് കാത്തിരിക്കുന്ന മണ്ഡലത്തിലെ തീരദേശ റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള മണ്ഡലത്തിലെ തീരദേശറോഡുകളുടെ വിശദാംശം നൽകാമോ?

**<u>അഴീക്കോട് മണ്ഡലത്തിലെ തീരദേശ റോഡുകളുടെ സ്ഥിതി</u>**

1979 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിൽ അഴീക്കോട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള തീരദേശ റോഡുകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പദ്ധതി പൂർത്തിയായതും നിലവിൽ നടന്നുകൊണ്ടിരിക്കുന്നതും ടെണ്ടർ ചെയ്തതുമായ തീരദേശ റോഡുകളുടെ വിശദാംശം വേർതിരിച്ച് അറിയിക്കാമോ?

**<u>ഗുരുവായൂർ മണ്ഡലത്തിലെ തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതി</u>**

1980 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഗുരുവായൂർ മണ്ഡലത്തിൽ തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച റോഡുകൾ ഏതൊക്കെയെന്നും പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിയുടെ വിവരവും വിശദമാക്കാമോ?

**<u>കുണ്ടറ നിയോജകമണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ</u>**

1981 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ളതും നിർമ്മാണം നടക്കുന്നതുമായ ഫിഷറീസ് റോഡ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുക എത്രയെന്നും ഏതൊക്കെ സാമ്പത്തിക വർഷങ്ങളിലാണ് പദ്ധതികൾ അനുവദിച്ചതെന്നും പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിക്കുവാൻ കഴിയാത്തതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

## വക്കാട് - പുത്തങ്ങാടി സി വാൾ റോഡ് നിലവാരമുയർത്തൽ

1982 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന തിരൂർ നിയോജക മണ്ഡലത്തിലെ വക്കാട്-പുത്തങ്ങാടി സീ വാൾ റോഡിന്റെ നിലവാരം ഉയർത്തൽ പ്രവൃത്തിയിൽ ആകെ പൂർത്തിയാകേണ്ട റോഡിന്റെ നീളം എത്രയാണെന്നും അതിൽ നിലവാരം ഉയർത്തൽ പ്രവൃത്തി നടന്ന ഭാഗത്തിന്റെ നീളം എത്രയാണെന്നും ആയതിന് വേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിലവാരം ഉയർത്തൽ പ്രവൃത്തിയിൽ പൂർത്തിയാക്കാൻ ബാക്കിയുള്ള റോഡിന്റെ നീളം എത്രയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയിൽ ബാക്കിയുള്ള റോഡിന്റെ പണി പൂർത്തിയാക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയിൽ ബാക്കിയുള്ള റോഡിന്റെ പണി പൂർത്തിയാക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഫിഷറീസ് വകുപ്പിന്റെ തളിപ്പറമ്പ് മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പദ്ധതി

1983 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ നവീകരിക്കുന്നതിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; ആകെ എത്ര കിലോമീറ്റർ റോഡ് ഇതുവരെ നവീകരിച്ചിട്ടുണ്ട്; തദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ?

## തേവലക്കര ഗ്രാമപഞ്ചായത്തിൽ തീരദേശ റോഡ് നിർമ്മാണം

1984 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ തേവലക്കര ഗ്രാമപഞ്ചായത്തിൽ തീരദേശ റോഡ് വികസന ഫണ്ട് ഉപയോഗിച്ച് 2017-ൽ ആരംഭിച്ച തീരദേശ റോഡിന്റെ നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

**കൊടിയത്തൂർ - കാരാട്ട് റോഡ് നിർമ്മാണഫണ്ട്**

1985 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ - ഉൾനാടൻ മത്സ്യബന്ധന പ്രദേശമായ കൊടിയത്തൂർ - കാരാട്ട് റോഡ് നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**മത്സ്യമേഖലയിൽ നടപ്പാക്കിയ നൂതന പദ്ധതികൾ**

1986 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യ മേഖലയിൽ ഈ സർക്കാർ നടപ്പാക്കിയ നൂതന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ ദുരിതങ്ങൾ കുറയ്ക്കുവാൻ എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ**

1987 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യമേഖലയുടെ ആഭ്യന്തര ഉല്പാദന വളർച്ചാതോത് വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) ആഴക്കടൽ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതിന് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**കേരളത്തിലെ മത്സ്യ ഉത്പന്നങ്ങൾ വിദേശ വിപണിയിൽ**

1988 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യ ഉത്പന്നങ്ങൾ വിദേശ വിപണിയിൽ കൂടുതൽ വിലയേറിയതായി മാറ്റാൻ ബ്രാന്റിംഗ് പദ്ധതി നടപ്പിലാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**തീരദേശ വികസന കോർപ്പറേഷന്റെ ചാത്തന്നൂർ മണ്ഡലത്തിലെ പ്രവൃത്തികൾ**

1989 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷന്റെ നിർവഹണ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിൽ നടന്നുവരുന്ന മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി ഓരോ മാർക്കറ്റുകളും തിരിച്ച് വിശദമാക്കാമോ;

(ബി) തീരദേശ വികസന കോർപ്പറേഷന്റെ നിർവഹണ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലെ പുക്കുളം സുനാമി ഫ്ലാറ്റ് സമുച്ചയത്തിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

**'അന്തിപ്പച്ച' വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടി**

1990 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലം എം.എൽ.എ. ഫണ്ടിൽ നിന്നും മത്സ്യവിപണനത്തിനായി അനുമതി ലഭ്യമായ 'അന്തിപ്പച്ച' വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ എന്തായെന്ന് വിശദമാക്കാമോ; എന്ന് മുതൽ പ്രോജക്ട് നടപ്പിലാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

**കരിപ്പുഴ ഫിഷ് മാർക്കറ്റ്**

1991 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന കായംകുളം മണ്ഡലത്തിലെ കരിപ്പുഴ ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

**ഇന്ത്യൻ ഉൽപ്പന്നങ്ങൾക്കുമേൽ അമേരിക്ക അധിക തീരുവ ഏർപ്പെടുത്തിയ നടപടി**

1992 **ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള വാണിജ്യ മേഖലയിൽ അമേരിക്ക ഇന്ത്യൻ ഉല്പന്നങ്ങൾക്കുമേൽ ഏർപ്പെടുത്തിയ അധിക തീരുവ കേരളത്തിന്റെ സമുദ്രോല്പന്ന കയറ്റുമതിയെ

എപ്രകാരം ബാധിക്കുമെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിവിധ ഏഷ്യൻ-യൂറോപ്യൻ രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറിൽ ഏർപ്പെടുന്നതിനായി ഇന്ത്യ ശ്രമിക്കുന്ന സാഹചര്യത്തിൽ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങൾക്ക് യൂറോപ്യൻ രാജ്യങ്ങളിൽ പുതിയ വിപണി കണ്ടെത്തുന്നതിനായി ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരളത്തിന്റെ സമുദ്രോല്പന്ന കയറ്റുമതി നിലവിൽ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കുന്നതിനായി രാജ്യത്തെ ആഭ്യന്തര വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

### കോഴിക്കോട് നോർത്ത് വെള്ളയിൽ ഫിഷ് മാർക്കറ്റ് നിർമ്മാണം

1993 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ നിർമ്മാണത്തിന് അനുമതി നൽകിയ വെള്ളയിൽ ഫിഷ് മാർക്കറ്റിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പദ്ധതി പ്രകാരമുള്ള നിർമ്മാണത്തിലെ തടസ്സങ്ങൾ നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർവഹണ ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ?

### കപ്പൽ അപകടങ്ങളെ തുടർന്ന് മത്സ്യസമ്പത്തിൽ ഉണ്ടായ പ്രതിസന്ധി

1994 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടായ രണ്ട് കപ്പൽ അപകടങ്ങൾ മത്സ്യസമ്പത്തിനെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഉചിതമായ നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കപ്പൽ കമ്പനികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

### ചരക്കുകപ്പൽ അപകടങ്ങൾ

1995 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് അപകടത്തിൽ മുങ്ങിയ ചരക്കുകപ്പലുകളിൽ നിന്നും ഒഴുകിയെത്തിയ കണ്ടെയിനറുകൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; പരിസ്ഥിതിക്കും ജനങ്ങൾക്കും ദോഷകരമായി ബാധിക്കുന്ന എന്തെല്ലാം വസ്തുക്കളാണ് പ്രസ്തുത കണ്ടെയിനറുകളിൽ ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ചരക്കുകപ്പൽ അപകടത്തെ തുടർന്ന് സംസ്ഥാനത്തിന്റെ തീരമേഖലയ്ക്കും സമുദ്ര പരിസ്ഥിതിക്കും സംഭവിച്ചിട്ടുള്ള നഷ്ടവും മലിനീകരണത്തിന്റെ ആഴവും തോതും എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഈ നഷ്ടം ബന്ധപ്പെട്ട കമ്പനികളിൽ നിന്നും ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) തീരപ്രദേശത്തും കടലിലും അടിഞ്ഞിട്ടുള്ള കണ്ടെയിനറുകളിൽ തട്ടി മത്സ്യത്തൊഴിലാളികളുടെ വള്ളവും വലയും അടക്കമുള്ള ഉപജീവന മാർഗ്ഗങ്ങൾക്ക് കേടുപാടുകളും വലിയ നാശനഷ്ടങ്ങളും ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട എത്ര പരാതികളാണ് ഫിഷറീസ് വകുപ്പിന് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; എത്ര രൂപയുടെ നാശനഷ്ടമാണ് മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ ഫലമായി സംഭവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; എത്ര രൂപ നഷ്ടപരിഹാരമായി മത്സ്യത്തൊഴിലാളികൾക്ക് നൽകിയെന്നും വ്യക്തമാക്കാമോ;

(ഡി) ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ എത്ര മത്സ്യത്തൊഴിലാളികൾക്കാണ് ഈ പ്രതിസന്ധിയെ തുടർന്ന് മത്സ്യബന്ധന വല അടക്കം നഷ്ടമായതെന്നും ഇതിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയെന്നും അറിയിക്കാമോ;

(ഇ) ഇത്തരമൊരു പ്രതിസന്ധി ഭാവിയിൽ ഉണ്ടാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളും പ്രതിരോധ നടപടികളും സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ

1996 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി നിലവിൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വർക്കല മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനോപകരണങ്ങളും വീടും കാലവർഷക്കെടുതിയിൽ നശിച്ചുപോയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ആയവ പുനർ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

## കേരളതീരത്ത് അപകടത്തിൽപ്പെട്ട ചരക്ക് കപ്പലുകൾ

1997 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളതീരത്ത് അപകടത്തിൽപ്പെട്ട എം.എസ്.സി. എൽസ 3, വാൻഹായ് 503 എന്നീ ചരക്ക് കപ്പലുകളിലെ കണ്ടെയ്നറുകളിൽ ഉണ്ടായിരുന്ന പദാർത്ഥങ്ങൾ കേരളതീരത്തെ മത്സ്യസമ്പത്തിനെയും ജൈവവൈവിധ്യത്തെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അപകടത്തിൽപ്പെട്ട പ്രസ്തുത കപ്പലുകളിലെ കണ്ടെയ്നറുകളിൽ ഉണ്ടായിരുന്ന പദാർത്ഥങ്ങൾ കേരളതീരത്തെ മത്സ്യസമ്പത്തിനെയും ജൈവവൈവിധ്യത്തെയും എപ്രകാരം ബാധിച്ചു എന്ന പഠനം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടെങ്കിൽ പഠനറിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കപ്പലുകളിലെ കണ്ടെയ്നറുകളിൽ ഉണ്ടായിരുന്ന പദാർത്ഥങ്ങൾ കടലിൽ വ്യാപിച്ചതിനെ തുടർന്ന് മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗത്തിലും വരുമാനത്തിലും ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ചരക്ക് കപ്പലുകളുടെ ഉടമസ്ഥരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കി കേരളതീരത്തെ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഓരോ കപ്പൽ ഉടമസ്ഥരിൽ നിന്നും എത്ര തുക വീതം ആണ് ഈടാക്കി നൽകിയത് എന്ന് അറിയിക്കാമോ;

(ഇ) ചരക്ക് കപ്പലുകളുടെ ഉടമസ്ഥരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കി കേരളതീരത്തെ മത്സ്യത്തൊഴിലാളികൾക്ക് നൽകാൻ സാധിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത ചരക്ക് കപ്പലുകളുടെ ഉടമസ്ഥരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കി മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടില്ലെങ്കിൽ അത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ?

## <u>ഹാർബർ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം</u>

1998 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) എല്ലാ ഹാർബറുകളിലും കുടിവെള്ളവും ശുചിത്വവും ഉറപ്പാക്കുവാൻ പ്രസ്തുത കമ്മിറ്റികൾ മുഖേന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>ചേറ്റുവ, മുനക്കക്കടവ് ഹാർബറുകളിലെ ഫ്ലോട്ടിംഗ് ജെട്ടി നിർമ്മാണം</u>

1999 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടുള്ള, ഗുരുവായൂർ മണ്ഡലത്തിലെ ചേറ്റുവ, മുനക്കക്കടവ് ഹാർബറുകളിലെ ഫ്ലോട്ടിംഗ് ജെട്ടി നിർമ്മാണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**അഴീക്കൽ ഫിഷിംഗ് ഹാർബർ നവീകരണ പ്രവൃത്തി**

2000 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ ഫിഷിംഗ് ഹാർബർ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; എന്തൊക്കെ പ്രവൃത്തിയാണ് ഇനി പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഹാർബർ നവീകരണ പ്രവൃത്തി ഒക്ടോബർ പകുതിയോടുകൂടി പൂർത്തിയാക്കുന്നതിന് സാധിക്കുമോ; വിശദാംശം നൽകാമോ?

**കാസർഗോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി പുനർ നിർമ്മിച്ച റോഡുകൾ**

2001 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഇന്നേവരെ കാസർഗോഡ് ജില്ലയിലെ തീരദേശ മേഖലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന എത്ര റോഡുകൾ പുനർനിർമ്മിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

**അരൂർ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രത്തികൾ**

2002 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികൾ**

2003 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## ഹാർബർ എഞ്ചിനീയറിംഗ് മുഖേന നടപ്പിലാക്കിയ പദ്ധതി

2004 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ തൽസ്ഥിതിയും അറിയിക്കുമോ;

(ബി) 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ കോസ്റ്റൽ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ തൽസ്ഥിതിയും അറിയിക്കുമോ?

## ജിയോട്യൂബ് ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതി

2005 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ വികസനത്തിനായി 2025-2026 ബജറ്റിൽ പ്രഖ്യാപിച്ച 100 കോടി രൂപയുടെ ജിയോട്യൂബ് ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ഏതെല്ലാം തീരപ്രദേശങ്ങളാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും എങ്കിൽ നിർവ്വഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

## പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ പുലിമുട്ട് നിർമ്മാണം

2006 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി-പാലക്കോട് അഴിമുഖത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയുള്ള പുലിമുട്ട് നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്നും ഇതുവരെ പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

## ആനങ്ങാടി ഫിഷ് ലാന്റിംഗ് സെന്ററിനെ മിനി ഫിഷിംഗ് ഹാർബർ ആയി ഉയർത്താൻ നടപടി

2007 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര മിനി ഫിഷിംഗ് ഹാർബറുകൾക്ക് പുതുതായി അനുമതി നൽകി; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ ആനങ്ങാടി ഫിഷ് ലാന്റിംഗ് സെന്ററിനെ മിനി ഫിഷിംഗ് ഹാർബറായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് 82 ലക്ഷം രൂപയുടെ പ്രപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;വിശദമാക്കാമോ?

**മഞ്ചേശ്വരം മണ്ഡലത്തിലെ തീരദേശ റോഡുകൾ**

2008 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള, മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ വിവിധ തീരദേശ റോഡുകളുടെ നിർവഹണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത ഓരോ റോഡുകളുടെയും പ്രവൃത്തി എപ്പോൾ തുടങ്ങി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ;

(സി) നവകേരള സദസ്സിന്റെ ഭാഗമായി നടപ്പിലാക്കുന്ന മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

**ഹരിപ്പാട് മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ**

2009 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടന്നുവരുന്ന വിവിധ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഭരണാനുമതിക്കായി സർക്കാർ തലത്തിൽ പരിഗണനയിലുള്ള വർക്കുകളുടെ വിശദാംശവും നിലവിൽ എസ്റ്റിമേറ്റ് നിർണ്ണയം പുരോഗമിക്കുന്ന വർക്കുകളുടെ വിശദാംശവും നൽകാമോ?

**ഫിഷറീസ് ആന്റ് ഓഷ്യൻ നോളജ് സെന്ററിന്റെ നിലവിലെ സ്ഥിതി**

2010 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഫോസ് മുഖേന ഗുരുവായൂർ മണ്ഡലത്തിൽ ആരംഭിക്കുന്ന ഫിഷറീസ് ആന്റ് ഓഷ്യൻ നോളജ് സെന്ററിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെന്റർ ആരംഭിക്കുന്നതിനായി എം. എൽ. എ. ഫണ്ട് പ്രയോജനപ്പെടുത്തി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സെന്റർ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദമാക്കാമോ?

**അമ്പലപ്പുഴ മണ്ഡലത്തിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ**

2011 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ അമ്പലപ്പുഴ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

**<u>ലെനിൻ രാജേന്ദ്രൻ സ്മാരക തിയേറ്റർ സമുച്ചയത്തിന് ഭൂമി ഏറ്റെടുക്കുന്ന നടപടി</u>**

2012 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ ലെനിൻ രാജേന്ദ്രൻ സ്മാരക തിയേറ്റർ സമുച്ചയങ്ങളും സ്മാരകങ്ങളും നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതിന്റെ തുടർനടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

**<u>വർക്കല മണ്ഡലത്തിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ</u>**

2013 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് സാംസ്കാരിക വകുപ്പിന് കീഴിൽ നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>തിരുവനന്തപുരം ജില്ലയിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ</u>**

2014 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സാംസ്കാരിക വകുപ്പ് തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പദ്ധതികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>മഹാകവി ടി. ഉബൈദ് സ്മാരക മാപ്പിള കലാസാഹിത്യ ഗവേഷണ കേന്ദ്രം</u>**

2015 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി ടി. ഉബൈദ് സ്മാരക മാപ്പിള കലാസാഹിത്യ ഗവേഷണ കേന്ദ്രം കാസർകോട് മണ്ഡലത്തിൽ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ബജറ്റിൽ ഇതിനു വേണ്ടി അടങ്കൽ പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഏതു വർഷത്തെ ബജറ്റിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഗവേഷണ കേന്ദ്രത്തിനായി വകയിരുത്തിയ തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ; പദ്ധതി എപ്പോൾ യാഥാർത്ഥ്യമാകുമെന്നും അതിനായി

എതൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

## <u>തോപ്പിൽഭാസി സ്മാരക ഓഡിറ്റോറിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

2016 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം സാംസ്കാരിക വിനോദകേന്ദ്രത്തിൽ നിർമ്മിക്കുന്ന തോപ്പിൽഭാസി സ്മാരക ഓഡിറ്റോറിയത്തിന്റെ നിർമ്മാണ പ്രവർത്തികൾ നിലച്ച അവസ്ഥയിലാണെന്നത് സർക്കാർ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>ചേറ്റുവ രാമുകാര്യാട്ട് സിനിമ തിയേറ്റർ നിർമ്മാണം</u>

2017 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് 2022-23 വർഷത്തിലെ സംസ്ഥാന ബജറ്റിൽ 20% തുക വകയിരുത്തിയ ചേറ്റുവ രാമുകാര്യാട്ട് സിനിമ തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>സിനിമ, ടെലിവിഷൻ നയം രൂപീകരണം</u>

2018 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിനിമ, ടെലിവിഷൻ നയം രൂപീകരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ന് നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ബി) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിലെ ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സ് പുനർനിർമ്മിക്കുന്നതിനായുള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം എന്നത്തേക്കാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഷൂട്ടിംഗ് ജോലികൾ ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ നിർവഹിക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ ലഭ്യമല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ചലച്ചിത്ര അക്കാഡമി പോലെ ഒരു ടെലിവിഷൻ അക്കാഡമി സ്ഥാപിക്കുമോ; വിശദമാക്കാമോ;

(ഇ) ടെലിവിഷൻ രംഗത്ത് ജോലി നോക്കുന്ന മുഴുവൻ സാങ്കേതിക പ്രവർത്തകരുടെയും സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് ഒരു തൊഴിൽ നിയമം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ;

(എഫ്) സംസ്ഥാനത്ത് ടെലിവിഷൻ മേഖലയിൽ പ്രവർത്തിക്കുന്ന സാങ്കേതിക പ്രവർത്തകർക്ക് അംഗീകൃത ട്രേഡ് യൂണിയനുകൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

## കന്നഡ മഹാകവി കയ്യാർ കിഞ്ഞണ്ണ റായിയുടെ സ്മാരകം

2019 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രശസ്ത ദക്ഷിണേന്ത്യൻ കന്നഡ മഹാകവി കയ്യാർ കിഞ്ഞണ്ണ റായിയുടെ സ്മാരകമായി ഒരു കന്നഡ അക്കാഡമി കാസർകോട് മണ്ഡലത്തിൽ സ്ഥാപിക്കുന്നതിന് ബജറ്റിൽ അടങ്കൽ തുക പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഏതു വർഷത്തെ ബജറ്റിലാണ് അപ്രകാരം ഉൾപ്പെടുത്തിയതെന്നും അടങ്കൽ തുക എത്രയെന്നുമുള്ള വിവരങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച തുക അനുവദിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## നാട്ടരങ്ങ് പദ്ധതി

2020 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ കടലുണ്ടി പുഴയോരത്ത് ചുഴലിമണല പ്രദേശത്ത് ഗ്രാമപഞ്ചായത്തിന്റെ പരിപാലനത്തിലുള്ള 20 സെന്റ് സ്ഥലം നാട്ടരങ്ങ് പദ്ധതിക്കായി വിട്ടുകിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കലാഭവൻമണി സ്മാരക നിർമ്മാണം

2021 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കലാഭവൻ മണി സ്മാരക നിർമ്മാണം നാളിതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(ബി) സ്മാരക നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

## വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയം

2022 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയ നിർമാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ ;

(ബി) വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയ നിർമാണത്തിനായി വാസ്തുവിദ്യാ ഗുരുകുലം, കേരള ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഏജൻസികളെ സമുച്ചയ നിർമാണത്തിനായി ചുമതലപ്പെടുത്തിയത് കാരണം സാംസ്കാരിക സമുച്ചയത്തിന്റെ നിർമാണം വൈകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കുമോ;

(ഡി) വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയ നിർമാണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള ഗാന്ധി ശ്രീ. കെ. കേളപ്പജിയുടെ സ്മാരക നിർമ്മാണം

2023 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മുചുകുന്നിൽ ശ്രീ. കെ. കേളപ്പജിയുടെ സ്മാരകം പണിയുന്നതിന് 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ 1.5 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാംസ്കാരിക വകുപ്പ് ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടാൻ കാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പദ്ധതി ആരംഭിക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ

2024 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാംസ്കാരിക വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികൾക്ക് എത്ര തുക അനുവദിച്ചുവെന്നും ആയതിൽ എത്ര തുക ചെലവായെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

## മട്ടന്നൂർ മണ്ഡലത്തിലെ ഡിഫറന്റ് ആർട്സ് സെന്റർ ആൻഡ് കൾച്ചറൽ കോംപ്ലക്സിന്റെ നിർമ്മാണം

2025 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ നിർമ്മാണ ഏജൻസിയായി ചുമതലപ്പെടുത്തിയ മട്ടന്നൂർ മണ്ഡലത്തിലെ ഡിഫറന്റ് ആർട്സ് സെന്റർ ആൻഡ് കൾച്ചറൽ കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**വൈക്കം നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന തീയേറ്റർ സമുച്ചയത്തിന്റെ പുരോഗതി**

2026 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കത്ത് നിർമ്മാണം പുരോഗമിച്ച് വരുന്ന തീയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) തീയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) നിർമ്മാണം പൂർത്തീകരിച്ച് എന്നത്തേക്ക് തീയേറ്റർ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**കായംകുളം മണ്ഡലത്തിൽ മൾട്ടിപ്ലക്സ് തീയേറ്റർ**

2027 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കിഫ്ബി മുഖേന നിർമ്മിക്കുന്ന മൾട്ടിപ്ലക്സ് തീയേറ്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നടക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**പേരാമ്പ്ര മൾട്ടിപ്ലക്സ് തീയേറ്റർ**

2028 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പേരാമ്പ്രയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മൾട്ടിപ്ലക്സ് തീയേറ്ററിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തീയേറ്റർ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിരുന്നോയെന്നും എങ്കിൽ എന്നാണ് ഭരണാനുമതി നൽകിയതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത തിയേറ്റർ നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്ത് കൊണ്ടാണെന്നും നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്നും വ്യക്തമാക്കാമോ?

**ഐ. എഫ്. എഫ്. കെ. നിലമ്പൂർ റീജിയണൽ ഫിലിം ഫെസ്റ്റിവൽ.**

2029 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര അക്കാദമിയുടെ ആഭിമുഖ്യത്തിൽ 2014, 2015, 2016 വർഷങ്ങളിലായി നിലമ്പൂരിൽ വിജയകരമായി സംഘടിപ്പിക്കപ്പെട്ട ഇന്റർനാഷണൽ റീജിയണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (ഐ. എഫ്. എഫ്. കെ.) എന്ന റീജിയണൽ

ഫിലിം ഫെസ്റ്റിവൽ 2017 മുതൽ ഉപേക്ഷിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) രണ്ടായിരത്തോളം പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന ഈ റീജിയണൽ ഫിലിം ഫെസ്റ്റിവൽ നിർത്തിവയ്ക്കാനുള്ള കാരണം വിശദീകരിക്കാമോ;

(സി) മലബാറിലെ ചലച്ചിത്രകലാസ്വാദകരെ ഏറെ ആകർഷിച്ചിരുന്ന ഈ റീജിയണൽ ഫിലിം ഫെസ്റ്റിവൽ നിലമ്പൂരിൽ തുടർന്ന് നടത്തുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**യുവജനക്ഷേമ ബോർഡും യുവജനകാര്യ വകുപ്പും നടപ്പിലാക്കിയ പദ്ധതികൾ**

2030 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉദുമ മണ്ഡലത്തിൽ യുവജനകാര്യ വകുപ്പും യുവജനക്ഷേമ ബോർഡും നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികൾക്ക് അനുവദിച്ച തുകയും പദ്ധതികളുടെ നിലവിലത്തെ സ്ഥിതിയും അറിയിക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവൃത്തികൾ**

2031 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഒറ്റപ്പാലം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടത്തിയിട്ടുള്ളതും ഇനി നടത്താനുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**വാമനപുരം മണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ**

2032 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദവിവരം നൽകാമോ?

**മൃഗസംരക്ഷണ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

2033 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മൃഗസംരക്ഷണ വകുപ്പുമുഖേന മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയതും അനുവദിച്ചതുമായ പദ്ധതികളുടെ വിശദവിവരം

ലഭ്യമാക്കുമോ?

**കൈപ്പമംഗലം മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ**

2034 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**മൃഗസംരക്ഷണ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

2035 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൃഗസംരക്ഷണ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ചങ്ങനാശ്ശേരിയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

2036 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക, ഉത്തരവുകളുടെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ?

**ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികളുടെ സ്ഥാനക്കയറ്റം**

2037 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2, ഗ്രേഡ് 1, എ.എഫ്.ഒ., എഫ്.ഒ. തുടങ്ങിയ തസ്തികകളിൽ അവസാന സ്ഥാനക്കയറ്റം നടന്നത് എന്നാണെന്നും എത്ര പേരുടെ സ്ഥാനക്കയറ്റം ആണ് നടന്നതെന്നുമുള്ള വിവരം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ ഗ്രേഡ് 2, ഗ്രേഡ് 1, എ.എഫ്.ഒ., എഫ്.ഒ. തസ്തികകളിൽ ഓരോന്നിലും സ്ഥാനക്കയറ്റം നടന്നതിനു ശേഷം നാളിതുവരെ സംസ്ഥാനത്ത് പ്രസ്തുത തസ്തികകളിൽ നിന്നും എത്ര ജീവനക്കാർ വിരമിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ നാളിതുവരെയുള്ള വിരമിക്കലിന് ആനുപാതികമായി സ്ഥാനക്കയറ്റം നൽകുന്നതിലൂടെ ഓരോ ജില്ലയിലും ഉണ്ടാവാൻ ഇടയുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകളിൽ വിരമിക്കൽ മൂലം ഉണ്ടായിട്ടുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകളിൽ സ്ഥാനക്കയറ്റം നടത്താൻ ഉള്ള നടപടി എടുത്തിട്ടുണ്ടോ; എങ്കിൽ സ്ഥാനക്കയറ്റം എന്ന് നടക്കുമെന്നും ഇതിലൂടെ ഉണ്ടാവുന്ന ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(എഫ്) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകളുടെ സ്ഥാനക്കയറ്റം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

## <u>തെരുവ് നായകളുടെ ആക്രമണം നിയന്ത്രിക്കുന്നതിന് നടപടി</u>

2038 **ശ്രീമതി സി. കെ. ആശ**
**ശ്രീ വി ശശി**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായകളുടെ ആക്രമണം വർദ്ധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവ് നായകളുടെ എണ്ണം കുറയ്ക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായി തെരുവ് നായകളുടെ വന്ധ്യംകരണത്തിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ തെരുവുനായകൾക്ക് പ്രത്യേകമായി വാക്സിനേഷൻ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) തെരുവ് നായകളുടെ വന്ധ്യംകരണത്തിനായി പോർട്ടബിൾ മൊബൈൽ എ. ബി. സി. (അനിമൽ ബർത്ത് കൺട്രോൾ) കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## <u>കായംകുളം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>

2039 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് വഴി 2016 മുതൽ നാളിതുവരെ നടത്തിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## <u>കോഴി വളർത്തൽ കേന്ദ്രങ്ങൾക്ക് ആഡംബര നികുതി</u>

2040 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടായിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണം ഉള്ള താൽക്കാലിക ഷെഡ്ഡുകളിൽ പ്രവർത്തിക്കുന്ന കോഴി വളർത്തൽ കേന്ദ്രങ്ങൾക്ക് ആഡംബര നികുതിയും തൊഴിൽ

സെസ്സും ഈടാക്കുന്നതായുള്ള വാർത്തകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഉൽപാദന ചെലവ് വർദ്ധിക്കുന്നതിലൂടെ ബുദ്ധിമുട്ടുന്ന കർഷകർക്ക്, ഉയർന്ന നികുതിഭാരവും ലേബർ സെസ്സും സൃഷ്ടിക്കുന്ന പ്രതിസന്ധി ഒഴിവാക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

**<u>കന്നുകാലികൾക്കും ക്ഷീര കർഷകർക്കും ഇൻഷുറൻസ് പദ്ധതി</u>**

2041 **ശ്രീ എം രാജഗോപാലൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എ. രാജ**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര കർഷകർക്കും കന്നുകാലികൾക്കും സമഗ്രമായ പ്രത്യേക ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഉരുക്കളുടെ മരണം, ഉല്പാദന-പ്രത്യുല്പാദനക്ഷമതാ നഷ്ടം എന്നിവയ്ക്ക് പ്രസ്തുത പദ്ധതി പരിരക്ഷ നൽകുന്നുണ്ടോ; പദ്ധതിക്ക് പ്രത്യേക കാലയളവ് നിർദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇൻഷുറൻസ് പ്രീമിയം തുകയ്ക്ക് സബ്സിഡി നൽകുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്തതും മറ്റ് സ്രോതസ്സുകളിൽ നിന്ന് സഹായം ലഭിക്കാത്തതുമായ ക്ഷീര കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നിലവിൽ പദ്ധതികളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>കൊടകര ബ്ലോക്കിൽ വെറ്ററിനറി യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി</u>**

2042 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകര ബ്ലോക്ക് പഞ്ചായത്തിൽ 24 മണിക്കൂറും പ്രവർത്തനസജ്ജമായ വെറ്ററിനറി യൂണിറ്റ് അനുവദിക്കുന്നതിനും മൊബൈൽ എ. ബി. സി. (അനിമൽ ബർത്ത് കൺട്രോൾ) യൂണിറ്റ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ജില്ലയിൽ അനുവദിച്ചിട്ടുള്ള സർജറി യൂണിറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എല്ലാ ബ്ലോക്കുകളിലും നിശ്ചിത ഇടവേളകളിൽ സർജറി സേവനം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കണ്ണൂർ ജില്ലയിലെ കണ്ണവം വനമേഖലയിൽ ഉണ്ടായ ഉരുൾപൊട്ടലും വെള്ളപ്പൊക്കവും</u>**

2043 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണവം വനമേഖലയിൽ ഉണ്ടായ ഉരുൾപൊട്ടലും വെള്ളപ്പൊക്കവും കാരണം കന്നുകാലികൾ ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**മൃഗസംരക്ഷണ വകുപ്പിന് കീഴിൽ അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

2044 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ വകുപ്പിന് കീഴിൽ അരുവിക്കര മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ പേര്, ഫണ്ട് വിവരം, അവയുടെ നിലവിലെ സ്ഥിതി തുടങ്ങിയ വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

**പാറാശാല ആട്ടുവളർത്തൽ കേന്ദ്രത്തെ 'സെന്റർ ഓഫ് എക്സലൻസ്' ആക്കി ഉയർത്തുന്നതിനുള്ള നടപടി**

2045 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല ആട്ടുവളർത്തൽ കേന്ദ്രത്തെ 'സെന്റർ ഓഫ് എക്സലൻസ്' ആക്കി ഉയർത്തുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾ എന്തൊക്കെയാണെന്നും അതിലേക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ അടുത്ത ഘട്ടത്തിലെ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**മങ്കട മണ്ഡലത്തിലെ ക്ഷീര ഗ്രാമം പദ്ധതി**

2046 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മങ്കട മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**മലപ്പുറം മണ്ഡലത്തിലെ ക്ഷീര ഗ്രാമം പദ്ധതി**

2047 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര ഗ്രാമം പദ്ധതി മലപ്പുറം മണ്ഡലത്തിൽ എവിടെയെല്ലാമാണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ ഇതുവരെ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ പ്രസ്തുത മണ്ഡലത്തിലെ ക്ഷീര കർഷകർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് ഓരോ പഞ്ചായത്തുകളും തിരിച്ച് വിശദമാക്കാമോ;

(ഡി) ക്ഷീര കർഷകരുടെ ക്ഷേമത്തിനായുള്ള എന്തെല്ലാം പുതിയ പദ്ധതികളാണ് മണ്ഡലത്തിൽ നടപ്പാക്കുന്നത്; വിശദമാക്കാമോ?

## <u>ക്ഷീര കർഷരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ</u>

2048 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരകർഷരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കാലിത്തീറ്റ വിലവർദ്ധനവ്, പാൽവിലക്കുറവ്, കാലാവസ്ഥ വ്യതിയാനം തുടങ്ങിയ ഒട്ടനവധി കാരണങ്ങളാൽ ക്ഷീരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് സംസ്ഥാനത്തെ പാൽ ഉല്പാദനം സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## <u>സംസ്ഥാനത്ത് ആകെ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ്</u>

2049 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ ആവശ്യകതയുടെ എത്ര ശതമാനം പാൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്നും എത്ര ശതമാനം പാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ 10 വർഷത്തിനിടയിൽ പാലിന്റെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വീതം വർദ്ധിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനം പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശവും ആയത് എപ്പോൾ പൂർത്തീകരിച്ച് സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

## <u>ക്ഷീരമേഖല ശക്തിപ്പെടുത്താൻ നടപടി</u>

2050 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ പാൽ ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ക്ഷീരമേഖല ശക്തിപ്പെടുത്താനും ക്ഷീരമേഖലയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ക്ഷീര കർഷകർക്ക് ആവശ്യമായ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## മിൽമ മേഖല യൂണിയനുകളിലെ നിയമനങ്ങൾ

2051 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ മേഖല യൂണിയനുകളിലെ നിയമനങ്ങളിൽ ക്ഷീര കർഷകരുടെ ആശ്രിതർക്ക് സംവരണം നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ക്ഷീര കർഷകരുടെ പ്രസ്ഥാനമായ മേഖല യൂണിയനുകളിലെ നിയമനങ്ങളിൽ നിലവിൽ ക്ഷീര സംഘം ജീവനക്കാർക്ക് സംവരണം ഉണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം എന്ന് വ്യക്തമാക്കാമോ;

(സി) ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ പത്ത് വർഷത്തിലേറെ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കാലിത്തീറ്റയുടെ വില

2052 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ വില ഉയരുന്നതിനാൽ ക്ഷീരകർഷകർ കടുത്ത പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2016 മുതൽ നാളിതുവരെ ഓരോ വർഷവും കാലിത്തീറ്റയുടെ വിലയിലുണ്ടായ വ്യതിയാനം വർഷം തിരിച്ച് ലഭ്യമാക്കുമോ; കാലിത്തീറ്റയുടെ വില നിയന്ത്രണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ പാൽ വിലയുടെ എത്ര ശതമാനമാണ് കർഷകർക്ക് ലഭിക്കുന്നത്; ക്ഷീരകർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി പാൽ വിലയിൽ നിന്നുള്ള കർഷക വിഹിതം ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കേരള മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ മാർക്കറ്റിംഗ് കൺസൾട്ടന്റ് തസ്തിക

2053 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിൽ മാർക്കറ്റിംഗ് കൺസൾട്ടന്റ് തസ്തികയിലെ നിയമനം സംബന്ധിച്ച് പരാതികൾ എന്തെങ്കിലും

ലഭിച്ചിട്ടുണ്ടോ; അതിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണ റിപ്പോർട്ടും വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ താൽക്കാലിക നിയമനം ലഭിക്കുന്നവർക്ക് വിമാനയാത്ര ആനുകൂല്യം അനുവദിക്കുന്നുണ്ടോ; വിമാനയാത്ര നടത്തിയ വകയിൽ ജീവനക്കാർക്കായി ചെലവഴിച്ച തുകയുടെ വിശദാംശം അവരുടെ തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ പി. എസ്. സി. വഴി നിയമനം നടത്തേണ്ട തസ്തികകളിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും അവയിൽ എത്രയെണ്ണം പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## <u>കാസറഗോഡ് ജില്ലയിലെ ക്ഷീരസംഘങ്ങൾ</u>

2054 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റ് നൽകാറുണ്ടോ; വ്യക്തമാക്കാമോ;

(ബി) കാസറഗോഡ് ജില്ലയിൽ എത്ര ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ക്ഷീരസംഘങ്ങൾ വഴിയല്ലാതെ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെ പാൽസംഭരണം നടക്കുന്നുണ്ടോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
21-09-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].